بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ　نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ　وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 4

ലക്കം 15

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 ഏപ്രിൽ 11/ഹി:ശം:1398 ശഹാദത്ത് 11/ഹി:ഖ:1440 ശഅ്ബാൻ 05


## അല്ലാഹുവിന്റെ വചനം

اِنَّ مَثَلَ عِیۡسٰی عِنۡدَ اللّٰہِ کَمَثَلِ اٰدَمَ ؕ خَلَقَہٗ مِنۡ تُرَابٍ ثُمَّ قَالَ لَہٗ کُنۡ فَیَکُوۡنُ ○

(آل عمران:60)

“അല്ലാഹുവിന്റെ അടുക്കൽ ഈസായുടെ സ്ഥിതി ആദമിന്റെ സ്ഥിതിപോലെ തന്നെയാണ്. അദ്ദേഹത്തെ അവൻ മണ്ണിൽനിന്ന് സൃഷ്ടിച്ചു. പിന്നെ അദ്ദേഹത്തോടു ഉണ്ടാകുക എന്നു പറഞ്ഞു, അപ്പോൾ അദ്ദേഹം ഉണ്ടായിത്തീർന്നു.”(3:60)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**മുത്തഖിയുടെ മഹിമാവിലാസത്തെ കുറിച്ച് പറഞ്ഞു:**
***വ യുഖീമൂനസ്സ്വലാത്ത* : അവൻ നമസ്കാരം നിലനിറുത്തുന്നു.**
**അവൻ അല്ലാഹു അക്ബർ എന്നു പറയുമ്പോൾ ദുർബോധനങ്ങളുടെ ഒരു കൂമ്പാരം അവന്റെ മനഃസാന്നിദ്ധ്യത്തിൽ വിള്ളലുണ്ടാക്കുന്നു.**
**അത് അവനെ എവിടെയൊക്കെയോ കൊണ്ടെത്തിക്കുന്നു. അവൻ പ്രയാസപ്പെടുന്നു.**
**ആവർത്തിച്ച് *ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തഈൻ* പറഞ്ഞ് നമസ്കാരം നിലനിറുത്താൻ ദുആ ചെയ്യുന്നു.**
**ഈ യുദ്ധമാണ് നമസ്കാരത്തിൽ ആത്മാവിനോടു ചെയ്യേണ്ടിവരുന്നത്.**
**ഇതുതന്നെയാണ് പ്രതിഫലം ക്രമീകരിക്കപ്പെടുന്നതും.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ഞാൻ വിവരിച്ചുവന്നതുപോലെ ‘തഖ്‌വാ’(ദൈവഭക്തി) ഒരു പരിധിവരെ പ്രദർശനപരത ആഗ്രഹിക്കുന്നുണ്ട്. അതുകൊണ്ടാണ് പറഞ്ഞത് *ഹുദല്ലിൽമുത്തഖീനല്ലദീന യുഅ്മിനൂന ബിൽഗയ്ബി* (2:3–4). ഇതിൽ ഒരു പ്രദർശനപരതയുണ്ട്. നേരിട്ടുകാണുന്നതിനെതിരിൽ അദൃശ്യകാര്യത്തിൽ വിശ്വസിക്കുക എന്നത് ഒരുതരത്തിലുള്ള പ്രദർശനപരത ആഗ്രഹിക്കുന്നു. അതിനാൽ മുത്തഖിയ്ക്ക് ഒരു പരിധിവരെ പ്രദർശനപരതയുണ്ട്. എന്തുകൊണ്ടെന്നാൽ സ്വാലിഹിന്റെ പദവി മുത്തഖി കരസ്ഥമാക്കുമ്പോൾ, അദൃശ്യം പിന്നെ അവന് അദൃശ്യമായിരിക്കുകയില്ല. കാരണം സ്വാലിഹിന്റെ ഉള്ളിൽനിന്ന് ഒരു നദി പുറപ്പെടുന്നു. അത് അവനിൽനിന്ന് ഉത്ഭവിച്ച് അല്ലാഹുവോളം എത്തുന്നു. അവൻ അല്ലാഹുവിനേയും അവന്റെ സ്നേഹത്തേയും സ്വന്തം കണ്ണുകൊണ്ട് കാണുന്നു. *മൻകാന ഫീ ഹാദിഹീ അഅ്മാ ഫഹുവ ഫിൽആഖിറത്തി അഅ്മാ*(17:73). ഇതിൽനിന്ന് പ്രകടമാകുന്നത് ഈ ലോകത്തുവച്ച് മനുഷ്യൻ പൂർണമായ വെളിച്ചം കരസ്ഥമാക്കാത്തിടത്തോളം അല്ലാഹുവിന്റെ മുഖം ഒരിക്കലും കാണുകയില്ലെന്നാണ്. അതുകൊണ്ട് മുത്തഖിയുടെ ജോലി, അവന്റെ ആത്മീയമായ നേതൃരോഗം സുഖപ്പെടുന്നതിനുവേണ്ടി എപ്പോഴും അതിനുള്ള സുർമ തയ്യാറാക്കിക്കൊണ്ടിരിക്കണം എന്നതാണ്. ഇതിൽ നിന്ന് മുത്തഖി തുടക്കത്തിൽ അന്ധനായിരിക്കുമെന്ന് വ്യക്തമാകുന്നു. വിവിധ ശ്രമങ്ങളും സംസ്കരണവും കൊണ്ടാണ് അവൻ ആ പ്രകാശം കരസ്ഥമാക്കുന്നത്. അതിനാൽ കാഴ്ചയുള്ളവനും സ്വാലിഹും ആയിത്തീരുമ്പോൾ പിന്നെ അദൃശ്യ വിശ്വാസം ഉണ്ടാകുകയില്ല. പ്രദർശനപരതയും അതോടെ അവസാനിക്കുന്നു. നബി(സ)തിരുമേനിയ്ക്ക് ഈ ലോകത്ത് സ്വർഗനരകങ്ങൾ തുടങ്ങിയ എല്ലാംതന്നെ നേരിട്ട് കാണിക്കപ്പെട്ടു. അതുവരെ മുത്തഖിയ്ക്ക് ഒരു അദൃശ്യ വിശ്വാസത്തിന്റെ നിറത്തിൽ വിശ്വസിക്കേണ്ടിവരുന്നു. നബി(സ)തിരുമേനി അതെല്ലാം നേരിൽകണ്ടു. ഈ ഖുർആനിക വചനം സൂചിപ്പിക്കുന്നത് മുത്തഖി അന്ധനാണെങ്കിലും പ്രദർശനപരതയുടെ ബുദ്ധിമുട്ടിലാണെങ്കിലും സ്വാലിഹ് ഒരു സമാധാനഗേഹത്തിൽ വന്നിരിക്കുന്നുവെന്നാണ്. അവന്റെ ആത്മാവ് ശാന്തിപ്രാപിച്ച ആത്മാവായിത്തീർന്നു. മുത്തഖി അദൃശ്യവിശ്വാസത്തിന്റെ അവസ്ഥ ഉൾക്കൊള്ളുന്നവനാണ്. അവൻ ഇരുട്ടുനിറഞ്ഞ വഴിയിലൂടെ നടക്കുന്നു. അവന് ഒരു വിവരവുമില്ല. എല്ലാ ഓരോ കാര്യത്തിലും അവന്റേത് അദൃശ്യവിശ്വാസമാണ്. ഇതാണ് അവന്റെ സത്യസന്ധത. ഈ സത്യസന്ധത യ്ക്കു സമാനമായി അവൻ വിജയം വരിക്കുമെന്നുള്ളത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. *ഉലാഇക്ക ഹുമുൽ മുഫ്‌ലിഹൂൻ*(2:4)

ഇതിനുശേഷം മുത്തഖിയുടെ മഹിമാവിലാസത്തെ കുറിച്ച് പറഞ്ഞു: *വ യുഖീമൂനസ്സ്വലാത്ത* (2:4)അവൻ നമസ്കാരം നിലനിറുത്തുന്നു. ഇവിടെ ‘നിലനിറുത്തുന്നു’എന്ന പദമാണ് പ്രയുക്തമായിട്ടുള്ളത്. ഇതു മുത്തഖിയുടെ പ്രത്യേകതയായ പ്രദർശനപരതയിലേക്കുള്ള സൂചനയാണ്. അതായത് അവൻ നമസ്കാരം തുടങ്ങുമ്പോൾ പലതരത്തിലുള്ള ദുർബോധനങ്ങളുമായി പോരാട്ടമുണ്ടാകുന്നു. ഇക്കാരണത്താൽ അവന്റെ നമസ്കാരം വീണുപൊയ്കൊണ്ടിരിക്കുന്നു. അതിനെ അവൻ എഴുന്നേല്പിച്ച് നിറുത്തേണ്ടതാണ്. അവൻ *അല്ലാഹു അക്ബർ* എന്നു പറയുമ്പോൾ ദുർബോധനങ്ങളുടെ ഒരു കൂമ്പാരം അവന്റെ മനഃസാന്നിദ്ധ്യത്തിൽ വിള്ളലുണ്ടാക്കുന്നു. അത് അവനെ എവിടെയൊക്കെയോ കൊണ്ടെത്തിക്കുന്നു. അവൻ പ്രയാസപ്പെടുന്നു. അങ്ങനെ മനഃസാന്നിധ്യത്തിന് പോരാടി എപ്പോഴും മരിക്കുന്നു. എങ്കിലും അവന് വീണുകിടക്കുന്ന നമസ്കാരത്തെ എഴുന്നേല്പിച്ചു നിറുത്തണമെന്ന ചിന്തയായിരിക്കും. ആവർത്തിച്ച് *ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തഈൻ* പറഞ്ഞ് നമസ്കാരം നിലനിറുത്താൻ ദുആ ചെയ്യുന്നു. അതുപോലെതന്നെ അസ്സിറാത്തൽ മുസ്തഖീമിന്റെ ഹിദായത്ത് ആഗ്രഹിക്കുന്നു;അതുമുഖേന തന്റെ നമസ്കാരം എഴുന്നേറ്റു നിൽക്കാൻ. ഈ ദുർബോധനങ്ങൾക്കെതിരിൽ മുത്തഖി അല്ലാഹുവിന്റെ മുമ്പിൽ കുട്ടിയെപോലെ വാവിട്ട് നിലവിളിക്കുന്നു; കരയുന്നു. *അഖ്‌ലദ ഇലൽ അർളി*(7:177)ഭൂമിയിലേക്ക് ചാഞ്ഞുപോകുന്നുവെന്ന് പറയുന്നു. ഈ യുദ്ധമാണ് നമസ്കാരത്തിൽ ആത്മാവിനോടു ചെയ്യേണ്ടിവരുന്നത്. ഇതുതന്നെയാണ് പ്രതിഫലം ക്രമീകരിക്കപ്പെടുന്നതും.

നമസ്കാരത്തിൽ ദുർബോധനങ്ങൾ ക്ഷണത്തിൽ അകലണമെന്നാഗ്രഹിക്കുന്ന ചിലയാളുകളുണ്ട്. വാസ്തവത്തിൽ *വ യുഖീമൂനസ്സ്വലാത്ത* എന്നതിന്റെ താൽപര്യം മറ്റൊന്നാണ്. അത് അല്ലാഹു അറിയില്ലെന്നാണോ? ശേയ്ഖ് അബ്ദുൽ ഖാദിർ ജീലാനി(റഹ്) പറഞ്ഞ ഒരു കാര്യമുണ്ട്. മുജാഹദാത്ത് (കഠിനമായ പോരാട്ടം)നിലനില്ക്കുവോളമാണ് പ്രതിഫലം. മുജാഹദാത്ത് അവസാനിക്കുന്നതോടെ പ്രതിഫലവും ഇല്ലാതാകുന്നു. ദുർബോധനങ്ങളോടു കഠിനമായി പോരാടുന്നതുവരെയാണ് നോമ്പും നമസ്കാരവും എന്ന കർമങ്ങൾ. പക്ഷേ, അവയിൽ ഒരു ഉന്നത ദർജ പ്രാപിച്ചുകഴിഞ്ഞാൽ തഖ്‌വായുടെ പ്രദർശനപരതയിൽനിന്ന് നോമ്പുപിടിക്കുന്നവനും നമസ്കരിക്കുന്നവനും രക്ഷപ്പെട്ട് സ്വലാഹിയ്യത്തിന്റെ വർണം പിടിക്കുന്നതോടെ നോമ്പും നമസ്കാരവും കർമങ്ങളായി നിൽക്കുകയില്ല. അപ്പോൾ നമസ്കാരം മാപ്പാക്കപ്പെടുമോ എന്ന് സ്വയം ചോദിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: ‘പ്രദർശനപരതയോടെ കർമങ്ങൾ ചെയ്തതുവരെയാണല്ലോ പ്രതിഫലമുണ്ടായിരുന്നത്. എന്നാൽ, ഇപ്പോൾ നമസ്കാരം ഒരു കർമമല്ല, ഉപഹാരമായി മാറിയിരിക്കുന്നു. നമസ്കാരം ഇപ്പോൾ അവന് ഭക്ഷണമാണ്. അത് അവന് കൺകുളിർമയാണ്. രൊക്കം കിട്ടുന്ന സ്വർഗമാണത്.

കഠിനമായ പോരാട്ടത്തിൽ എതിരിടുന്നവർ ഗുസ്തി പിടിച്ചുകൊണ്ടിരിക്കുകയാണ്. ഇവരാണെങ്കിൽ മോക്ഷം പ്രാപിച്ചു കഴിഞ്ഞു. ഇതിന്റെ

(ശേഷം പേജ് 8ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# വിശുദ്ധഖുർആൻ:- സമഗ്രമായി സംരക്ഷിക്കപ്പെട്ടതാണോ?

**ഫർഹാൻ ഇഖ്ബാൽ, കനഡ**
**വിവർത്തനം:കെ. വി. ഹസ്സൻകോയ, കോഴിക്കോട്**

(ഇമാം ഫർഹാൻ ഇഖ്ബാൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലെ ഒരു മുബല്ലിഗാണ്. ഇസ്‌ലാമിക ദൈവശാസ്ത്രത്തിലും മതതാരതമ്യപഠനത്തിലും ജൂലൈ 2010ൽ ജാമിഅ അഹ്മദിയ്യാ, കനഡ (അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലെ മുബല്ലിഗുമാർക്കുള്ള മതപരിശീലന പാഠശാല)യിൽനിന്ന് ബിരുദം നേടിയിട്ടുണ്ട്. കനഡയിലെ വാഗനിലെ ബയ്ത്തുൽ ഇസ്‌ലാം മസ്ജിദിൽ ഇമാമായി 5 വർഷം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ അദ്ദേഹം കനഡയിലെ ഒട്ടാവയിലെ ബയ്ത്തുന്നസ്വീർ മസ്ജിദിൽ ഇമാമായി സേവനമനുഷ്ഠിക്കുന്നു. ഇമാം ഫർഹാൻ ജമാഅത്തിനെ പ്രതിനിധാനം ചെയ്ത് പലനിലയിലും മത പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്. മതപരമായ കാര്യങ്ങളെക്കുറിച്ചുള്ള റേഡിയോ പ്രോഗ്രാമുകളിലും പങ്കെടുക്കുകയും ദി കൺവിക്ഷൻ പ്രോജക്റ്റിൽ സഹാതിഥേയനായിട്ടുമുണ്ട്. മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ ചാനലിൽ ലൈവ് റെക്കോർഡ് ചെയ്ത പല പരിപാടികളും നടത്തിയിട്ടുണ്ട്. രണ്ട് ഗ്രന്ഥങ്ങളുടെ സഹഗ്രന്ഥകർത്താവാണ്. അവ ഇവയാണ്: 1. With Love to Muhammad(sa), The seal of the Prophets and understanding of Islam. 2. Dispatching Myths about Jihad, Oppression and Violence in Islam)

(കഴിഞ്ഞ ലക്കം തുടർച്ച...) അബൂ ശമാ പറയുന്നു: "നബി(സ)തിരുമേനിയുടെ സാന്നിധ്യത്തിൽ എഴുതപ്പെട്ട അതേ വാക്കുകളിൽത്തന്നെയാണ് വിശുദ്ധഖുർആൻ എഴുതിയെടുക്കപ്പെട്ടത്. അല്ലാതെ വെറും ഓർമയുടെ അടിസ്ഥാനത്തിലല്ല, എന്നതായിരുന്നു അവരുടെ ഉദ്ദേശ്യം എന്നാണ്.

എണ്ണമറ്റ ഈ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റഹ്) എഴുതുന്നു: വിശുദ്ധഖുർആന്റെ ഓരോ സൂക്തത്തിനും ആ സൂക്തത്തിന്റെ മനഃപാഠവും എഴുത്തുരൂപവും ഹദ്റത്ത് അബൂബക്കർ(റ) ക്രോഡീകരിച്ച ഒരൊറ്റ വാല്യത്തിൽ ചേർക്കുന്നതിന് മുമ്പേ ചോദിക്കപ്പെട്ടിരുന്നു. കൂടാതെ, വിശുദ്ധഖുർആന്റെ മിക്ക സൂക്തങ്ങൾക്കും അവർ പറഞ്ഞിരുന്നത് തങ്ങൾ ആ സൂക്തം പഠിച്ചത് നബി(സ) തിരുമേനിയിൽനിന്ന് നേരിട്ടാണെന്നായിരുന്നു. ചില സൂക്തങ്ങൾക്ക് ആയിരക്കണക്കിന് സാക്ഷികൾ ഉണ്ടായിരുന്നു. അന്തിമമായ ഈ വാല്യം ഉണ്ടായത് സ്മരണീയമായ ഉദ്യമം മുഖേനയായിരുന്നു. അത് 'മുസ്ഹഫ് ഉമ്മ' (മാസ്റ്റർ കോപ്പി) എന്നു വിളിക്കപ്പെടുന്നു. വിശുദ്ധഖുർആന്റെ ഈ കൈയെഴുത്തു കോപ്പിയുടെ കൃത്യതയിൽ ഒരു സ്വഹാബിയും ആക്ഷേപം പറഞ്ഞിരുന്നില്ല.

### വിശുദ്ധഖുർആന്റെ ക്രമീകൃതമായ കോപ്പി

മുഹമ്മദുനബി(സ)യുടെ മൂന്നാം ഖലീഫയായിരുന്ന ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ കാലത്ത് 'മുസ്ഹഫ് ഉമ്മി'ന്റെ കോപ്പികൾ ഉണ്ടാക്കുകയും വ്യത്യസ്തമായ മുസ്‌ലിംരാജ്യങ്ങളിൽ വിതരണം ചെയ്യുകയും ചെയ്തു. ഇത് വിശുദ്ധഖുർആന്റെ ക്രമീകൃതമായ ഔദ്യോഗിക പ്രതികളായിരുന്നു. വ്യത്യ സ്ത ഗോത്രങ്ങൾ വ്യതിരിക്തമായ രീതിയിൽ ഖുർആൻ വാക്കുകൾ ഉച്ചരിക്കുന്നുവെന്ന് അദ്ദേഹത്തിന് ആക്ഷേപങ്ങൾ കിട്ടിയതുകൊണ്ടായിരുന്നു ഇങ്ങനെ ചെയ്തത്. അതിനാൽ ഹദ്റത്ത് ഉഥ്മാൻ(റ) സ്വരാക്ഷരങ്ങളിൽപോലും ഉച്ചാരണത്തിലുള്ള ഈ മാറ്റങ്ങളെല്ലാം വിലക്കുകയും പ്രമാണമായി കോപ്പി അയക്കുകയും പ്രമാണപരമായ വഴിയിൽ പാരായണം ചെയ്യാൻ നിർദേശിക്കുകയും ചെയ്തു. വാക്കുകളുടെ ഈ പ്രമാണപരമായ ഉച്ചാരണം അഥവാ പാരായണം നബി(സ)തിരുമേനിയുടെ അല്ലെങ്കിൽ മക്കയിലെ ഖുറയ്ശികളുടെ ദേശഭാഷാപ്രകാരമായിരുന്നു. ഇതിന് അറബിഭാഷയിൽ 'ഖിറാഅ്' എന്നു പറയുന്നു. ഇംഗ്ലീഷ് സംസാരിക്കുന്നവർക്ക് ഖിറാഅത്ത് (ഖിറാഹിന്റെ ബഹുവചനം) മനസ്സിലാക്കാനുള്ള ഏറ്റവും അടുത്ത സാദൃശ്യം അമേരിക്കൻ ഇംഗ്ലീഷും ബ്രിട്ടീഷ് ഇംഗ്ലീഷും തമ്മിൽ ഉച്ചാരണത്തിലുള്ള വ്യത്യാസത്തെ വിഭിന്നമായ ഒരു ഭാഷയായതിനാൽ (ഇംഗ്ലീഷുമായി താരതമ്യം ചെയ്യുമ്പോൾ) ഭാഷയിലുള്ള ഈ വ്യത്യാസം അറബി സംസാരിക്കുന്നവർക്കിടയിൽ കൂടുതൽ അഗാധവും വ്യതിരിക്തവുമാണ്.

അതുകൊണ്ട് ഹദ്റത്ത് ഉഥ്മാൻ(റ) ഉച്ചാരണത്തിലുള്ള വ്യത്യാസങ്ങളുടെ വെല്ലുവിളിയോടു പ്രതികരിച്ചത് വിശുദ്ധഖുർആന്റെ എഴുതിയ കോപ്പിയും അതോടൊപ്പം പാരായണരീതി ക്രമീകരിച്ചുമായിരുന്നു. കൂടുതൽ മുൻകരുതലിനുവേണ്ടി മറ്റെല്ലാ എഴുതിയ കോപ്പികളും അഗ്നിക്കിരയാക്കാൻ അദ്ദേഹം കല്പിച്ചു. അത് പരിപൂർണ്ണമായതായിരുന്നുവെങ്കിലും അല്ലെങ്കിലും അവയിൽ എഴുതപ്പെട്ട ഖുർആൻ ഭാഗങ്ങളായാലും ശരി- 'മുസ്ഹഫ് ഉമ്മ്' ഒരു തയ്യാറാക്കാൻ ആദ്യമേ ബൃഹത്തായ ശ്രമം നടത്തിയിട്ടുള്ളതിനാൽ മറ്റു കൈയെഴുത്തുപ്രതികളോ ഏതെങ്കിലും രൂപത്തിലോ രീതിയിലോ ഉള്ളതോ സൂക്ഷിക്കേണ്ട ആവശ്യമില്ലായിരുന്നു. അങ്ങനെയുള്ള കൈയെഴുത്തുപ്രതികൾ അനുവദിക്കുന്നതിലുള്ള ഒരു ഭയമെന്തായിരുന്നുവെന്നാൽ ചില സ്വഹാബാക്കൾ(റ)വ്യക്തിപരമായ ചില കുറിപ്പുകൾ അവയിൽ പ്രത്യേകമായി കുറിച്ചിട്ടുണ്ടായിരുന്നു. പിന്നീടുള്ള ജനങ്ങളെ അത് ആശയക്കുഴപ്പത്തിലേക്ക് നയിച്ചിട്ടുണ്ടാവണം. ഏതാണ് ഖുർആന്റെ ഭാഗം അല്ലെങ്കിൽ ഏതാണ് അടിക്കുറിപ്പ് അല്ലെങ്കിൽ പാർശ്വക്കുറിപ്പ് എന്ന് അവർ അത്ഭുതപ്പെട്ടിട്ടുണ്ടായിരിക്കണം.

### ഹദ്റത്ത് അബ്ദുല്ലാ ബിൻ മസ്ഊദ്(റ)ന്റെ കൈയെഴുത്തുപ്രതി:

ഇസ്‌ലാമിന്റെ ചില വിമർശകർ ആക്ഷേപിക്കുന്നത് ഹദ്റത്ത് അബ്ദുല്ല ബിൻ മസ്ഊദ്(റ) സൂറഃഅൽഫാത്തിഹയും (ഖുർആനിലെ ആദ്യത്തെ അധ്യായം) മുഅവ്വിദതയ്നും (ഖുർആനിലെ അവസാനത്തെ രണ്ട് അധ്യായം) വിശുദ്ധഖുർആന്റെ മൂലഗ്രന്ഥത്തിന്റെ ഭാഗമാക്കിയിരുന്നില്ല എന്നാണ്. അങ്ങനെ അദ്ദേഹത്തിന്റെ സാങ്കല്പിക കൈയെഴുത്തുപ്രതി 114-നു പകരം 111 അധ്യായങ്ങളാകാൻ കാരണമായി. നമ്മൾ അതിനെ സാങ്കല്പികം എന്നു പറയുന്നതിന് കാരണം അദ്ദേഹം ഒരിക്കലുംതന്നെ ഔദ്യോഗികമായി 'മുസ്ഹഫ് ഉമ്മു'നെതിരിൽ ഒരു കൈയെഴുത്തുപ്രതി ഉണ്ടാക്കിയിരുന്നില്ല എന്നതിനാലാണ്. അദ്ദേഹം ഒരിക്കലും തന്റെ കൈയ്യെഴുത്തുപ്രതി മറ്റേതെങ്കിലും കൈയെഴുത്തുപ്രതിക്ക് പകരമായി തന്റേത് നിലവാരമുള്ളതാണെന്ന് പ്രഖ്യാപിക്കുകയോ ഔദ്യോഗികമായി വിളംബരപ്പെടുത്തുകയോ ചെയ്തിട്ടില്ല. ചില നിവേദനങ്ങൾ ഹദ്റത്ത് അബ്ദുല്ലാബിൻ മസ്ഊദിന്റെ(റ) ഈ അഭിപ്രായം സൂചിപ്പിക്കുന്നുണ്ടെന്നത് സത്യമാണ്. ഉദാഹരണമായി മുസ്നദ് അഹ്മദ് ബിൻ ഹമ്പലിൽ ഇങ്ങനെ നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

അബ്ദുർറഹ്മാൻ ബിൻ യസീദ് നിവേദനം ചെയ്യുന്നു. ഹദ്റത്ത് അബ്ദുല്ലാബിൻ മസ്ഊദ്(റ) തന്റെ കൈയെഴുത്തുപ്രതിയിൽനിന്ന് മുഅവ്വിദതയ്ൻ മായ്ക്കാറുണ്ടായിരുന്നു. എന്നിട്ട് ഇങ്ങനെ പറയുമായിരുന്നു. അവ അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ (വിശുദ്ധഖുർആൻ) നിന്നുള്ളതല്ല. ഒരു നിവേദകൻ ആമസ് നിവേദനം ചെയ്യുന്നു. സിർറിൽനിന്നും ആസിം നിവേദനം ചെയ്യുന്നതായി അദ്ദേഹം ഹദ്റത്ത് ഉമയ്യ്ബിൻ കഅ്ബിൽനിന്നും നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഞങ്ങൾ അവയെ (അതായത്, മുഅവ്വിദതയ്ൻ ) കുറിച്ച് നബി (സ)തിരുമേനിയോടു ചോദിച്ചു. അദ്ദേഹം പറഞ്ഞു. 'ഇങ്ങനെയാണ് ഞാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് ഞാൻ (ഇത് മറ്റുള്ളവർക്ക്) എത്തിക്കുന്നു.'

സമാനമായ ഒരു നിവേദനം സ്വഹീഹ് ബുഖാരിയിലുള്ളത് താഴെ കൊടുക്കുന്നു. സിർറ് ബിൻ ഹുബയ്ശ് നിവേദനം ചെയ്യുന്നു. "ഞാൻ ഉബയ് ബിൻ കഅ്ബി(റ)നോടു ചോദിച്ചു. ഓ, അബ്ദുൽമുൻദിർ! ( ശേഷം പേജ് 16ൽ)

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

## അല്ലാഹുവിന്റെ കലാം

***"അല്ലാഹുവല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലതന്നെ."(2:108)***

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ameer Ahmadiyya Jama-ath Koodali, Kerala.**

## കലാമുൽ ഇമാം:-

**'വ്യാപാരമോ ക്രയവിക്രയമോ സമ്പാദ്യമോ അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്ന് അവരെ തടയുകയില്ല' എന്ന് അല്ലാഹു പറഞ്ഞവരാണ് നിങ്ങളുടെ മാതൃക. (മൽഫൂദാത്ത്, വാല്യം 5, പേജ് 104)**

**ത്വാലിബെ ദുആ:**
**C. Shameem Ahmad**
**Ahmadiyya jama-ath Calicut, Kerala.**

# ഖുത്ബ ജുമുഅ

**“ആരാണോ അല്ലാഹുവിനുവേണ്ടി വിനയവും എളിമയും സ്വായത്തമാക്കുന്നത് അല്ലാഹു അവരുടെ ദർജകൾ ഉയർത്തുന്നു. ആരാണോ അഹങ്കരിക്കുന്നത് അല്ലാഹു അവനെ നിന്ദ്യനാക്കുന്നു.”**

**ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപങ്ങളായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബിമാർ**

ഹദ്റത്ത് ഖൗലി ബിൻ അബി ഖൗലി, ഹദ്റത്ത് റാഫിഅ് ബിൻ അൽമുഅല്ലാ, ഹദ്റത്ത് ദുശ്ശമാലയ്നി ഉമയ്ർ ബിൻ അബ്ദു അംറ്, ഹദ്റത്ത് റാഫിഅ് ബിൻ യസീദ്, ഹദ്റത്ത് ദക്വാൻ ബിൻ അബ്ദു ഖയ്സ്, ഹദ്റത്ത് ഖവ്വാത്ത് ബിൻ ജുബയ്ർ അൻസ്വാരി, ഹദ്റത്ത് റബീഅ ബിൻ അഖ്ഥം, ഹദ്റത്ത് രിഫാഅ ബിൻ അംറ് അൽജുഹനി, ഹദ്റത്ത് സയ്ദ് ബിൻ വദീഅ, ഹദ്റത്ത് രിബ്ഈ ബിൻ റാഫിഅ് അൻസ്വാരി, ഹദ്റത്ത് സയ്ദ് ബിൻ മുസയ്ൻ, ഹദ്റത്ത് ഇയാള് ബിൻ സുബയ്ർ, ഹദ്റത്ത് രിഫാആ ബിൻ അംറ് അൻസ്വാരി, ഹദ്റത്ത് സിയാദ് ബിൻ അംറ്, ഹദ്റത്ത് സാലിം ബിൻ ഉമയ്ർ ബിൻ ഥാബിത്, ഹദ്റത്ത് സുറാഖ ബിൻ കഅ്ബ്, ഹദ്റത്ത് സാഇബ് ബിൻ മള്ഊൻ, ഹദ്റത്ത് ആസ്വിം ബിൻ ഖയ്സ്, ഹദ്റത്ത് ത്വുഫയ്ൽ ബിൻ മാലിക് ബിൻ ഖൻസാഅ്, ഹദ്റത്ത് തുഫയ്ൽ ബിൻ നുഅ്മാൻ, ഹദ്റത്ത് ളഹാക് ബിൻ അബ്ദു അംറ്, ഹദ്റത്ത് ളഹാക് ബിൻ ഹാരിഥ, ഹദ്റത്ത് ഖല്ലാദ് ബിൻ സുവയ്ദ്, ഹദ്റത്ത് ഔസ് ബിൻ ഖൗലീ അൻസ്വാരി (റളിയല്ലാഹു അൻഹും വറളൂ അൻഹും) തുടങ്ങിയവരുടെ അനുഗൃഹീത ജീവചരിത്ര വിവരണം.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ 2018 മാർച്ച് 01/1398 തബ്‌ലീഗ് 01**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ബദ്‌രീ സ്വഹാബത്തിന്റെ സംഭവങ്ങളുടെ അല്ലെങ്കിൽ അവരുടെ ജീവിതങ്ങളുടെ പരമ്പര തുടർന്നുവരികയാണ്. ഇന്നും ഈ പരമ്പരയിൽ കുറച്ചു സ്വഹാബത്തിനെക്കുറിച്ച് പറയുന്നതാണ്.

**ഹദ്റത്ത് ഖൗലി ബിൻ അബി ഖൗലി(റ):** നബി(സ)തിരുമേനിയോടൊപ്പം ഹദ്റത്ത് ഖൗലി (റ) ബദ്ർ, ഉഹുദ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും പങ്കെടുത്തിരുന്നു. അബൂമഅ്ശറും മുഹമ്മദ് ബിൻ ഉമറും പറയുന്നു: ‘ഹദ്റത്ത് ഖൗലി തന്റെ മകനോടൊപ്പം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു.’ പക്ഷേ, അവരിരുവരും മകന്റെ പേര് പറഞ്ഞിട്ടില്ല. മുഹമ്മദ് ബിൻ ഇസ്ഹാഖ് പറയുന്നു: (ഇവരെല്ലാവരും ചരിത്രകാരന്മാരാണ്) ‘ഹദ്റത്ത് ഖൗലി തന്റെ സഹോദരൻ മാലിക് ബിൻ അബീ ഖൗലിയോടൊപ്പം ബദ്ർ യുദ്ധത്തിൽ പങ്കെടത്തിരുന്നു. ബദ്ർ യുദ്ധത്തിൽ ഹദ്റത്ത് ഖൗലിയും അദ്ദേഹത്തിന്റെ രണ്ടുസഹോരന്മാരായ ഹദ്റത്ത് ബിലാൽ ബിൻ അബീ ഖൗലിയും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബീ ഖൗലിയും പങ്കെടുത്തിരുന്നുവെന്നും ഒരു ഖൗൽ അനുസരിച്ച് പറയപ്പെടുന്നുണ്ട്.

ഹദ്റത്ത് ഖൗലി ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ വഫാത്തായി.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 299, ഖൗലി ബിൻ അബി ഖൗലി, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

**ഹദ്റത്ത് റാഫിഅ് ബിൻ അൽമുഅല്ലാ(റ):** ഹദ്റത്ത് റാഫിഅ് ബിൻ അൽമുഅല്ലായുടെ ബന്ധം ഖദ്റജ് ഗോത്രത്തിന്റെ ശാഖയായ ബനൂ ഹബീബുമായിട്ടാണ്. ഇദ്ദേഹത്തിന്റ മാതാവിന്റെ പേര് ഇദാം ബിൻത് ഔഫ് എന്നായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് റാഫിഅ്നേയും ഹദ്റത്ത് സ്വഫ്വാൻ ബിൻ ബയ്ളാഅ്നേയും സഹോദരന്മാരാക്കി. ഈ രണ്ട് സ്വഹാബിമാരും ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ചില നിവേദനങ്ങളനുസരിച്ച് രണ്ടുപേരും ബദ്ർ യുദ്ധത്തിൽ ശഹീദാക്കപ്പെട്ടു. ഹദ്റത്ത് സ്വഫ്വാൻ ബിൻ ബയ്ളാഅ് ബദ്ർ യുദ്ധത്തിൽ ശഹീദായിരുന്നില്ലെന്നും ഒരു രിവായത്തുണ്ട്,. ഹദ്റത്ത് റാഫിഉം അദ്ദേഹത്തിന്റെ സഹോദരൻ ബിലാൽ ബിൻ മുഅല്ലായും ബദ്ർ യുദ്ധത്തിൽ പങ്കെടുത്തുവെന്ന് മൂസാ ബിൻ ഉഖ്ബയുടെ രിവായത്തുമുണ്ട്. ഹദ്റത്ത് റാഫിഅ്നെ ഇക്രിമ ബിൻ അബൂജഹ്ൽ ബദ്ർ യുദ്ധത്തിൽ ശഹീദാക്കി.’ (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 450, റാഫിഅ് ബിൻ അൽമുഅല്ലാ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (അൽഇസ്തീആബ് വാള്യം 2, പേജ് 484–485, റാഫിഅ് ബിൻ അൽമുഅല്ലാ, പ്രസാധകർ ദാറുൽജീൽ ബേറൂത്ത് 1992)

**ഹദ്റത്ത് ദുശ്ശമാലയ്നി ഉമയ്ർ ബിൻ അബ്ദി അംറ്(റ):** ഇദ്ദേഹത്തിന്റെ യഥാർഥ പേര് ഉമയ്ർ എന്നായിരുന്നു. അബൂ മുഹമ്മദ് എന്നായിരുന്നു സംജ്ഞാനാമം. ഇബ്നുഹിശാം പറയന്നു: ഇദ്ദേഹത്തെ ദുശ്ശമാലയ്നി എന്ന് പറയാറുണ്ടായിരുന്നു. ഇത് ഇദ്ദേഹത്തിന്റെ പേരായിരുന്നില്ല. പ്രത്യുത ഒരു പദവിയായിരുന്നു. കാരണം അദ്ദേഹം ഇടതുകൈകൊണ്ട് കൂടുതൽ പണിയെടുക്കുമായിരുന്നു. ഇദ്ദേഹം തന്റെ രണ്ടുകൈകൊണ്ടും ഒരുപോലെ പണിയെടുക്കുമായിരുന്നുവെന്നും നിവേദനത്തിൽ വന്നിട്ടുണ്ട്. അതുകൊണ്ട് ഇദ്ദേഹത്തെ ദുൽയദയ്ൻ എന്നും പറയാറുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ ബന്ധം ഖുസാആ ഗോത്രവുമായിട്ടായാരുന്നു. ഇദ്ദേഹം ബനൂസുഹ്റായുടെ സഖ്യകക്ഷിയായിരുന്നു. ഹദ്റത്ത് ഉമയ്ർ(റ)മക്കയിൽനിന്ന് ഹിജ്റത്ത് ചെയ്ത് മദീനയിൽ വന്നപ്പോൾ ഹദ്റത്ത് സഅ്ദ് ബിൻ ഖയ്ഥമയുടെ വീട്ടിലാണ് താമസിച്ചിരുന്നത്. നബി (സ)തിരുമേനി ഇദ്ദേഹത്തേയും ഹദ്റത്ത് യസീദ് ബിൻ ഹാരിഥയേയും സഹോദരന്മാരാക്കി. ഇവരിരുവരും ബദ്ർ യുദ്ധത്തിൽ ശഹീദായിരുന്നു. പറഞ്ഞതുപോലെ ഇദ്ദേഹം ബദ്ർ യുദ്ധത്തിൽ ശഹീദായി. ഇദ്ദേഹത്തെ ഉസാമ ജുശമിയാണ് ശഹീദാക്കിയത്. ശഹാദത്ത് സമയത്ത് ഇദ്ദേഹത്തിന് 30 വയസ്സിലേറെ പ്രായമുണ്ടായിരുന്നു. ത്വബക്കാത്തുൽ കുബ്റായിൽ ഇദ്ദേഹത്തെ വധിച്ചയാളുടെപേര് അബൂ ഉസാമ ജുശമി എന്നു പറഞ്ഞിരിക്കുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 124–125, ദുൽയദയ്ൻ വ യുഖാലു ദുശ്ശമാലയ്ൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).(സീറത്ത് ഇബ്നു ഹിശാം, പേജ് 327, ബാബു മൻ ഹളറ ബദ്റൻ മിൻ ബനീ സുഹ്റത്തി വ ഖുലഫാഇഹിം, പ്രസാധകർ ദാറു ഇബ്നു ഹസം ബേറൂത്ത് 2009).(ഉസുദുൽ ഗാബ, വാള്യം 2, പേജ് 217, ദുശ്ശമാലയ്ൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

**ഹദ്റത്ത് റാഫിഅ് ബിൻ യസീദ്(റ):** ഇദ്ദേഹത്തിന്റെ പേര് ഒരു നിവേദനത്തിൽ ഹദ്റത്ത് റാഫിഅ് ബിൻ സയ്ദ് എന്നും വിവരിക്കപ്പെട്ടിട്ടുണ്ട്. ഹദ്റത്ത് റാഫിഅ് ബിൻ യസീദിന്റെ ബന്ധം അൻസ്വാർ ഗോത്രമായ ഔസിന്റെ ശാഖ ബനൂ സഉവുറ ബിൻ അബ്ദിൽ അശ്ഹലുമായിട്ടായിരുന്നു. ഹദ്റത്ത് റാഫിഇന്റെ മാതാവ് അഖ്റബ് ബിൻത് മുആദ് പ്രശസ്ത സ്വഹാബിയായ ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റെ സഹോദരിയായിരുന്നു. ഉസയ്ദും അബ്ദുർറഹ്മാനും ഹദ്റത്ത് റാഫിഇന്റെ രണ്ട് മക്കളായിരുന്നു. ഇവർ രണ്ടുപേരുടേയും മാതാവിന്റെ പേര് അഖ്റബ ബിൻത് സലാമ എന്നായിരുന്നു. ഹദ്റത്ത് റാഫിഅ് ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഒരു നിവേദനമനുസരിച്ച് അദ്ദേഹം ബദ്ർ യുദ്ധ ദിവസം സഊദ് ബിൻ സയ്ദിന്റെ ഒട്ടകപ്പുറത്തായിരുന്നു യാത്ര ചെയ്തിരുന്നത്. അദ്ദേഹം ഉഹുദ് യുദ്ധത്തിൽ ശഹീദായി. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 337, റാഫിഅ് ബിൻ യസീദ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).(ഉസുദുൽ ഗാബ, വാള്യം 2, പേജ് 235, റാഫിഅ് ബിൻ യസീദ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

**ഹദ്റത്ത് ദക്വാൻ ബിൻ അബ്ദു ഖയ്സ്:** ഇദ്ദേഹത്തിന്റെ സംജ്ഞാനാമം അബുസ്സബുഅ് എന്നായിരുന്നു. അൻസ്വാർ ഗോത്രമായ ഖസ്റജിന്റെ ശാഖ ബനൂ സുറയ്ഖുമായിട്ടായിരുന്നു ഹദ്റത്ത് ദക്വാന്റെ ബന്ധം. ഇദ്ദേഹം ഒന്നാം അഖബ ബയ്അത്തിലും രണ്ടാം അഖബ ബയ്അത്തിലും പങ്കെടുത്തിരുന്നു. ഇദ്ദേഹത്തിന്റെ പരാമർശ യോഗ്യമായ ഒരു സംഭവ വിവരണം ഇപ്രകാരമാണ്. ഇദ്ദേഹം മദീനയിൽ നിന്ന് ഹിജ്റത്ത് ചെയ്ത് മക്കയിൽ നബി(സ)തിരുമേനിയുടെ അടുത്തെത്തി. അക്കാലത്ത് നബി(സ)തിരുമേനി മക്കയിൽത്തന്നെയാണുണ്ടായിരുന്നത്. ഇദ്ദേഹം അൻസ്വാരി മുഹാജിർ എന്നാണ് അറിയപ്പെടുന്നത്. അവിടെ മക്കയിൽപ്പോയി കുറച്ചുകാലം കഴിഞ്ഞു. അല്ലെങ്കിൽ ഹിജ്റത്ത് ചെയ്ത് നബി(സ)തിരുമേനിയുടെ അടുത്തുവന്നുവെന്ന് മനസ്സിലാക്കേണ്ടതാണ്. ഇദ്ദേഹം ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഉഹുദ് യുദ്ധത്തിൽ ശഹാദത്തിന്റെ സ്ഥാനം കരസ്ഥമാക്കി. അബൂ ഹക്കം ബിൻ അഖ്നസാണ് ഇദ്ദേഹത്തെ ശഹീദാക്കിയത്. ഹദ്റത്ത് ദക്വാൻ ബിൻ അബ്ദു ഖയ്സ് അൻസ്വാരി മുഹാജിർ എന്നു പറയപ്പെടുന്നു.(ഉസുദുൽ ഗാബ, വാള്യം 2, പേജ് 210, ദക്വാൻ ബിൻ അബ്ദു ഖയ്സ്, പ്ര

സാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

അല്ലാമ ഇബ്നു സഅ്ദ് ത്വബക്കാത്തുൽ കുബ്റായിൽ എഴുതുന്നു:മദീന ഹിജ്റത്തിന്റെ നേരത്ത് മുസ്‌ലീംകൾ മദീനയിലേക്ക് പുറപ്പെട്ടപ്പോൾ ഖുറയ്ശ് വളരെ വിദ്വേഷത്തിലായിരുന്നു. ഹിജ്റത്ത് ചെയ്ത് പൊയ്ക്കഴിഞ്ഞിരുന്ന യുവാക്കളോടു അവർക്ക് വലിയ ദ്വേഷമുണ്ടായി. അൻസ്വാറിലെ ഒരു സംഘം രണ്ടാം അഖബയിൽ നബി(സ)തിരുമേനിക്ക് ബയ്അത്ത് ചെയ്തിരുന്നു. അതിനുശേഷം അവർ മദീനയിലേക്ക് മടങ്ങുകയും ചെയ്തു. ആദ്യം ഹിജ്റത്ത് ചെയ്ത മുഹാജിരീൻ ഖുബായിലെത്തിയപ്പോൾ ഈ അൻസ്വാർ നബി(സ)തിരുമേനിയുടെ അടുക്കൽ മക്കയിലെത്തി. അവിടത്തെ സ്വഹാബത്തിനോടൊപ്പം ഹിജ്റത്ത് ചെയ്ത് മദീനയിലെത്തി. ഇതിന്റെ അടിസ്ഥാനത്തിൽ അവരെ അൻസ്വാർമുഹാജിരീൻ എന്നു പറയുന്നു. ഈ സ്വഹാബാക്കളിൽ ഹദ്റത്ത് ദക്‌വാൻ ബിൻ അബ്ദു ഖയ്സ്, ഹദ്റത്ത് അഖബ ബിൻ വഹബ്, ഹദ്റത്ത് അബ്ബാസ് ബിൻ ഉബാദ, ഹദ്റത്ത് സിയാദ് ബിൻ ലബീദ് എന്നിവർ ഉണ്ടായിരുന്നു. അതിനുശേഷം നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്കറും ഹദ്റത്ത് അലിയും അല്ലെങ്കിൽ പരീക്ഷണത്തിൽ അകപ്പെട്ടവരും തടവുകാരും രോഗികളും വൃദ്ധരും ദുർബലരുമൊഴികെ എല്ലാ മുസ്‌ലീംകളും മദീനയിൽ പോയിരുന്നു.'(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 1, പേജ് 175, ദിക്റു ഇദ്നി റസൂലില്ലാഹി(സ)ലിൽമുസ്‌ലിമീന ഫിൽ ഹിജ്റത്തി ഇലൽ മദീനത്തി, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

സുഹയ്ൽ ബിൻ അബീ സ്വാലിഹ് നിവേദനം ചെയ്യുന്നു: നബി(സ)തിരുമേനി ഉഹുദിലേയ്ക്ക് പുറപ്പെട്ടപ്പോൾ അവിടന്ന് ഒരു സ്ഥലത്തേയ്ക്ക് കൈ ചൂണ്ടിക്കൊണ്ട് സ്വഹാബത്തിനോടു ചോദിച്ചു, 'ഈ ഭാഗത്തേയ്ക്ക് ആരാണ് പോകുക?' ബനീ സുറയ്ഖിൽ നിന്നുള്ള ഒരു സ്വഹാബി, ഹദ്റത്ത് ദക്‌വാൻ ബിൻ അബ്ദു ഖയ്സ് എഴുന്നേറ്റുനിന്നു പറഞ്ഞു, 'അല്ലാഹുവിന്റെ റസൂലേ! ഞാൻ പോകുന്നതാണ്.' നബി(സ)തിരുമേനി താങ്കൾ ആരാണെന്ന് ചോദിച്ചു. ഹദ്റത്ത് ദക്‌വാൻ പറഞ്ഞു. ഞാൻ ദക്‌വാൻ ബിൻ അബ്ദു ഖയ്സാണ്. നബി(സ)തിരുമേനി ഇരിക്കാൻ ആഗ്യം കാണിച്ചു. അവിടന്ന് ഇക്കാര്യം മൂന്ന് തവണ ആവർത്തിച്ചു. എന്നിട്ട് പറഞ്ഞു: 'ഇന്ന ഇന്ന സ്ഥലത്തേയ്ക്ക് പോകുക. അപ്പോൾ ഹദ്റത്ത് ദക്‌വാൻ ബിൻ അബ്ദു ഖയ്സ് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! തീർച്ചയായും ഞാൻ ആ സ്ഥലങ്ങളിലേയ്ക്ക് പോകുന്നതാണ്.' നബി(സ)തിരുമേനി പറഞ്ഞു, 'നിങ്ങളിൽ സ്വർഗത്തിന്റെ പച്ചപ്പിലൂടെ നടക്കുന്ന വ്യക്തിയെ കാണാൻ ആഗ്രഹിക്കുന്നവർ ഈ വ്യക്തിയെ നോക്കികൊള്ളട്ടെ!' അതിനുശേഷം ഹദ്റത്ത് ദക്‌വാൻ ബിൻ അബ്ദു ഖയ്സ് തന്റെ കുടുംബത്തിനോട് വിട പറയാൻ പോയി. അദ്ദേഹത്തിന്റെ ഭാര്യമാരും സന്താനങ്ങളും അദ്ദേഹത്തോട് ചോദിച്ചു, 'അങ്ങ് ഞങ്ങളെ ഉപേക്ഷിച്ച് പോകുകയാണോ?' അദ്ദേഹം തന്റെ കോന്തല അവരിൽനിന്ന് വിടുവിച്ചു. അവരിൽനിന്ന് അല്പം മുന്നോട്ടു മാറി അവരെ നോക്കിക്കൊണ്ടു പറഞ്ഞു, 'ഇനി നമ്മൾ ഖിയാമത്തുന്നാളിൽ കണ്ടുമുട്ടുന്നതായിരിക്കും.' അതിനുശേഷം ഉഹുദ് യുദ്ധത്തിൽ അദ്ദേഹം ശഹാദത്ത് കരസ്ഥമാക്കി.'(മഅ്രിഫത്തുസ്സ്വഹാബ ലി അബീ നഈം, വാള്യം 2, പേജ് 248, ദക്‌വാൻ ബിൻ അബ്ദു ഖയ്സ് ബിൻ ഖാലിദ്, ഹദീഥ് 2621, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

ഉഹുദു യുദ്ധദിവസം നബി(സ)തിരുമേനി സ്വഹാബത്തിനോടു, ദക്‌വാൻ ബിൻ അബ്ദു ഖയ്സിനെ കുറിച്ച് ആർക്കെങ്കിലും അറിയുമോ? എന്നു ചോദിച്ചു. ഹദ്റത്ത് അലി(റ) പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഞാൻ ഒരു കുതിര സവാരിക്കാരനെ കണ്ടിരുന്നു. അയാൾ ദക്‌വാനെ പിന്തുടരുകയായിരുന്നു. അങ്ങനെ അയാൾ അദ്ദേഹത്തിന്റെ സമീപത്തെത്തി. ഇന്ന് നീ ജീവനോടെ രക്ഷപ്പെട്ടാൽ എനിക്ക് രക്ഷപ്പെടാൻ കഴിയുകയില്ല. നടന്നുപോകുകയായിരുന്ന ദക്‌വാന്റെമേൽ അയാൾ ആക്രമണം നടത്തി അദ്ദേഹത്തെ ശഹീദാക്കി. താൻ ഇബ്നു ഇലാജാണെന്ന് പറഞ്ഞുകൊണ്ടായിരുന്നു അയാൾ ദക്‌വാന്റെമേൽ ആക്രമണം നടത്തിയത്. ഹദ്റത്ത് അലി(റ) പറയുന്നു: ഞാൻ അയാളുടെമേൽ ആക്രമണം നടത്തി. അയാളുടെ കാലിൽ എന്റെ വാളുകൊണ്ടുവെട്ടി പകുതി തുട അറുത്തിട്ടു. പിന്നീട് അയാളെ കുതിരപ്പുറത്തുനിന്നിറക്കി വധിച്ചു. ഹദ്റത്ത് അലി(റ) പറയുന്നു: ഞാൻ കണ്ടിരുന്നു, അത് അബുൽ ഹക്കം ബിൻ അഖ്നസ് ആയിരുന്നു.' (കിതാബുൽ മഗാസി ലിൽവാഖ്ദി, വാള്യം 1, പേജ് 245, ബാബ് ഗസ്‌വയെ ഉഹുദ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, 2013)

**ഹദ്റത്ത് ഖവ്വാത്ത് ബിൻ ജുബയ്ർ അൻസ്വാരി:** ഇദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂഅബ്ദുല്ലാഹ് എന്നും അബൂസ്വാലിഹ് എന്നുമായിരുന്നു. ഹദ്റത്ത് ഖവ്വാത്ത്(റ)ന്റെ ബന്ധം ബനൂ ഥഅ്ലബയുമായിട്ടായിരുന്നു. ഹദ്റത്ത് ഖവ്വാത്ത് ബിൻ ജുബയ്ർ(റ) ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബയ്റിന്റെ സഹോദാരനായിരുന്നു. അദ്ദേഹത്തെ നബി(സ)തിരുമേനി ഉഹുദ് യുദ്ധത്തിൽ മലയിടുക്ക് കാക്കുന്നതിനുവേണ്ടി അമ്പത് വില്ലാളി വീരന്മാരോടൊപ്പം നിശ്ചയിച്ചിരുന്നു. അതായത് അദ്ദേഹത്തിന്റെ സഹോദരനെ നിശ്ചയിച്ചിരുന്നു. ഹദ്റത്ത് ഖവ്വാത്ത്(റ) സാധാരണ പൊക്കമുള്ള ആളായിരുന്നു. അദ്ദേഹം ഹിജ്റ 40 ൽ 74–ാം വയസ്സിൽ മദീനയിൽ വഫാത്തായി. ഒരു നിവേദനമനുസരിച്ച് മരിക്കുമ്പോൾ അദ്ദേഹത്തിന് 94 വയസ്സായിരുന്നു. അദ്ദേഹം മൈലാഞ്ചിയുടേയും അമരി(ഒരുചെടി)യുടേയും ഖിളാബ്(നരച്ച മുടി കറുപ്പിക്കുന്നതിനുള്ള ഔഷധം)പുരട്ടിയിരുന്നു. ഹദ്റത്ത് ഖവ്വാത്തും നബി(സ)തിരുമേനിയോടൊപ്പം ബദ്റിലേക്ക് പുറപ്പെട്ടു. എന്നാൽ, വഴിമധ്യേ ഒരു കല്ലിന്റെ മുനകൊണ്ട കാരണത്താൽ അദ്ദേഹത്തിന് മുറിവേറ്റു. അതിനാൽ നബി(സ)തിരുമേനി അദ്ദേഹത്തെ മദീനയിലേയ്ക്ക് തിരിച്ചയച്ചു. എന്നാൽ, നബി(സ)തിരുമേനി അദ്ദേഹത്തെ യുദ്ധമുതലിലും പ്രതിഫലത്തിലും പങ്കാളിയാക്കി. അങ്ങനെ അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തവരെപ്പോലെയായി. അദ്ദേഹം ഉഹുദ് ഖൻദഖ് എന്നീ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു.

ഹദ്റത്ത് ഖവ്വാത്ത്(റ) വിവരിക്കുന്നു: ഒരിക്കൽ ഞങ്ങൾ നബി(സ)തിരുമേനിയോടൊപ്പം മർറള്ളഹ്റാനിൽ താവളമടിച്ചു. അദ്ദേഹം പറയുന്നു: ഞാൻ എന്റെ തമ്പിൽനിന്ന് പുറത്തു വന്നപ്പോൾ കുറച്ചുസ്ത്രീകൾ സംസാരിക്കുന്നുണ്ടായിരുന്നു. അതുകണ്ട് അവർ എന്താണ് സംസാരിക്കുന്നതെന്നറിയാൻ എനിക്കു താൽപര്യമുണ്ടായി. ഞാൻ മടങ്ങിപ്പോയി ഒരു ജുബ്ബ ധരിച്ച് അവരോടൊപ്പം പോയിരുന്നു. ഞാൻ എന്നെ ഒളിപ്പിച്ചുവച്ചു. സ്ത്രീകൾ പറയുന്നതെന്തെന്നറിയാൻ അവിടെ ഇരുന്നു. ഇതിന്നിടയിൽ നബി(സ)തിരുമേനി തന്റെ കൂടാരത്തിൽനിന്ന് പുറത്തുവന്നു. നബി(സ)തിരുമേനിയെ കണ്ടപ്പോൾ ഞാൻ ഭയന്നുപോയി. ഞാൻ നബി(സ)തിരുമേനിയോടു എന്റെ ഒട്ടകം ഓടിക്കളഞ്ഞുവെന്നും അതിനെ തിരയുകയാണെന്നും പറഞ്ഞു. ഞാൻ എഴുന്നേറ്റുനിന്നു. ക്ഷണത്തിൽ പറഞ്ഞുനിറുത്തി. നബി(സ)തിരുമേനി അവിടെനിന്ന് നടന്നു മുന്നോട്ടുപോയി. ഞാനും നബി(സ)തിരുമേനിയുടെ പിന്നാലെ നടന്നുനീങ്ങി. അവിടന്ന് താൻ പുതച്ചിരുന്ന പുതപ്പ് എന്റെ കൈയിൽ തന്നു. കുറ്റിക്കാട്ടിലേക്ക് പോയി. പ്രാഥമിക ആവശ്യത്തിനുശേഷം അവിടന്ന് വുളു ചെയ്തു. തിരിച്ചുവന്നു. അവിടത്തെ താടിയിൽനിന്ന് ജലത്തുള്ളികൾ നെഞ്ചത്ത് വീണിരുന്നു. പിന്നീട് നബി(സ)തിരുമേനി തമാശയോടെ എന്നോടു ചോദിച്ചു:'അബൂ അബ്ദുല്ലാഹ്! ആ ഒട്ടകം എന്താണ് ചെയ്തത്?' ഒട്ടകമൊന്നും കളവുപോയിട്ടില്ലെന്നും ഞാൻ പെണ്ണുങ്ങളുടെ സംസാരം കേൾക്കാൻ അവിടെ ഇരുന്നതാണെന്നും നബി(സ)തിരുമേനിക്ക് മനസ്സിലായിരുന്നു. ഇത് നല്ലതല്ലല്ലോ. അദ്ദേഹം പറയുന്നു, വീണ്ടും ഞങ്ങൾ നടക്കാൻ തുടങ്ങി. അതിനുശേഷം നബി(സ)തിരുമേനി എന്നെ കാണുമ്പോഴെല്ലാം സലാം പറയുമായിരുന്നു. 'അബൂ അബ്ദുല്ലാഹ്! ആ ഒട്ടകം എന്താണ് ചെയ്തത്?' എന്ന് ചോദിക്കുകയും ചെയ്യുമായിരുന്നു. ഇതിങ്ങനെ ആ വർത്തിച്ച് ചോദിക്കാൻ തുടങ്ങിയപ്പോൾ, നബി (സ)തിരുമേനി ഇതു പറഞ്ഞ് എന്നെ കളിയാക്കിയപ്പോൾ ഞാൻ മദീനയിൽ ഒളിഞ്ഞു താമസിക്കാൻ തുടങ്ങി. മസ്ജിദിൽനിന്നും നബി(സ)തിരുമേനി യുടെ മജ്‌ലിസിൽനിന്നും വിട്ടുനിന്നു. ഇങ്ങനെ കുറച്ചു കാലം കഴിഞ്ഞപ്പോൾ മസ്ജിദിൽ പോയി. നമസ്കാരത്തിന് നിന്നു. നബി(സ)തിരുമേനിയും തന്റെ മുറിയിൽനിന്ന് വെളിയിൽ വന്നു. അവിടന്ന് രണ്ടു റക്അത്ത് നമസ്കരിച്ചു. നബി(സ)തിരുമേനി എന്നെ വിട്ടു മടങ്ങിപ്പോകുന്നതിനുവേണ്ടി ഞാനെന്റെ നമസ്കാരം ദീർഘിപ്പിച്ചു. നബി(സ)തിരുമേനി പറഞ്ഞു, 'അബൂ അബ്ദുല്ലാഹ്! എത്രവേണമെങ്കിലും നമസ്കാരം നീട്ടിക്കോ, ഞാൻ ഇവിടെ ത്തന്നെയുണ്ട്.' ഞാൻ എന്റെ മനസ്സിൽ പറഞ്ഞു, അല്ലാഹവാണ! ഞാൻ നബി(സ)തിരുമേനിയോടു ഖേദം പ്രകടിപ്പിച്ച് എന്റെ കാര്യം നേരെയാക്കുന്നതാണ്. ഞാൻ സലാം വീട്ടിയപ്പോൾ അവിടന്ന് പറഞ്ഞു, 'അബൂ അബ്ദുല്ലാഹ്! നിന്നിൽ സമാധാനം ഉണ്ടാകട്ടെ. ആ ഒട്ടകം ഓടിപ്പോയ പ്രശ്നമെന്താണ്?' ഞാൻ പറഞ്ഞു, 'അങ്ങയെ സത്യവുമായി നിയോഗിച്ച അല്ലാഹുവാണ! ഞാൻ ഇസ്‌ലാം സ്വീകരിച്ചതുമുതൽ ആ ഒട്ടകം ഓടിപോയിട്ടില്ല.' അവിടന്ന് മൂന്നുപ്രാവശ്യം പറഞ്ഞു,'അല്ലാഹു നിന്നിൽ സമാധാനം ചൊരിയട്ടെ.'അതിനുശേഷം അവിടന്ന് ഒരിക്കലും അതിനെ കുറിച്ച് എന്നോടു ചോദിച്ചിട്ടില്ല.' (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 362–364, അബ്ദുല്ലാഹ് ബിൻ ജുബയ്ർ, ഖുവാത്ത് ബിൻ ജുബയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാള്യം 2, പേജ് 190, ഖുവാത്ത് ബിൻ ജുബയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഹദ്റത്ത് ഖവ്വാത്ത്(റ) വിവരിക്കുന്നു: ഒരിക്കൽ ഞാൻ രോഗിയായി. നബി(സ)തിരുമേനി എന്നെ കാണാൻ വന്നു. ഞാൻ ആരോഗ്യവാനായപ്പോൾ നബി(സ)തിരുമേനി പറഞ്ഞു, 'ഖവ്വാത്തേ! താങ്കൾ ആരോഗ്യവാനായിരിക്കുന്നു. താങ്കൾ അല്ലാഹുവിനോട് ചെയ്ത വാഗ്ദാനം പൂർത്തിയാക്കുക.' ഞാൻ പറഞ്ഞു, 'ഞാൻ അല്ലാഹുവിനോട് ഒരു വാഗ്ദാനവും ചെയ്തിട്ടില്ല.' നബി(സ)തിരുമേനി പറഞ്ഞു, 'രോഗാവസ്ഥയിൽ നേർച്ചയോ നിയ്യത്തോ ചെയ്യാത്ത ഒരു രോഗിയും ഉണ്ടാകുകയില്ല. അല്ലാഹു തന്നെ സുഖപ്പെടുത്തിയാൽ താൻ ഇന്നതു ചെയ്യുമെന്ന് തീർച്ചയായും രോഗി പറയും. അതിനാൽ അല്ലാഹുവിനോട് ചെയ്ത വാഗ്ദാനവും പ്രതിജ്ഞയും പൂർത്തിയാക്കുക.'(മുസ്തദർക്ക് അല സ്സ്വഹീഹയ്ൻ, വാള്യം 3, പേജ് 467, കിതാബു മഅ്രിഫത്തുസ്സ്വഹാബ ബാബ് ദിക്റു മനാഖിബു ഖുവാത്ത് ബിൻ ജുബയ്ർ അൽ അൻസ്വാരി, ഹദീഥ് 5750 പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002).

നമുക്കെല്ലാവർക്കും ചിന്താർഹവും ശ്രദ്ധാർഹവും ആയിരിക്കേണ്ട കാര്യമാണിത്.

ഖൻദഖ് യുദ്ധാവസരത്തിൽ നബി(സ)തിരുമേനിയ്ക്ക് ബനൂ ഖുറയ്ളായുടെ വാഗ്ദാന ലംഘനത്തെ കുറിച്ചുള്ള വിവരം ലഭിച്ചു. അദ്ദേഹം ഒരു സംഘത്തെ അവരുടെ അടുക്കലേക്ക് അയച്ചു. ഇതുസംബന്ധമായി സീറത്തുഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതിയിട്ടുണ്ട്. നബി(സ)തിരുമേനിക്ക് ബനൂ ഖുറയ്ളായുടെ ഭയാനകമായ രാജ്യദ്രോഹത്തെ കുറിച്ച് വിവരം ലഭിച്ചപ്പോൾ ആദ്യം അവിടന്ന് രണ്ടുമൂന്നുപ്രാവശ്യം രഹസ്യമായി അവസ്ഥകൾ

അന്വേഷിക്കാൻ സുബയ്ർ ബിൻ അൽഅവാമിനെ അയച്ചു. പിന്നീട് ഔസ്, ഖസ്‌റജ് ഗോത്രങ്ങളുടെ നേതാക്കളായ സഅ്ദ് ബിൻ മുആദിനേയും സഅ്ദ് ബിൻ ഉബാദയേയും മറ്റു ചില സ്വാധീനമുള്ള സ്വഹാബത്തിനേയും ഒരു സംഘമെന്നനിലയിൽ ബനുഖുറയ്ളായിലേക്ക് അയച്ചു. എന്തെങ്കിലും വിഷമകരമായ വിവരമുണ്ടെങ്കിൽ തിരിച്ചു വന്ന് പരസ്യമായി അതിനെക്കുറിച്ച് പറയരുതെന്ന് താക്കീതു ചെയ്തു. ജനങ്ങൾ പരിഭ്രമിക്കാതിരിക്കാൻ യുക്തിയോടെ പെരുമാറണമെന്നും പറഞ്ഞു. ഇവർ ബനൂഖുറയ്ളായുടെ താമസസ്ഥലത്തെത്തിയപ്പോൾ അവരുടെ നേതാവ് കഅ്ബ് ബിൻ അസദിന്റെ അടുക്കൽപോയി. ആ ദുഷ്ടൻ അങ്ങേയറ്റം അഹങ്കാരത്തോടെ അവരോടു പെരുമാറി. സഅ്ദയ്ൻ അതായത് സഅ്ദ്ബിൻ മുആദും(റ) സഅ്ദ് ബിൻ ഉബാദയും(റ) ഉടമ്പടിയെ കുറിച്ച് പറഞ്ഞപ്പോൾ അയാളും അയാളുടെ ഗോത്രത്തിലെ ആളുകളും തെറ്റിക്കൊണ്ട് പറഞ്ഞു: 'പോകൂ! മുഹമ്മദും ഞങ്ങളും തമ്മിൽ ഒരു ഉടമ്പടിയുമില്ല.' ഈ വാക്കുകൾകേട്ട് സ്വഹാബത്തിന്റെ ഈ സംഘം അവിടെനിന്ന് എഴുന്നേറ്റുവന്നു. സഅ്ദ്ബിൻ മുആദും(റ) സഅ്ദ് ബിൻ ഉബാദയും(റ) നബി(സ)തിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരായി ഉചിതമായ രീതിയിൽ അവസ്ഥകളെല്ലാം അറിയിച്ചു.' (സീറത്തു ഖാതമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ) പേജ് 584-585).

സ്വഹാബാക്കളുടെ ഈ സഹവാസത്തിൽ ഹദ്റത്ത് ഖവ്വാത്ത് ബിൻ ജുബയ്റും ഉണ്ടായിരുന്നു.(സീറത്ത് ഇബ്നു ഹിശാം പേജ് 456, ബാബു ഗസ്‌വത്തു അൽഖൻദഖ് ഫീ സനത്തി ഖംസിൻ പ്രസാധകർ ദാറു ഇബ്നു ഹസം ബേറൂത്ത് 2009).

ഒരു നിവേദനത്തിലുണ്ട്, നബി(സ)തിരുമേനി ഹദ്റത്ത് ഖവ്വാത്തിനെ തന്റെ കുതിരപ്പുറത്ത് ബനൂഖുറയ്ളായിലേക്ക് അയച്ചു. ആ കുതിരയുടെ പേര് 'ജനാഹ്' എന്നായിരുന്നു.(മുസ്തദർക്ക് അല സ്സഹീഹയ്ൻ, വാള്യം 3, പേജ് 466, കിതാബു മഅ്രിഫത്തുസ്സഹാബ, ബാബ് ദിക്റു മനാഖിബു ഖുവാത്ത് ബിൻ ജുബയ്ർ അൽ അൻസ്വാരി, ഹദീഥ് 5747 പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002).

ഹദ്റത്ത് ഖവ്വാത്ത് വിവരിക്കുന്നു: 'ഒരിക്കൽ ഞങ്ങൾ ഹദ്റത്ത് ഉമറിനോടൊപ്പം ഹജ്ജിന് പുറപ്പെട്ടു. ഈ സംഘത്തിൽ ഞങ്ങളോടൊപ്പം ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്, ഹദ്റത്ത് അബ്ദുർറഹ് മാൻ ബിൻ ഔഫ് എന്നിവരുമുണ്ടായിരുന്നു. തങ്ങളെ ളിറാറിന്റെ കവിതകൾ കേൾപ്പിക്കാൻ ആളുകൾ പറഞ്ഞു.(ളിറാർ ബിൻ ഖത്വാബ്, ഖുറയ്ശിലെ ഒരു കവിയായിരുന്നു. അദ്ദേഹം മക്കവിജയ അവസരത്തിലാണ് വിശ്വസിച്ചത്). ഹദ്റത്ത് ഉമർ(റ) പറഞ്ഞു: അബൂ അബ്ദുല്ലായ്ക്ക് അതായത് ഖവ്വാത്തിന് തന്റെ കവിത കേൾപ്പിക്കാൻ അവസരം നല്കുക. അപ്പോൾ ഞാൻ അവരെ എന്റെ കവിതകൾ കേൾപിക്കാൻ തുടങ്ങി. എത്രത്തോളമെന്നാൽ അത്താഴ സമയമായി. ഹദ്റത്ത് ഉമർ(റ)പറഞ്ഞു, 'നിറുത്തുക, ഇത് അത്താഴ സമയമാണ്.' (അൽ ഇസ്വാബ, വാള്യം 2, പേജ് 292, ഖുവാത്ത് ബിൻ ജുബയ്ർ (റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995). (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 6, പേജ് 10, ളർറാർ ബിൻ അൽഖത്വാബ്(റ)പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

**ഹദ്റത്ത് റബീഅ ബിൻ അക്ഥം:** അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ യസീദ് എന്നായിരുന്നു. ഹദ്റത്ത് റബീഅ പൊക്കം കുറഞ്ഞ് തടിച്ച ശരീരത്തിന് ഉടമയായിരുന്നു. അദ്ദേഹത്തിന്റെ ബന്ധം അസദ് ബിൻ ഖുസയ്മ ഗോത്രവുമായിട്ടായിരുന്നു. അദ്ദേഹം ഹിജ്റത്ത് ചെയ്ത സ്വഹാബാക്കളിൽ പെടുന്നു. മദീനയിൽ ഹിജ്റത്ത് ചെയ്തതിനുശേഷം അദ്ദേഹം മറ്റു ചില സ്വഹാബത്തിനോടൊപ്പം ഹദ്റത്ത് മുബശ്ശർ ബിൻ അബ്ദുൽ മുൻദിറിന്റെ വീട്ടിൽ താമസിച്ചു. ബദ്ർ യുദ്ധത്തിൽ പങ്കെടുക്കുന്ന നേരത്ത് അദ്ദേഹത്തിന് 30 വയസ്സായിരുന്നു. ബദ്ർ യുദ്ധത്തിനുപുറമെ അദ്ദേഹം ഉഹുദ്, ഖൻദഖ്, ഹുദയ്ബിയ്യ സന്ധി, ഖയ്ബർ യുദ്ധത്തിലും പങ്കെടുത്തു. ഖയ്ബർ യുദ്ധത്തിൽത്തന്നെ ശഹാദത്ത് പദവി പ്രാപിച്ചു. അദ്ദേഹത്തെ ഹാരിഥ് എന്നുപേരുള്ള ഒരു യഹൂദി നത്വാത്ത് എന്ന സ്ഥലത്താണ് ശഹീദാക്കിയത്. ഖയ്ബറിലുള്ള ഒരു കോട്ടയുടെ പേരാണ് നത്വാത്ത്. അപ്പോൾ അദ്ദേഹത്തിന് 37 വയസ്സായിരുന്നു. (ഉസുദുൽ ഗാബ, വാള്യം 2, പേജ് 257,റബീആ ബിൻ അക്ഥം, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 66,70, അബ്ദുല്ലാഹ് ബിൻ ജഹ്ശ്, റബീആ ബിൻ അക്ഥം, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

**ഹദ്റത്ത് രിഫാഅ ബിൻ അംറ് അൽജുഹനി (റ):** ഇദ്ദേഹത്തിന്റെ പേര് വദീഅ ബിൻ അംറ് എന്നാണെന്നും പറയപ്പെടുന്നു. ഹദ്റത്ത് രിഫാഅ ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഇദ്ദേഹം അൻസ്വാറിന്റെ ഗോത്രമായ ബനൂ നജ്ജാറുമായി സഖ്യത്തിലായിരുന്നു.'(ഉസുദുൽ ഗാബ, വാള്യം 2, പേജ് 287,രിഫാഅ ബിൻ അംറ് അൽജുഹനീ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

**ഹദ്റത്ത് സയ്ദ് ബിൻ വദീഅ(റ):** ഹദ്റത്ത് സയ്ദിന് അൻസ്വാർ ഗോത്രമായ ഖസ്‌റജുമായിട്ടായിരുന്നു ബന്ധം. അദ്ദേഹം ഒന്നാം അഖബ ബയ്അത്തിലും ബദ്ർ, ഉഹുദ് യുദ്ധങ്ങളിലും പങ്കെടുത്തിരുന്നു. ഉഹുദ് യുദ്ധത്തിൽ അദ്ദേഹം ശഹാദത്ത് പദവി കരസ്ഥമാക്കി.'(ഉസുദുൽ ഗാബ, വാള്യം 2, പേജ് 377, സയ്ദ് ബിൻ വദീഅ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഹദ്റത്ത് സയ്ദിന്റെ മാതാവ് ഉമ്മു സയ്ദ് ബിൻത് ഹാരിഥായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയുടെ പേര് സയ്നബ് ബിൻത് സഹ്ൽ എന്നായിരുന്നു. ഇവരിൽനിന്ന് അദ്ദേഹത്തിന് മൂന്നു മക്കളുണ്ടായി, സഅ്ദ് ബിൻ സയ്ദ്, ഉമാമ, ഉമ്മു കുൽസൂം. അദ്ദേഹത്തിന്റെ മകൻ സയ്ദ് ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്ത് കാലത്ത് ഇറാഖിൽ വന്നിരുന്നു. അവിടെ അഖസ്ഖുവഫ് എന്ന് സ്ഥലത്ത് വസിച്ചു. അഖസ്ഖുവഫ് ഇറാഖിലെ ബഗ്ദാദ് നഗരത്തിന്റെ അടുത്തുള്ള ഒരു നാടിന്റെ പേരാണ്.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 410, സയ്ദ് ബിൻ വദീഅ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).(മുഅ്ജബുൽ ബുൽദാൻ, വാള്യം 04, പേജ് 155, പ്രസാധകർ ദാറു ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001).

**ഹദ്റത്ത് രിബ്ഈ ബിൻ റാഫിഅ് അൻസ്വാരി:** ഇദ്ദേഹത്തിന്റെ പിതാമഹനെ കുറിച്ച് അഭിപ്രായഭിന്നതയുണ്ട്. ഒരു അഭിപ്രായ പ്രകാരം ഹാരിഥ് എന്നായിരുന്നു. മറ്റൊരു അഭിപ്രായമനുസരിച്ച് സയ്ദ് എന്നായിരുന്നു. രിബ്ഈ ബിൻ റാഫിഅ്ന്റെ ബന്ധം അജ്‌ലാൻ ഗോത്രവുമായിട്ടായിരുന്നു. ഇദ്ദേഹം ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 356-357, രിബ്ഈ ബിൻ വദീഅ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാള്യം 2, പേജ് 252, രിബ്ഈ ബിൻ വദീഅ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

**ഹദ്റത്ത് സയ്ദ് ബിൻ മുസയ്ൻ(റ):** മുസയ്ൻ ബിൻ ഖയ്സ് എന്നായിരുന്നു അദ്ദേഹത്തിന്റെ പിതാവിന്റെ പേര്. ഹദ്റത്ത് സയ്ദിന്റെ പേര് ഹദ്റത്ത് യസീദ് ബിൻ അൽമുസയ്ൻ എന്നും വിവരിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ബന്ധം ഖസ്‌റജ് ഗോത്രവുമായിട്ടായിരുന്നു. ഹദ്റത്ത് സയ്ദ് ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു. മദീനയിലേയ്ക്ക് ഹിജ്റത്ത് ചെയ്ത നേരത്ത് നബി(സ)തിരുമേനി ഹദ്റത്ത് സയ്ദിനേയും ഹദ്റത്ത് മിസ്ത്വഹ് ബിൻ ഉഥാഥയേയും സഹോദരന്മാരാക്കിയിരുന്നു. അദ്ദേഹത്തിന്റെ മക്കൾ, മകൻ അംറും മകൾ റംലയുമായിരുന്നു.' (ഉസുദുൽ ഗാബ, വാള്യം 2, പേജ് 375, സയ്ദ് ബിൻ അൽമുസയ്ൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003) (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 407, സയ്ദ് ബിൻ അൽമുസയ്ൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

**ഹദ്റത്ത് ഇയാള് ബിൻ സുബയ്ർ:** ഇദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂസഅ്ദ് എന്നായിരുന്നു. ഹദ്റത്ത് ഇയാളിന്റെ മാതാവിന്റെ പേര് സൽമ ബിൻത് ആമിർ എന്നായിരുന്നു. ഫിഹ്ർ ഗോത്രവുമായിട്ടായിരുന്നു ഇദ്ദേഹത്തിന്റെ ബന്ധം. ഹബ്ശയിലേയ്ക്ക് നടന്ന രണ്ടാം ഹിജ്റത്തിൽ ഇദ്ദേഹം പങ്കെടുത്തു. അവിടെ നിന്ന് തിരിച്ച് വന്ന് മദീനയിലേയ്ക്കും ഹിജ്റത്ത് ചെയ്തു. ഹദ്റത്ത് കുൽസൂം ബിൻ അൽ ഹദമിന്റെ വീട്ടിൽ താമസിച്ചു. ഇദ്ദേഹം ബദ്ർ, ഉഹുദ്, ഖൻദഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ ഖിലാഫത്ത് കാലത്ത് ഹിജ്റ 30-ൽ മദീനയിൽ വഫാത്തായി. ഇദ്ദേഹത്തിന്റെ വാഫാത്ത് നടന്നത് ശാമിലാണെന്നും ഒരു നിവേദനമുണ്ട്.'(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 318-319, ഇയാള് ബിൻ സുഹയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാള്യം 4, പേജ് 311, ഇയാള് ബിൻ സുഹയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

**ഹദ്റത്ത് രിഫാആ ബിൻ അംറ് അൻസ്വാരി:** 'ഇദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ വലീദ് എന്നായിരുന്നു. ഹദ്റത്ത് രിഫാആയുടെ ബന്ധം ബനൂ ഔഫ് ബിൻ ഖസ്‌റജ് ഗോത്രവുമായിട്ടായിരുന്നു. ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഉമ്മു രിഫാആ എന്നായിരുന്നു. ഇദ്ദേഹം രണ്ടാം അഖബ ബയ്അത്തിൽ പങ്കെടുത്ത 70 അൻസ്വാരികളിൽപെടുന്നു. ഇദ്ദേഹം ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഉഹുദ് യുദ്ധത്തിൽ ശഹാദത്തിന്റെ സ്ഥാനം കരസ്ഥമാക്കി.' (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 410-411, രിഫാആ ബിൻ അംറ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

**ഹദ്റത്ത് സിയാദ് ബിൻ അംറ്:** ഇദ്ദേഹം ഹദ്റത്ത് സിയാദ് ബിൻ ബിശ്ർ എന്നും പറയപ്പെടുന്നു. ഇദ്ദേഹം അൻസ്വാറിന്റെ സഖ്യകക്ഷിയായിരുന്നു. ഹദ്റത്ത് സിയാദ് ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ഇദ്ദേഹത്തിന്റെ സഹോദരൻ ഹദ്റത്ത് ഉംറയും ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ഇദ്ദേഹത്തിന്റെ ബന്ധം ബനൂ സാഅദ ബിൻ കഅബ് ഗോത്രവുമായിട്ടായിരുന്നു. മറ്റൊരു വാക്യമനുസരിച്ച് ഇദ്ദേഹം ബനൂ സായിദ ബിൻ കഅ്ബ് ബിൻ അൽഖസ്‌റജ് മോചിപ്പിച്ച അടിമയായിരുന്നു.(ഉസുദുൽ ഗാബ, വാള്യം 2, പേജ് 338,സിയാദ് ബിൻ അംറ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (അൽ ഇസ്വാബ, വാള്യം 2, പേജ് 483, സിയാദ് ബിൻ അംറ്, (റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).

**ഹദ്റത്ത് സാലിം ബിൻ ഉമയ്ർ ബിൻ ഥാബിത്(റ):** അൻസ്വാറിലെ ബനൂ അംറ് ബിൻ ഔഫ് ഗോത്രവുമായിട്ടായിരുന്നു ഇദ്ദേഹത്തിന്റെ ബന്ധം. ഇദ്ദേഹം ഒന്നാം അഖബ ബയ്അത്തിലും ബദ്ർ, ഉഹുദ് ഖൻദഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. (ഉസുദുൽ ഗാബ, വാള്യം 2, പേജ് 387, സാലിം ബിൻ ഉമയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

തബൂഖ് യുദ്ധാവസരത്തിൽ ദരിദ്രരായ സ്വാഹാബത്ത് നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അവർ യുദ്ധത്തിന് പോകാനാഗ്രഹിച്ചിരുന്നു. യാത്രാവാഹനമില്ലാത്ത കാരണത്താൽ അവർ നിലവിളിച്ചുകൊണ്ടിരുന്നു. ഹദ്റത്ത് സാലിമും അവരുടെ കൂട്ടത്തിലുണ്ടായി

രുന്നു. ഈ ഏഴു ദരിദ്രരായ സ്വഹാബത്ത് നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു. അപ്പോൾ നബി(സ)തിരുമേനി തബൂഖിലേക്ക് പോകാനൊരുങ്ങുകയായിരുന്നു. ആ സ്വഹാബത്ത് പറഞ്ഞു: ഞങ്ങൾക്ക് യാത്രാവാഹനം നല്കിയാലും. നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങളെ കയറ്റിക്കൊണ്ടുപോകാൻ എന്റെ കൈയിൽ വാഹനങ്ങളൊന്നുമില്ല.' അങ്ങനെ അവർ മടങ്ങിപ്പോയി. ഈ ദുഃഖഭാരത്താൽ അവരുടെ കണ്ണുകൾ നിറഞ്ഞു കവിഞ്ഞിരുന്നു. ചെലവഴിക്കാൻ ഒന്നും അവർ കണ്ടില്ല. ഇബ്നു അബ്ബാസ് നിവേദനം: *'വലാ അലല്ലദീന ഇദാ മാ അതൗക്ക ലിതഹ്മിലഹും ഖുൽത്ത ലാ അജിദു മാ അഹ്മിലുക്കും അലയ്ഹി തവല്ലൗ വ്വ അഅ്യുനുഹും തഫീളു മിനദ്ദംഇ ഹസനൻ അല്ലാ യജിദൂ മാ യുൻഫിഖൂൻ'*(9:92) എന്ന ആയത്തിൽ അവരെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. അതായത് മറ്റൊരു തരക്കാരായ ആളുകളുടെ മേലും കുറ്റമില്ല. നീ എന്തെങ്കിലും സവാരി അവർക്ക് ഏർപാടു ചെയ്തുകൊടുക്കുന്നതിന് അവർ നിന്റെ അടുക്കൽ വന്നപ്പോൾ, നിങ്ങളെ വഹിച്ചുകൊണ്ടുപോകുവാൻ ഞാൻ ഒന്നും കണ്ടെത്തുന്നില്ല എന്ന് നീ പറഞ്ഞു. അപ്പോൾ ചെലവഴിക്കാനുള്ള വക കണ്ടെത്തുന്നില്ല എന്ന ദുഃഖം നിമിത്തം അവരുടെ നയനങ്ങൾ അശ്രുകണങ്ങൾ പൊഴിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയിൽ അവർ തിരിച്ചുപോയി. ഹദ്റത്ത് ഇബ്നു അബ്ബാസ് പറയുന്നു: ഇതിൽ വിവരിച്ച ആളുകളിൽ സാലിം ബിൻ ഉമയ്റും ഥഅ്ലബ ബിൻ സയ്ദും ഉൾപ്പെടുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 366, സാലിം ബിൻ ഉമയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാള്യം 2, പേജ് 387, സാലിം ബിൻ ഉമയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) സൂറ തൗബയിലെ *'വലാ അലല്ലദീന ഇദാ മാ അതൗ ക്ക ലിതഹ്മിലഹും ഖുൽത്ത ലാ അജിദു മാ അഹ്മിലുക്കും അലയ്ഹി തവല്ലൗ വ്വ അഅ്യുനുഹും തഫീളു മിനദ്ദംഇ ഹസനൻ അല്ലാ യജിദൂ മാ യുൻഫിഖൂൻ'*(9:92)എന്ന ആയത്തിന് തഫ്സീർ ചെയ്ത് കൊണ്ടു പറയുന്നു: "ഈ ഖുർആനിക വചനം യോജിപ്പിന്റെ അടിസ്ഥാനത്തിൽ പൊതുവെയുള്ളതാണ്. എന്നാൽ, ഏതൊരു വ്യക്തികളെയാണോ അത് സൂചിപ്പിക്കുന്നത് അവർ ജിഹാദിനുപോകാൻ പിടച്ചുകൊണ്ടിരുന്ന ദരിദ്രരായ ആ ഏഴ് മുസ്ലീംകളാണ്. എന്നാൽ, തങ്ങളുടെ ആഗ്രഹം പൂർത്തിയാക്കാനുള്ള സാധനങ്ങൾ അവരുടെ കൈയിലുണ്ടായിരുന്നില്ല. ഇവർ നബി(സ)തിരുമേനിയുടെ അടുക്കൽ ഹാജരായി. തങ്ങൾക്ക് യാത്രാസൗകര്യം ചെയ്തുതരാൻ നബി(സ)തിരുമേനിയോടു അപേക്ഷിച്ചു. നബി (സ)തിരുമേനി പറഞ്ഞു: 'ഖേദകരമെന്ന് പറയട്ടെ, എനിക്ക് ഒരു ഏർപാടും ചെയ്യാൻപറ്റാത്ത അവസ്ഥയാണ്.' അപ്പോൾ അവർക്ക് വളരെ വിഷമമുണ്ടായി. അവരുടെ കണ്ണുകളിൽനിന്ന് കണ്ണീർ നി റഞ്ഞൊഴുകി. അവർ മടങ്ങിപ്പോയി. അവർ പോയതിനു ശേഷം (നിവേദനത്തിൽ വരുന്നത് അവർ പോയതിനുശേഷം എന്നാണ്)ഹദ്റത്ത് ഉഥ്മാൻ(റ) മൂന്ന് ഒട്ടകം നല്കി. നാലെണ്ണം മറ്റ് മുസ്ലിംകളും നല്കി. നബി(സ) തിരുമേനി ഓരോരുത്തർക്കും ഒരോന്ന് വീതം നല്കി. ഹദ്റത്ത് മുസ്ലിഹ് മൗഊദ് പറയുന്നു, 'വിശുദ്ധ ഖുർആൻ ഈ സംഭവം വിവരിക്കാനുള്ള കാരണം യാത്രാ സൗകര്യം ഉണ്ടായിട്ടുകൂടി നിസ്സാരമായ ഒഴികഴിവ് പറഞ്ഞ് പോകാതിരിക്കുന്ന ചില ധനികരേയും എന്തിനും തയ്യാറായിട്ടുള്ള ദരിദ്രരായ മുസ്ലീകളേയും താരതമ്യം ചെയ്തു നോക്കുക എന്നതാണ്. (ഒഴികഴിവ് പറഞ്ഞ് തടിതപ്പുന്ന ചിലയാളുകളുണ്ടായിരുന്നു. അവർ യുദ്ധത്തിന് പോയില്ല. പക്ഷേ, ദരിദ്രരായിട്ടുള്ളവരുടെ വികാരം ഒന്നു വേറെ തന്നെയായിരുന്നു. ഇവരെ തമ്മിൽ താരതമ്യം ചെയ്യുക). പിന്നീട് പറയുന്നു: യുദ്ധത്തിനു പോകാതെ മദീനയിൽ പിന്നിൽനിന്ന ആളുകളെല്ലാവരും കപടവിശ്വാസികളായിരുന്നില്ലെന്നും ഈ ആയത്തിൽനിന്ന് മസ്സിലാകുന്നുണ്ട്. പ്രത്യുത അവരിൽ ആത്മാർഥരായ മുസ്ലീംകളുമുണ്ടായിരുന്നു. എന്നാൽ, അവർ പോകാതിരുന്നത് സാധനസാമഗ്രികൾ ഇല്ലാതിരുന്നതിനാലാണ്.'(ദർസുകൾ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)(പ്രസിദ്ധീകരിക്കാത്തത്), തഫ്സീർ സൂറത്തുത്തൗബ, ആയത്ത് 92)

ഇതിനു തഫ്സീർ എഴുതിക്കൊണ്ട് അവിടന്ന് കൂടുതൽ വിശദീകരിക്കുന്നു:'ഹദ്റത്ത് അബൂ മൂസാ(റ) അവരുടെ നേതാവായിരുന്നു. നബി(സ)തിരുമേനിയോട് എന്താണ് ആവശ്യപ്പെട്ടതെന്ന് അവരോട് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു, 'അല്ലാഹുവാണ! ഞങ്ങൾ ഒട്ടകത്തേയും ആവശ്യപ്പെട്ടില്ല. കുതിരയേയും ആവശ്യപ്പെട്ടില്ല. ഞങ്ങൾ നഗ്നപാദരാണ്. ഇത്രദൂരം കാൽനടയായി സഞ്ചരിക്കുവാൻ സാധിക്കുകയില്ല. ഞങ്ങൾക്ക് ചെരുപ്പുകളുടെ ഒരു ജോടി ലഭിച്ചാൽ ഞങ്ങൾ ഓടിച്ചെന്ന് ഞങ്ങളുടെ സഹോദരങ്ങളോടൊപ്പം യുദ്ധത്തിൽ പങ്കെടുക്കുന്നതിന് ഹാജറാകുമായിരുന്നുവെന്ന് മാത്രമാണ് ഞങ്ങൾ പറഞ്ഞത്.'( ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം, വാള്യം 20, പേജ് 361).

ദാരിദ്രത്തിന്റെ അവസ്ഥ ഇതായിരുന്നു. ആ ആവേശവുമായിരുന്നു. ഹദ്റത്ത് സാലിം ബിൻ ഉമയ്ർ ഹദ്റത്ത് മുആവിയായുടെ കാലഘട്ടംവരെ ജീവിച്ചു.(ഉസുദുൽ ഗാബ, വാള്യം 2, പേജ് 387, സാലിം ബിൻ ഉമയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

**ഹദ്റത്ത് സുറാഖ ബിൻ കഅ്ബ്(റ):** ബനൂ നജ്ജാർ ഗോത്രവുമായിട്ടായിരുന്നു ഇദ്ദേഹത്തിന്റെ ബന്ധം. ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഉമയ്റ ബിൻത് നുഅ്മാൻ എന്നായിരുന്നു. സുറാഖ ബദ്ർ, ഉഹുദ്, ഖൻദഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. ഹദ്റത്ത് സുറാഖ ബിൻ കഅ്ബ് ഹദ്റത്ത് മുആവിയായുടെ കാലഘട്ടത്തിൽ വഫാത്തായി. കൽബിയുടെ നിവേദനമനുസരിച്ച് ഹദ്റത്ത് സുറാഖ യമാമ യുദ്ധത്തിൽ ശഹീദാക്കപ്പെടുകയായിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 371, സുറാഖ ബിൻ കഅ്ബ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാള്യം 2, പേജ് 412, സുറാഖ ബിൻ കഅ്ബ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

**ഹദ്റത്ത് സാഇബ് ബിൻ മള്ഊൻ(റ):** ഇദ്ദേഹം ഉഥ്മാൻ ബിൻ മള്ഊന്റെ സ്വന്തം സഹോദരനായിരുന്നു. ഇദ്ദേഹം ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്ത പ്രഥമ സംഘത്തിൽ ഉൾപ്പെട്ടിരുന്നു. ഇദ്ദേഹത്തിന് ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ സൗഭാഗ്യം ലഭിച്ചു. (ഉസുദുൽ ഗാബ, വാള്യം 2, പേജ് 399, സാഇബ് ബിൻ മള്ഊൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

നബി(സ)തിരുമേനി ബുവാത് യുദ്ധത്തിന് പുറപ്പെട്ടപ്പോൾ ചില നിവേദനങ്ങളനുസരിച്ച് അവിടന്ന് ഹദ്റത്ത് സഅ്ദ് ബിൻ മുആദിനെ ചിലരുടെ അഭിപ്രായത്തിൽ ഹദ്റത്ത് സാഇബ് ബിൻ ഉഥ്മാനെ തന്റെ പിന്നിൽ അമീറായി നിശ്ചയിച്ചു. ഒരു നിവേദനത്തിൽ ഹദ്റത്ത് സാഇബ് ബിൻ മള്ഊന്റെ പേരും ലഭിക്കുന്നുണ്ട്.(അസ്സീറത്തുൽ ഹൽബിയ്യ വാള്യം 2 പേജ് 174, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002).

നബി(സ)തിരുമേനിയോടൊപ്പം ഹദ്റത്ത് സാഇബിന് കച്ചവടം ചെയ്യാനുള്ള ബഹുമതിയും ലഭിച്ചിരുന്നു. സുനൻ അബീ ദാവൂദിലെ നിവേദനമാണ്. ഹദ്റത്ത് സാഇബ് വിവരിക്കുന്നു:'ഞാൻ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അപ്പോൾ സ്വഹാബത്ത് എന്നെ കുറിച്ച് നബി(സ)തിരുമേനിയോടു പറയാനും സ്തുതിക്കാനും തുടങ്ങി. അപ്പോൾ അവിടന്ന് പറഞ്ഞു: ഞാൻ അദ്ദേഹത്തെ നിങ്ങളെക്കാൾ കൂടുതൽ അറിയുന്നു. ഞാൻ പറഞ്ഞു: *'സ്വദഖത്ത ബി അബീ അൻത വ ഉമ്മീ കുൻത ശരീക്കീ ഫനിഅ്മ ശ്ശരീക്കു കുൻത ലാതുദാരീ വലാ തുമാരീ* എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമാണ്.അങ്ങ് സത്യമാണ് പറഞ്ഞത്. അങ്ങ് കച്ചവടത്തിൽ എന്റെ പങ്കാളിയായിരുന്നു. എത്രനല്ല പങ്കാളിയായിരുന്നു. അങ്ങ് എതിർക്കുമായിരുന്നില്ല, വഴക്കിടുകയും ചെയ്യുമായിരുന്നില്ല.' (സുനൻ അബീദാവൂദ്, കിതാബുൽഅദബ്, ഹദീഥ് 4836)

സീറത്ത് ഖാത്തമുന്നബിയ്യീനിൽ ആ സംഭവം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. മക്കയിൽനിന്ന് കച്ചവടസംഘങ്ങൾ വിവിധ പ്രദേശങ്ങളിലേക്ക് പോകാറുണ്ടായിരുന്നു. തെക്ക് യമനിലേക്കും, വടക്ക് ശാമിലേക്കും പതിവായി കച്ചവട പരമ്പര നടന്നു വന്നിരുന്നു. ഇതിനുപുറമെ ബഹറയ്ൻ തുടങ്ങിയ സ്ഥലത്തേക്കും കച്ചവടത്തിനു പോകുമായിരുന്നു. നബി(സ)തിരുമേനി ഈ എല്ലാ രാജ്യങ്ങളിലും പൊതുവെ കച്ചവട ഉദ്ദേശ്യാർഥം പോയിരുന്നു. എല്ലാ പ്രാവശ്യവും അങ്ങേയറ്റം വിശ്വസ്തതയോടെയും സത്യസന്ധതയോടെയും സുശൈലിയോടെയും കലാവൈഭവത്തോടെയും തന്റെ നിർബന്ധ കടമ നിറവേറ്റി. മക്കയിലെ ഇടപാടുകാരും നബി(സ)തിരുമേനിയെ അങ്ങേയറ്റം പ്രശംസിച്ചിരുന്നു. സാഇബ് ഒരു സ്വഹാബിയായിരുന്നു. അദ്ദേഹം ഇസ്ലാം സ്വീകരിച്ചപ്പോൾ ചില ആളുകൾ നബി(സ)തിരുമേനിയുടെ മുമ്പിൽ അദ്ദേഹത്തെ പ്രകീർത്തിക്കുകയുണ്ടായി. അപ്പാൾ നബി(സ)തിരുമേനി പറഞ്ഞു, 'നിങ്ങളെക്കാൾ കൂടുതൽ ഞാൻ അദ്ദേഹത്തെ അറിയുന്നു.' സാഇബ് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ അതേ! അങ്ങയുടെമേൽ എന്റെ മാതാപിതാക്കൾ തെണ്ടമായിരിക്കട്ടെ! അങ്ങ് ഒരിക്കൽ കച്ചവടത്തിൽ എന്റെ പങ്കാളിയായിരുന്നു. അങ്ങ് എപ്പോഴും അങ്ങേയറ്റം പരിശുദ്ധമായ ഇടപാടാണ് അനുവർത്തിച്ചിരുന്നത്.' (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ)പേജ് 106–585).

**ഹദ്റത്ത് ആസ്വിം ബിൻ ഖയ്സ്(റ):** ഹദ്റത്ത് ആസ്വിം ബിൻ ഖയ്സിന്റെ ബന്ധം അൻസ്വാറിന്റെ ഗോത്രമായ ഥഅ്ലബ ബിൻ അംറുമായിട്ടായിരുന്നു. ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു.

**ഹദ്റത്ത് ത്വുഫയ്ൽ ബിൻ മാലിക് ബിൻ ഖൻസാഅ്(റ):** അദ്ദേഹത്തിന്റെ ബന്ധം ഖസ്റജ് ഗോത്രത്തിന്റെ ശാഖയായ ബനൂ ഉബയ്ദ് ബിൻ അദിയ്യുമായിട്ടായിരുന്നു. ഹദ്റത്ത് ത്വുഫയ്ലിന്റെ മാതാവിന്റെ പേര് അസ്മാ ബിൻത് അൽഖയ്ൻ എന്നായിരുന്നു. ഹദ്റത്ത് ത്വുഫയ്ൽ അഖബ ബയ്അത്തിലും ബദ്ർ, ഉഹുദ് യുദ്ധങ്ങളിലും പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ വിവാഹം ഇദാം ബിൻത് ഖുസ്ത്വുമായയാണ് നടന്നത്. അതിൽ അവർക്ക് രണ്ടു മക്കളുണ്ടായി;അബ്ദുല്ലായും റബീഉം.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 430–431, ത്വുഫയ്ൽ ബിൻ മാലിക് ഖൻസാ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാള്യം 3, പേജ് 79, ത്വുഫയ്ൽ ബിൻ മാലിക് ഖൻസാ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

**ഹദ്റത്ത് തുഫയ്ൽ ബിൻ നുഅ്മാൻ(റ):** ഹദ്റത്ത് ത്വുഫയ്ലിന്റെ ബന്ധം അൻസ്വാരി ഗോത്രമായ ഖസ്റജുമായിട്ടാണ്. അദ്ദേഹത്തിന്റ മാതാവ് ഖൻസാഅ് ബിൻത് രിആബായിരുന്നു. അവർ ജാബിർ ബിൻ അബ്ദുല്ലായുടെ പിതൃസഹോദരിയായിരുന്നു. ഹദ്റത്ത് ത്വുഫയ്ലിന് ഒരു മകളുണ്ടായിരുന്നു. അവരുടെ പേര് റുബയ്അ് എന്നായിരുന്നു. അദ്ദേഹം അഖബ ബയ്അത്തിലും ബദ്ർ യുദ്ധത്തിലും പങ്കെടുത്തു. ഹദ്റത്ത് ത്വുഫയ്ൽ ഉഹുദ് യുദ്ധത്തിലും പങ്കെടുത്തിരുന്നു. ആ ദിവസം അദ്ദേഹത്തിന് 13 മുറിവേറ്റു. ഹദ്റത്ത് ത്വുഫയ്ൽ ബിൻ നുഅ്മാൻ ഖൻദഖ് യുദ്ധത്തിലും പങ്കെടുത്തിരുന്നു. ആ യുദ്ധത്തിലാണ് ശഹാദത്തിന്റെ പദവി കരസ്ഥമാക്കിയത്. വഹ്ശീ ബിൻ ഹർബാണ് അദ്ദേഹത്തെ ശഹീ

ദാക്കിയത്. അതിനുശേഷം നബി(സ)തിരുമേനിയെ വഹ്ശീ വിശ്വസിച്ചു. അദ്ദേഹം പറയാറുണ്ടായിരുന്നു: 'അല്ലാഹു ഹദ്റത്ത് ഹംസയ്ക്കും ഹദ്റത്ത് ത്വുഫയ്ൽ ബിൻ നുഅ്മാനും എന്റെ കൈയാൽ അന്തസ് പ്രദാനം ചെയ്തു. പക്ഷേ, എന്നെ അവരുടെ കൈയാൽ നിന്ദ്യനാക്കിയില്ല. അതായത് ഞാൻ കുഫ്റിന്റെ അവസ്ഥയിൽ വധിക്കപ്പെട്ടില്ല.'(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 431, അത്ത്വുഫയ്ൽ ബിൻ നുഅമാൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാല്യം 3, പേജ് 79–80, ത്വുഫയ്ൽ ബിൻ മാലിക്, ത്വുഫയ്ൽ ബിൻ അന്നുഅ്മാൻ, ഖൻസാ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

**ഹദ്റത്ത് ഉഹാക് ബിൻ അബ്ദു അംറ്(റ):** അദ്ദേഹത്തിന്റെ ബന്ധം ബനൂ ദീനാർ ബിൻ നജ്ജാറുമായിട്ടായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് അബ്ദു അംറ് എന്നും മാതാവിന്റെ പേര് സുമയ്റാഅ് ബിൻത് ഖയ്സ് എന്നുമാണ്. അദ്ദേഹവും അദ്ദേഹത്തിന്റെ സഹോദരൻ നുഅ്മാൻ ബിൻ അബ്ദു അംറും ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു. ഉഹുദ് യുദ്ധത്തിൽ ഹദ്റത്ത് നുഅ്മാൻ ശഹീദാക്കപ്പെട്ടു. അദ്ദേഹത്തിന്റെ മൂന്നാമത്തെ സഹോദരൻ ഖുത്ബ ബിൻ അബ്ദു അംറ് ബിഅ്ർ മഊന ദിവസം ശഹീദായി. (അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 394, ഉഹാക് ബിൻ അബ്ദു അംറ്, നുഅ്മാൻ ബിൻ അബ്ദു അംറ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

**ഹദ്റത്ത് ഉഹാക് ബിൻ ഹാരിഥ(റ):** ഹദ്റത്ത് ഉഹാക് അൻസ്വാറിലെ ഗോത്രമായ ഖസ്റജുമായി ബന്ധം വെച്ചിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഹാരിഥ എന്നും മാതാവിന്റെ പേര് ഹിന്ദ് ബിൻത് മാലിക്ക് എന്നുമായിരുന്നു. ഹദ്റത്ത് ഉഹാക്(റ)അഖബ ബയ്അത്തിൽ 70 പേരോടൊപ്പം പങ്കെടുത്തു. അദ്ദേഹം ബദ്ർ യുദ്ധത്തിലും പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ മകന്റെ പേര് യസീദെന്നായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയായ ഉമാമ ബിൻത് മുഹർരിഥിന്റെ വയറ്റിൽ നിന്നാണ് ഇദ്ദേഹം പിറന്നത്. (അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 433, ഉഹാക് ബിൻ ഹാരിഥ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാല്യം 3, പേജ് 46, ഉഹാക് ബിൻ ഹാരിഥ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

**ഹദ്റത്ത് ഖല്ലാദ് ബിൻ സുവയ്ദ്(റ):** ഇദ്ദേഹം അൻസ്വാരി സ്വഹാബിയാണ്. ഖസ്റജിന്റെ ശാഖയായ ബനൂ ഹാരിഥയുമായാണ് ഇദ്ദേഹത്തിന്റെ ബന്ധം. ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് അംറ ബിൻത് സഅ്ദ് എന്നായിരുന്നു. ഇദ്ദേഹത്തിന്റെ ഒരു മകനായ ഹദ്റത്ത് സാഇബിന് നബി(സ) തിരുമേനിയുടെ സഹവാസം ലഭിച്ചിട്ടുണ്ട്. പിന്നീട് ഹദ്റത്ത് ഉമർ(റ)ഇദ്ദേഹത്തെ യമനിലെ സക്കാത്ത് പിരിക്കുന്ന ഉദ്യോഗസ്ഥനുമാക്കി. രണ്ടാമത്തെ മകന്റെ പേര് ഹക്കം ബിൻ ഖല്ലാദ് എന്നായിരുന്നു. ഇവർ ഇരുവരുടേയും മാതാവിന്റെ പേര് ലയ്ലാ ബിൻത് ഉബാദ എന്നായിരുന്നു. ഹദ്റത്ത് ഖല്ലാദ് അഖബ ബയ്അത്തിൽ പങ്കെടുത്തിരുന്നു. ഇദ്ദേഹം ബദ്ർ, ഉഹുദ്, ഖൻദഖ് യുദ്ധങ്ങളിലും പങ്കെടുത്തു. ബനൂ ഖുറയ്ള യുദ്ധാവസരത്തിൽ ബുനാന എന്ന ഒരു യഹൂദ സ്ത്രീ മുകളിൽനിന്ന് അദ്ദേഹത്തിനുമേൽ ഭാരമേറിയ കല്ല് എറിയുകയും അതുമൂലം അദ്ദേഹത്തിന്റെ തലയ്ക്ക് മുറിവേൽക്കുകയും അങ്ങനെ ശഹീദാകുകയും ചെയ്തു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു, 'ഖല്ലാദിന് രണ്ട് ശഹീദായവരുടെ തുല്യം പ്രതിഫലം ലഭിക്കുന്നതാണ്.' നബി(സ)തിരുമേനി ആ സ്ത്രീയ്ക്കും പ്രതിക്രിയ എന്ന നിലയിൽ പിന്നീട് വധശിക്ഷ നല്കി. (അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 401–402, ഖല്ലാദ് ബിൻ സുവയ്ദ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

സീറത്തു ഖാത്തമുന്നബിയ്യീനിൽ ഈ സംഭവം ഇങ്ങനെ എഴുതിയിരിക്കുന്നു: "കുറച്ചു മുസ്ലീംകൾ അവരുടെ കോട്ടയുടെ ഭിത്തിയോടു ചേർന്ന് വിശ്രമിക്കുന്നതിന് ഇരിക്കുകയായിരുന്നു. ബുനാന എന്നുപേരുള്ള ഒരു സ്ത്രീ അവരുടെ മേൽ മുകളിൽനിന്ന് ഘനമുള്ള ഒരു കല്ല് എറിഞ്ഞ് അവരിൽ ഒരാളായ ഖല്ലാദിനെ ശഹീദാക്കി. മറ്റു മുസ്ലീംകൾ രക്ഷപ്പെട്ടു.'(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ)പേജ് 106–598).

ഹദ്റത്ത് ഖല്ലാദിന്റെ മാതാവിന് അദ്ദേഹത്തിന്റെ ശഹാദത്തിനെ കുറിച്ച് വിവരം ലഭിച്ചപ്പോൾ അവർ നിഖാബ് അണിഞ്ഞ് വന്നു. ഖല്ലാദ് ശഹീദാക്കപ്പെട്ടുവെന്ന് അവരോടു പറയപ്പെട്ടു. നിങ്ങൾ പർദ ധരിച്ചു വന്നിരിക്കുന്നു. അപ്പോൾ അവർ പറഞ്ഞു: ഖല്ലാദ് എന്നിൽനിന്ന് വേർപെട്ടുപോയിരിക്കുന്നു. പക്ഷേ, ഞാനെന്റെ നാണം സ്വയം എന്നിൽനിന്ന് വേർപ്പെട്ടുപോകാൻ അനുവദിക്കുകയില്ല. വിലപിക്കുന്ന സമ്പ്രദായം ഇങ്ങനെ നടക്കുകയില്ല. പർദ ലജ്ജയാണ്. അത് എന്നെന്നും നിലനിൽക്കുന്നതായിരിക്കും.

ഹദ്റത്ത് ഖല്ലാദിന്റെ ശഹാദത്ത് നടന്നതിന്റെ വിവരണം ഇങ്ങനേയും ലഭിക്കുന്നുണ്ട്: ഹദ്റത്ത് ഖല്ലാദ് ശഹീദായപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: അദ്ദേഹത്തിന് രണ്ടു ശഹീദുമാരുടെ പ്രതിഫലമുണ്ട്; മുമ്പേ പറഞ്ഞു കഴിഞ്ഞതുപോലെ. കൂടുതലായിട്ടുള്ള കാര്യം ഇതാണ്. അല്ലാഹുവിന്റെ റസൂലേ! അതെന്തുകൊണ്ട് എന്ന് ചോദിക്കപ്പെട്ടു. രണ്ടു ശഹീദുമാരുടെ പ്രതിഫലം എന്തിനാണ്? അവിടന്ന് പറഞ്ഞു:'കാരണം അദ്ദേഹത്തെ അഹ്ലെ കിതാബുകാരിയാണ് ശഹീദാക്കിയത്.'(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 402, ഖല്ലാദ് ബിൻ സുവയ്ദ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

**ഹദ്റത്ത് ഔസ് ബിൻ ഖൗലീ അൻസ്വാരി(റ):** ഇദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ ലയ്ലാ എന്നായിരുന്നു. ഇദ്ദേഹത്തിന്റെ ബന്ധം അൻസ്വാർ ഗോത്രമായ ഖസ്റജിന്റെ ശാഖ ബനൂ സാലിം ബിൻ ഗനം ബിൻ ഔഫുമായിട്ടായിരുന്നു. ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് ജമീല ബിൻത് ഉബയ്യ് എന്നായിരുന്നു. അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിന്റെ സഹോദരിയായിരുന്നു. ഇദ്ദേഹത്തിന് ഒരു മകളുണ്ടായിരുന്നു. അവരുടെ പേര് ഫസ്ഹം എന്നായിരുന്നു. ഇദ്ദേഹം ബദ്ർ, ഉഹുദ്, ഖൻദഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ) തിരുമേനിയോടൊപ്പം പങ്കെടുത്തു. നബി(സ)തിരുമേനി ഇദ്ദേഹത്തേയും ഹദ്റത്ത് ശുജാഅ് ബിൻ വഹബ് അൽഅസദിയേയും സഹോദരന്മാരാക്കി. ഹദ്റത്ത് ഔസ് ബിൻ ഖൗലി കാമിലീനിലാണ്; ജാഹ്ലിയ്യാ കാലത്തും അതുപോലെ ഇസ്ലാമിന്റെ പ്രാരംഭകാലത്തും അറബി എഴുതാൻ അറിയുന്നതോടൊപ്പം അമ്പെയ്ത്തും നീന്തലും നല്ലപോലെ വശമുള്ള ആളുകൾ 'കാമിൽ' എന്നാണ് അറിയപ്പെട്ടിരുന്നത്. ഈ മൂന്നു കാര്യങ്ങൾ ഒരാളിലുണ്ടെങ്കിൽ അയാൾ 'കാമിൽ' എന്ന് പറയപ്പെടും. ഈ എല്ലാകാര്യങ്ങളും ഔസ് ബിൻ ഖൗലിയിൽ ഉണ്ടായിരുന്നു.(ഉസുദുൽ ഗാബ, വാല്യം 1, പേജ് 320, ഔസ് ബിൻ ഖൗലി, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 409–410, ഔസ് ബിൻ ഖൗലി, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് നാജിയ ബിൻ അഅ്ജം നിവേദനം: ഹുദയ്ബിയായുടെ അവസരത്തിൽ നബി(സ) തിരുമേനിയുടെ സന്നിധിയിൽ വെള്ളം കുറവാണെന്ന് പരാതിപ്പെട്ടു. നബി(സ)തിരുമേനി എന്നെ വിളിപ്പിച്ചു. തന്റെ ആവനാഴിയിൽനിന്ന് ഒരു അമ്പെടുത്ത് എനിക്കു തന്നു. പിന്നീട് കിണറിലെ വെള്ളം ഒരു തൊട്ടിയിൽ വാങ്ങിപ്പിച്ചു. ഞാൻ അതുമായി വന്നു. അവിടന്ന് വുളൂചെയ്തു. കൊപ്ലിച്ച് തൊട്ടിയിൽ മറിച്ചു. ആളുകളാണെങ്കിൽ കഠിനമായ ചൂടിലായിരുന്നു. മുസ്ലീംകളുടെ കൈയിൽ ഒരേയൊരു കിണറാണുണ്ടായിരുന്നത്. കാരണം അന്യാരാധകർ ബൽദഹ് എന്ന സ്ഥലത്ത് വേഗമെത്തി ആ വെള്ളത്തിനുമേൽ ആധിപത്യം ഉറപ്പിച്ചിരുന്നു. പിന്നീട് നബി(സ)തിരുമേനി എന്നോടു പറഞ്ഞു. ആ തൊട്ടിയിലെ വെള്ളം വറ്റിപ്പോയ കിണറിൽ മറിക്കുക. അതിലെ വെള്ളത്തിൽ അമ്പ് നാട്ടുക. ഞാൻ അങ്ങനെ തന്നെ ചെയ്തു. നബി(സ)തിരുമേനിയെ സത്യവുമായി അയച്ച അല്ലാഹുവാണ! ഞാൻ വളരെ പ്രയാസപ്പെട്ടാണ് കിണറിൽനിന്ന് വെളിയിൽ വന്നത്. അതായത് പെട്ടെന്നുതന്നെ വെള്ളം പ്രവഹിച്ച് വെളിയിൽ വരാൻ തുടങ്ങി. എന്നെ നാലുഭാഗത്തുനിന്ന് വെള്ളം വളഞ്ഞു. ചെമ്പിൽ തിളച്ചു പൊന്തുന്നതുപോലെയാണ് വെള്ളം വെളിയിലേക്ക് തള്ളിയത്. അങ്ങനെ വെള്ളം ഉയർന്നു. സമനിരപ്പിലെത്തി. ആളുകൾ അതിന്റെ അരികിൽനിന്ന് വെള്ളം നിറച്ചിരുന്നു. അവരിൽ അവസാനത്തെയാളും ദാഹം ശമിപ്പിച്ചു. ആ ദിവസം കപടവിശ്വാസികളിലെ ഒരു വിഭാഗവും അവിടെ ഉണ്ടായിരുന്നു. അവരിൽ അബ്ദുല്ലാഹ് ബിൻ ഉബയ് ബിൻ സുലൂലുമുണ്ടായിരുന്നു. അയാൾ ഔസ് ബിൻ ഖൗലിയുടെ മാതുലനായിരുന്നു. ഹദ്റത്ത് ഔസ് ബിൻ ഖൗലി അയാളോടു പറഞ്ഞു, അബുൽഹുബാബേ! നിന്നിൽ നാശം. ഇനി നീ നേരിൽ കണ്ട ഈ ദിവ്യദൃഷ്ടാന്തത്തിൽ വിശ്വസിക്കുക. നബി(സ)തിരുമേനിയുടെ സത്യത്തെ വിശ്വസിക്കുക. ഇതിനുശേഷം നിനക്ക് എന്തെങ്കിലും ഒഴികഴിവുണ്ടോ? അപ്പോൾ അയാൾ പറഞ്ഞു: ഇത്തരത്തിലുള്ള ഒരുപാടു കാര്യങ്ങൾ കണ്ടുകഴിഞ്ഞിട്ടുള്ളതാണ്. അപ്പോൾ അയാളോടു ഹദ്റത്ത് ഔസ് ബിൻ ഖൗലി പറഞ്ഞു: അല്ലാഹു നിന്നെ നശിപ്പിക്കട്ടെ! നിന്റെ അഭിപ്രായം മോശമായി സ്ഥാപിക്കട്ടെ! അബ്ദുല്ലാഹ് ബിൻ ഉബയ്യ് നബി(സ)തിരുമേനിയുടെ അടുത്തുവന്നു. നബി(സ)തിരുമേനി അയാളോടു പറഞ്ഞു:അബുൽഹുബാബേ! ഇന്ന് നീ കണ്ടതുപോലെ ഇതിനുമുമ്പേ എപ്പാഴാണ് കണ്ടിട്ടുള്ളത്? നബി(സ)തിരുമേനിക്ക് വിവരം കിട്ടിയപ്പോൾ അവിടന്ന് ചോദിച്ചതാണ്. അയാൾ പറഞ്ഞു, 'ഞാൻ ഇതിനുമുമ്പേ ഒരിക്കലും കണ്ടിട്ടില്ല.' പിന്നെ നീ എന്തിനാണ് അങ്ങനെ പറഞ്ഞത്? അതായത് തന്റെ സഹോദരിപുത്രനോടു പറഞ്ഞ കാര്യം!അബ്ദുല്ലാഹ് ബിൻ ഉബയ്യ് പറഞ്ഞു: അസ്തഗ്ഫിറുല്ലാഹ്. അബ്ദുല്ലാഹ് ബിൻ ഉബയ്യിന്റെ മകൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ദുല്ലാഹ് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ അദ്ദേഹത്തിനുവേണ്ടി മഗ്ഫിറത്തിന് ദുആ ചെയ്താലും. അങ്ങനെ നബി(സ)തിരുമേനി മഗ്ഫിറത്തിന് ദുആ ചെയ്തു. (സുബുലുൽ ഹുദാ, വാല്യം 5, പേജ് 41, ബാബു ഫീ ഗസ്വ അൽഹുദയ്ബിയ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്1993).(ഇംതാഉൽ അസ്മാഅ്, വാല്യം 1, പേജ് 284, ന്നുബാബു മഖാലത്തുൽമുനാഫിഖീൻ ഫീ ദലീലിന്നുബുവ്വത്തി, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1999)

ഹദ്റത്ത് അലി ബിൻ അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ) നിവേദനം: നബി(സ)തിരുമേനി ഉംറ ചെയ്യുന്നതിനുവേണ്ടി മക്കയിൽപോകാൻ തിരുമാനിച്ചപ്പോൾ അവിടന്ന് ഔസ് ബിൻ ഖൗലിയേയും അബൂ റാഫിഅ്നേയും ഹദ്റത്ത് അബ്ബാസിന്റെ അടുത്തേക്ക് 'മയ്മൂനായുടെ വിവാഹം താനുമായി നടത്തുക' എന്നുള്ള സന്ദേശം നല്കി അയച്ചു. വഴിയിൽ അവർ രണ്ടുപേരുടേയും ഒട്ടകം കളഞ്ഞുപോയി. അവർ കുറച്ചു ദിവസം ബത്വൻറാബിഗിൽ– റാബിഗ് ജുഹ്ഫായിൽനിന്ന് പത്തുമൈൽ ദൂരത്തുള്ള സ്ഥലമാണ്–നിന്നു. നബി(സ)തിരുമേനി അവിടെ എത്തി. പിന്നീട് അവരിരുവർക്കും അവരുടെ ഒട്ടകത്തെ കിട്ടി. അതുകഴിഞ്ഞ് അവരിരുവരും നബി(സ)തിരുമേനിയോടൊപ്പമാണ് മക്കയിൽ പോയത്. നബി(സ)തിരുമേനി ഹദ്റത്ത് അബ്ബാസിന് സന്ദേശം അയച്ചു. ഹദ്റത്ത് മയ്മൂന(റ) തന്റെ കാര്യം ഹദ്റത്ത് അബ്ബാസിനെ ഏല്പിച്ചിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് അബ്ബാ

സിന്റെ വീട്ടിൽ പോയി. ഹദ്റത്ത് ബ്വാസ്(റ)നബി(സ)തിരുമേനിയുമായി ഹദ്റത്ത് മയ്മൂനയുടെ വിവാഹം നടത്തി.(ശർഹ് അല്ലാമ സർഖാനീ, വാല്യം 4, പേജ് 423, മയ്മൂന ഉമ്മുൽമുഅ്മിനീൻ, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1999), (മുഅ്ജബുൽ ബുൽദാൻ, വാല്യം 3, പേജ് 12, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത്).

നബി(സ)തിരുമേനി വഫാത്തായപ്പോൾ ഹദ്റത്ത് ഔസ് ബിൻ ഖൗലി, ഹദ്റത്ത് അലി ബിൻ അബീ ത്വാലിബിനോടു പറഞ്ഞു: ‘ഞാൻ സത്യം ചെയ്തു പറയുന്നു, ഞങ്ങളേയും നബി(സ)തിരുമേനിയ്ക്കുള്ള സേവനത്തിൽ പങ്കാളിയാക്കിയാലും.’ അങ്ങനെ ഹദ്റത്ത് അലി അദ്ദേഹത്തിന് അനുവാദം നല്കി.

ഇതിനെ സംബന്ധിച്ച് മറ്റൊരു നിവേദനം ഇങ്ങനെ ലഭിക്കുന്നുണ്ട്: നബി(സ)തിരുമേനി വഫാത്തായപ്പോൾ ആ മഹാത്മാവിനെ കുളിപ്പിക്കാൻ തീരുമാനിച്ചു. അപ്പോൾ അൻസ്വാർ വന്നു. അവർ പറഞ്ഞു: അല്ലാഹ അല്ലാഹ് ഞങ്ങൾ അവിടത്തെ മാതാമഹിയുടെ വീട്ടുകാരാണ്. അതുകൊണ്ട് ഞങ്ങളിലാരെങ്കിലും നബി(സ)തിരുമേനിയുടെ അടുത്തുണ്ടാകണം. നിങ്ങളിലാരെയെങ്കിലും നിങ്ങൾ തീരുമാനിക്കാൻ അവരോടു പറയപ്പെട്ടു. അങ്ങനെ അവർ ഔസ് ബിൻ ഖൗലിയെ തീരുമാനിച്ചു. അദ്ദേഹം ഉള്ളിൽ വന്നു. മയ്യിത്ത് കുളിപ്പിക്കുന്നതിലും മറവ് ചെയ്യുന്നതിലും പങ്കെടുത്തു. ഹദ്റത്ത് ഔസ് നല്ല ആരോഗ്യമുള്ള വ്യക്തിയായിരുന്നു. അദ്ദേഹം വെള്ളത്തിന്റെ മൺകുടം എടുത്തുകൊണ്ട് വന്നിരുന്നു. അങ്ങനെ വെള്ളം ലഭ്യമാക്കിയിരുന്നു.(ഉസുദുൽ ഗാബ, വാല്യം 1, പേജ് 320, ഔസ് ബിൻ ഖൗലി, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (ഇസ്വാബ, വാല്യം 1, പേജ് 299, ഔസ് ബിൻ ഖൗലീ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).

ഹദ്റത്ത് ഇബ്നു അബ്ബാസ് വിവരിക്കുന്നു, ഹദ്റത്ത് അലി, ഹദ്റത്ത് ഫള്ൽ ബിൻ അബ്ബാസ്, അദ്ദേഹത്തിന്റെ സഹോദരൻ ഖഥം, നബി (സ) തിരുമേനി മോചിപ്പിച്ച അടിമ ശുഖ്റാൻ, ഹദ്റത്ത് ഔസ് ബിൻ ഖൗലീ എന്നിവർ നബി(സ)തിരുമേനിയുടെ ഖബ്റിൽ ഇറങ്ങിയിരുന്നു. (സുനൻ ഇബ്നു മാജ, കിതാബുൽ ജനാഇസ് ദിക്റു വഫാത്തുഹു വ ദഫ്നുഹു ഹദീഥ് 1628).അതായത് മയ്യിത്ത് ലഹ്ദിന്റെ ഉള്ളിൽ വെക്കുന്നതിനു വേണ്ടി.

ഹദ്റത്ത് ഔസ് ബിൻ ഖൗലി നിവേദനം: നബി(സ)തിരുമേനിയുടെ സന്നിധയിൽ അദ്ദേഹം(റ) ഹാജറായി. നബി(സ)തിരുമേനി പറഞ്ഞു; അല്ലയോ ഔസേ! ആരാണോ അല്ലാഹുവിനു വേണ്ടി വിനയവും എളിമയും കൈക്കൊള്ളുന്നത് അല്ലാഹു അങ്ങനെയുള്ളവരുടെ പദവികൾ ഉയർത്തുന്നതാണ്. ആരാണോ അഹങ്കരിക്കുന്നത് അല്ലാഹു അവരെ അപമാനിക്കുന്നതാണ്. (മഅ്രിഫത്തുസ്സ്വഹാബ ലി അബീ നഈം, വാല്യം 1, പേജ് 279, ഹദീഥ് 975, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

ഇതു വളരെ പ്രധാനപ്പെട്ട പാഠമാണ്. നമ്മൾ എപ്പോഴും ഇത് ഓർമവെക്കേണ്ടതാണ്. അദ്ദേഹം മദീനയിൽ ഹദ്റത്ത് ഉഥ്മാന്റെ ഖിലാഫത്ത് കാലത്ത് വഫാത്തായി. (ഉസുദുൽ ഗാബ, വാല്യം 1, പേജ് 321, ഔസ് ബിൻ ഖൗലി, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

അല്ലാഹു ഈ എല്ലാ സ്വഹാബാക്കളുടേയും പദവികൾ ഉയർത്തുമാറാകട്ടെ.

(പേജ് 1ൽനിന്ന്)

ഉദ്ദേശ്യം മനുഷ്യന്റെ പെരുമാറ്റം അവസാനിക്കുന്നതോടെ അവന്റെ പരീക്ഷണങ്ങളും അവസാനിക്കുന്നുവെന്നാണ്. ഉദാഹരണത്തിന് പൗരുഷം ഇല്ലാത്ത ഒരുവൻ താൻ ഒരിക്കലും ഒരു സ്ത്രീയേയും ദൃഷ്ടി ഉയർത്തി നോക്കിയിട്ടില്ലെന്ന് പറഞ്ഞാൽ അവൻ എന്തു പ്രതിഫലത്തിന് അർഹനാകാനാണ്? അവനിൽ ദുർന്നോട്ടമെന്ന സ്വഭാവമേയില്ല! എന്നാൽ, പൗരുഷമുള്ള ഒരുവൻ അങ്ങനെ ചെയ്താൽ പ്രതിഫലം പ്രാപിക്കും. ഇപ്രകാരം മനുഷ്യന് ആയിരക്കണക്കിന് സ്ഥലങ്ങൾ താണ്ടേണ്ടതായി വരുന്നു. ചില ചില അനുഭവങ്ങൾ അവനെ കഴിവുള്ളവനാക്കുന്നു. ആത്മാവുമായി അവൻ രഞ്ജിപ്പിലായി. ഇപ്പോൾ അവൻ ഒരു സ്വർഗത്തിലാണ്. പക്ഷേ, ആ ആദ്യത്തെപോലുള്ള പ്രതിഫലമുണ്ടാകുകയില്ല. അവൻ ഒരു കച്ചവടം ചെയ്തുകഴിഞ്ഞു. അതിന്റെ ലാഭമാണ് അവൻ എടുത്തുകൊണ്ടിരിക്കുന്നത്. പക്ഷേ, ആദ്യത്തെ നിറമുണ്ടാകുകയില്ല. മനുഷ്യൻ ഒരു കാര്യം ആദ്യം അഭിനയിക്കുകയും പിന്നീട് അത് അവന്റെ സ്വഭാവമായിത്തീരുകയും ചെയ്യുന്നു. സ്വാഭാവികമായി അവൻ അത് രുചിച്ച് ആസ്വദിക്കുന്നു. ആ ജോലിയിൽനിന്നകറ്റപ്പെട്ടാൽ അവൻ അർഹനായിരിക്കുകയില്ല. അവൻ പ്രകൃതിയാൽ ഇവിടെനിന്ന് മാറുകയുമില്ല. അതിനാൽ ഇത്തിഖായും(ഭക്തി) തഖ്വായും(ദൈവഭയവും) അതിന്റെ സീമവരെ എത്താത്തിടത്തോളം പൂർണമായ വെളിപ്പെടലുണ്ടാകുകയില്ല. മറിച്ച് അത് ഒരു തരത്തിലുള്ള വാദം മാത്രമായിരിക്കും.”(മൽഫൂദാത്ത് വാല്യം 1, പേജ് 18–19)

☆☆☆

# പര്സപരം സ്നേഹിക്കുക

പരസ്പരം ആത്മാർഥമായ സഹതാപം ഉണ്ടാകാത്തിടത്തോളം നമ്മുടെ ജമാഅത്ത് തഴച്ചുവളരുകയില്ല. ശക്തിയും കഴിവുമുള്ളവർ അശക്തരായവരെ സ്നേഹിക്കേണ്ടതാണ്. ചിലർ മറ്റുള്ളവരുടെ ന്യൂനതകൾ കണ്ടാൽ പിന്നെ അവരോട് സൗമ്യമായി പെരുമാറുന്നില്ലെന്നും വെറുപ്പും വിദ്വേഷവും പ്രകടിപ്പിക്കുന്നുവെന്നും ഞാൻ കേൾക്കുന്നു. സത്യത്തിൽ ന്യൂനതകൾ ഉള്ളവർക്കുവേണ്ടി ദുആ ചെയ്യുകയാണ് വേണ്ടത്. അവരെ സ്നേഹിക്കുകയാണ് വേണ്ടത്. വിനയത്തോടും സന്മനസ്സോടുംകൂടി കാര്യങ്ങൾ പറഞ്ഞ് ബോദ്ധ്യപ്പെടുത്തിക്കൊടുക്കുകയാണ് വേണ്ടത്. എന്നാൽ, ഇതിന് പകരം അവരോട് ശത്രുത പുലർത്തുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. മാപ്പു കൊടുക്കാനും സഹതാപത്തോടെ പെരുമാറാനും നിങ്ങൾ സന്നദ്ധരാകുന്നില്ലെങ്കിൽ വിഘടിച്ച് അവസാനം അങ്ങേയറ്റം ദുഷിച്ചുപോകും. ഇതൊരിക്കലും അല്ലാഹു ഇഷ്ടപ്പെടുന്നില്ല.

പരസ്പരം സഹതാപത്തോടുകൂടി പെരുമാറുകയും ന്യൂനതകളെല്ലാം അങ്ങോട്ടമിങ്ങോട്ടും മറച്ചുവെക്കുകയും ചെയ്യുമ്പോൾ ജമാഅത്ത് യഥാർഥ ജമാഅത്തായി പരിണമിക്കുന്നു. ഈ അവസ്ഥ ജനിക്കുമ്പോൾ നിങ്ങൾ ഒരേയൊരു ശരീരത്തിന്റെ അവയവങ്ങളായിത്തീരുന്നു. കൂടപ്പിറപ്പിനേക്കാളുപരിയായി പരസ്പരം മനസ്സിലാക്കാൻ തുടങ്ങുന്നു. നിങ്ങൾക്കറിയാമല്ലോ– ഒരു കുട്ടിയിൽനിന്ന് എന്തെങ്കിലും തെറ്റുണ്ടായാൽ അത് മറച്ചുവയ്ക്കുകയാണ് പിതാവ് ചെയ്യാറുള്ളത്. എന്നിട്ട് അവനെ വിളിച്ച് രഹസ്യമായി കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തിക്കൊടുക്കും. ഇതുപോലെ കൂടപ്പിറപ്പിന്റെ ന്യൂനതകൾ പരസ്യപ്പെടുത്താൻ ആരും മുതിരുകയില്ല. വാസ്തവം ഇതാകുമ്പോൾ അല്ലാഹു സഹോദരങ്ങളാക്കിയവരുടെ സ്വഭാവം മറിച്ചാകുന്നതെങ്ങനെ? കൂടപ്പിറപ്പ് സാഹോദര്യബന്ധത്തിന്റെ മാർഗം ഒരിക്കലും ഉപേക്ഷിക്കുകയില്ല.

കുരങ്ങുകൾ, പട്ടികൾ തുടങ്ങിയ മൃഗങ്ങളിൽനിന്ന് ചില സന്ദർഭങ്ങളിൽ മനുഷ്യൻ പലതും പഠിക്കാറുണ്ട്. ആഭ്യന്തരമായ ഭിന്നത പുലരുന്നിടത്ത് അനുഗ്രഹലബ്ധിയുണ്ടാവുകയില്ല. ഈ പാഠവും സാഹോദര്യവുമാണ് അല്ലാഹു സ്വഹാബത്തിനെ പഠിപ്പിച്ചത്. സ്വർണത്തിന്റെ മലതന്നെ ചെലവഴിച്ചാലും നബി(സ)തിരുമേനി മുഖേന അവർക്കു ലഭിച്ച സാഹോദര്യം മറ്റൊരു നിലയ്ക്ക് അവർക്കു കിട്ടുമായിരുന്നില്ല. ഇപ്രകാരം തന്നെയാണ് ഈ ജമാഅത്തും. വിശ്വാസികൾക്കുള്ള മുന്നറിയിപ്പാണിത്. ഒരിക്കലും അവർ ആലസ്യം കാണിക്കരുതെന്ന നിർദേശമാണ് ഈ ഉപദേശത്തിന്റെ മർമം. ‘ആമന്നാ’ എന്ന് പറഞ്ഞ് അല്ലാഹുവിന്റെ വിധേയത്വത്തിൽ അവർ വന്നു കഴിഞ്ഞു. അവരിപ്പോൾ വൃത്തിയുള്ളവരാണ്. സത്യമുള്ളവരാണ്. അല്ലാഹുവിനെ അനുസരിക്കുന്നവരായി ജീവിക്കുന്നവരാണ്. ഇനി വീണ്ടുമവർ അഴുക്കിലേക്ക് തിരിച്ചുപോകരുത്. മനുഷ്യരിൽ ഏതെങ്കിലുമൊരു വിഭാഗത്തിന്റെ ആകർഷണവലയത്തിൽ അവർ അകപ്പെട്ട് പോകരുത്. അകപ്പെട്ടു പോയാൽ അതുവരെയുള്ള അവരുടെ എല്ലാ ഇബാദത്തുകളും നഷ്ടപ്പെട്ടുപോകും. പകൽ മുഴുവൻ വെള്ളം കോരി രാത്രി കുടം തച്ചുടയ്ക്കുന്നവർ വിഡ്ഢികളാണ്. അത് വിശ്വാസികൾ ചെയ്യരുത്. മനസ്സിനെ ദൃഢമാക്കുക, പാതയെ പരിശുദ്ധമാക്കുക, സമീപനത്തെ വിനയാന്വിതമാക്കുക സദാ, അല്ലാഹുവിനോട് പ്രാർഥിച്ചുകൊണ്ടേയിരിക്കുക.

“ഞങ്ങളുടെ നാഥാ, നീ ഞങ്ങളെ നേർവഴിയിലാക്കിയതിന്നുശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചുകളയരുതേ. നീ, ഞങ്ങൾക്ക് നി ന്റെ അടുക്കൽനിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ. നിശ്ചയമായും നീ തന്നെയാണ് ഏറ്റവും വലിയ അനുഗ്രഹദാതാവ്.” (3:9) (മൽഫൂദാത്ത് വാല്യം 3 പേജ് 347–350)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

**“നിങ്ങൾക്ക് ഇരുലോകത്തും വിജയം കരസ്ഥമാകണമെന്നും ജനങ്ങളുടെ ഹൃദയങ്ങൾ കീഴടക്കണമെന്നും ആഗ്രഹിക്കുന്നെങ്കിൽ പരിശുദ്ധി സ്വായത്തമാക്കുക. നിങ്ങൾ സ്വയം നിങ്ങളെ നന്നാക്കുകയും മറ്റുള്ളവർക്ക് നിങ്ങളുടെ ശ്രേഷ്ഠമായ സ്വഭാവങ്ങളുടെ മാതൃക കാണിക്കുകയും ചെയ്യുക; അപ്പോഴായിരിക്കും നിങ്ങൾ വിജയിക്കുന്നത്.”**
**(ജുമുഅ ഖുത്ബ 2016 ജനുവരി 1)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**“നമ്മുടെ ആരാധനാകർമങ്ങളുടെ അഭിവൃദ്ധി തന്നെയാണ് നമുക്ക് വിജയം നല്കുന്നത്. ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇതിനെക്കുറിച്ച് എല്ലാ വ്യവസ്ഥിതിയും ഗൗരവമാകേണ്ട ആവശ്യമുണ്ട്.”**
**(ജുമുഅ ഖുത്ബ 27–01–2017)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ameer Ahmadiyya Jama-ath Kannur Town, Kerala.**

## ഖുത്ബ ജുമുഅ

**നബിമാരേയും റസൂൽമാരേയും മാരണം ബാധിക്കുക എന്നത് അവരുടെ അന്തസ്സിന് ചേർന്നതല്ല.**

**സേവകന്റെ സ്ഥാനം ഇതാകുമ്പോൾ യജമാനനെ സംബന്ധിച്ച്, അദ്ദേഹം നഊദുബില്ലാഹ് ഒരു യഹൂദിയുടെ ഹിപ്നോട്ടിസത്തിന് വിധേയനായി എന്നത് എങ്ങനെയാണ് സ്വീകാര്യമാകുന്നത്?**

**നബിമാരുടെമേൽ മാരണം ചെയ്തുവെന്ന കഥയെ വിശുദ്ധ ഖുർആൻ ദൂരത്തുനിന്നുതന്നെ തള്ളിമാറ്റുന്നു. മാനുഷിക ബുദ്ധി അതിനെ നിരാകരിക്കുന്നു. ഹദീഥിലെ വാക്കുകൾ ആ വ്യാഖ്യാനത്തെ നിഷേധിക്കുന്നു. നബി(സ)തിരുമേനിയുടെ ശ്രേഷ്ഠതതന്നെ മാരണകഥ പൊളിച്ചെഴുതുന്നു.**

**കണ്ണുംപൂട്ടി ബുഖാരിയേയും മുസ്‌ലിമിനേയും വിശ്വസിക്കുക എന്നത് നമ്മുടെ മാർഗത്തിന് വിരുദ്ധമാണ്. വിശുദ്ധ ഖുർആനും നബി(സ)തിരുമേനിയുടെ പവിത്രതയ്ക്കും വിരുദ്ധമായിട്ടുള്ള ഹദീഥുകൾ നാം എങ്ങനെ വിശ്വസിക്കാനാണ്?**

**ഏതെങ്കിലും ഹദീഥ് വിശുദ്ധഖുർആനോടോ നബി(സ)തിരുമേനിയുടെ പവിത്രതയോടോ പരിശുദ്ധതയോടോ ഏറ്റുമുട്ടുന്നുവെങ്കിൽ അത് നിഷേധാർഹമാണ്. അല്ലെങ്കിൽ അതിന് മറ്റെന്തെങ്കിലും വ്യാഖ്യാനമുണ്ടാകും.**

**ഇവർക്ക് എന്തുപറ്റിയെന്ന് അറിയില്ല, എല്ലാ നബിമാരും ശയ്ത്വാന്റെ സ്പർശനത്തിൽനിന്ന് പരിശുദ്ധനെന്ന് വിശ്വസിച്ചുപോന്ന ഈ നിഷ്കളങ്കനബിയെ കുറിച്ച് ഇത്തരം വാക്കുകൾ പറയുന്ന ഇവർക്കെന്തുപറ്റി?**

**അൽഹംദുലില്ലാഹ്. നമ്മൾ ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ച് നബി(സ)തിരുമേനിയുടെ പദവിയേയും സ്ഥാനത്തേയും മനസ്സിലാക്കുന്നവരാണ്. തിരിച്ചറിയുന്നവരാണ്.**

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّعَلٰى اٰلِ مُحَمَّدٍ وَّبَارِكْ وَسَلِّمْ اِنَّكَ حَمِيْدٌ مَّجِيْدٌ

**നബി(സ)തിരുമേനിയെ ഏതെങ്കിലും മാരണം ബാധിച്ചിരുന്നുവോ?**

**നബി(സ)തിരുമേനിയുടെ അനുഗൃഹീത വ്യക്തിത്വത്തിനുമേൽ യഹൂദികളുടെ ഭാഗത്തുനിന്ന് ഉയർത്തപ്പെട്ട മാരണകഥയുടെ നിജസ്ഥിതി, അതിന്റെ യാഥാർഥ്യം, അഹ്മദിയ്യാ ജമാഅത്തിന്റെ വിശദീകരണം.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ 2019 മാർച്ച് 08/1398 തബ്‌ലീഗ് 08**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

**ഹദ്റത്ത് ഖയ്സ് ബിൻ മിഹ്സ്വൻ അൻസ്വാരി:** ചിലനിവേദനങ്ങളിൽ ഇദ്ദേഹത്തിന്റെ പേര് ഖയ്സ് ബിൻ ഹിസ്ൻ എന്നും പറഞ്ഞുകാണുന്നുണ്ട്. ഇദ്ദേഹത്തിന്റെ ബന്ധം അൻസ്വാർ ഗോത്രമായ ബനൂ സുറയ്ഖുമായിട്ടായിരുന്നു. ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് അനീസ ബിൻത് ഖയ്സ് എന്നും പിതാവിന്റെ പേര് മിഹ്സ്വൻ ബിൻ ഖാലിദ് എന്നുമായിരുന്നു. ഇദ്ദഹം ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഇദ്ദേഹത്തിന്റെ ഒരു മകളായിരുന്നു ഉമ്മു സഅ്ദ് ബിൻത് ഖയ്സ്. ഇദ്ദേഹം വഫാത്തായപ്പോൾ മക്കൾ മദീനയിലായിരുന്നു.(ഉസുദുൽ ഗാബ, വാല്യം 4, പേജ് 442, ഖയ്സ് ബിൻ മിഹ്സ്വൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 443, ഖയ്സ് ബിൻ മിഹ്സ്വൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

**ഹദ്റത്ത് ജുബയ്ർ ബിൻ ഇയാസ്(റ).** ഇയാസ് ബിൻ ഖാലിദ് എന്നത് ഇദ്ദേഹത്തിന്റെ പിതാവിന്റെ പേരായിരുന്നു. ഇദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു. ഇദ്ദേഹത്തിന്റെ ബന്ധം ഖസ്റജ് ഗോത്രത്തിന്റെ ശാഖയായ ബനൂ സുറയ്ഖുമായിട്ടായിരുന്നു. ഇദ്ദേഹത്തിന്റെ പേര് ജുബയ്ർ ബിൻ ഇൽയാസ് എന്നായിരുന്നുവെന്ന് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മുഹമ്മദു പറഞ്ഞിട്ടുണ്ട്. മറ്റൊരു നിവേദനത്തിൽ ഇദ്ദേഹത്തിന്റെ പേര് ജബ്ർ ബിൻ ഇയാസ് എന്നും പറഞ്ഞിട്ടുണ്ട്.(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 444, ജുബയ്ർ ബിൻ ഇയാസ്, പ്രസാധകർ ദാറു ൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദീഥിൽ വരുന്നു, നബി(സ)തിരുമേനിയുടെമേൽ നഊദ് ബില്ലാഹ് ഒരു യഹൂദി മാരണം നടത്തി. അത് നബിയെ ബാധിച്ചു. അയാൾ ചീർപ്പിലും തലമുടിയിലും മാരണം നടത്തി 'ദർവാൻ' കിണറിലിട്ടുവെന്നാണ് നിവേദനങ്ങളിൽ വന്നിരിക്കുന്നത്. നബി(സ)തിരുമേനി പിന്നീട് അവിടെ പോയി അത് പുറത്തെടുത്തു. ബുഖാരിയുടെ വ്യാഖ്യാനമായ ഫത്ഹുൽ ബാരിയിൽ പറയുന്നത് ചീർപ്പും തലമുടിയും ഹദ്റത്ത് ജുബയ്ർ ബിൻ ഇയാസാണ് കിണറ്റിൽ നിന്ന് പുറത്തെടുത്തെടുത്തതെന്നാണ്. മറ്റൊരു നിവേദനമനുസരിച്ച് ഹദ്റത്ത് ഖയ്സ് ബിൻ മിഹ്സ്വനാണ് അത് പുറത്തെടുത്തത്. (ഫത്ഹുൽബാരി, ഇമാം ഇബ്നു ഹജർ കിതാബുത്വിബ്ബ്, ബാബ് അസ്സിഹ്ർ, ഹദീഥ് 5763, വാല്യം 10, പേജ് 282, ഖദീമീ കുതുബ് ഖാന കറാച്ചി)

അതുകൊണ്ടാണ് ഈ രണ്ട് സ്വഹാബത്തിന്റേയും വിവരണം ഞാൻ ഒരുമിച്ചെടുത്തത്. അവരിൽ ആര് ഈ വസ്തുക്കൾ പുറത്തെടുത്താലും അത് അത്ര പ്രധാനപ്പെട്ട കാര്യമല്ല. യഥാർഥ കാര്യമെന്താണെന്നാൽ, നബി(സ)തിരുമേനിയ്ക്ക് ആരുടെയെങ്കിലും മാരണം ബാധിച്ചിരുന്നോ? എന്നതാണ്. അതിന്റെ യാഥാർഥ്യം എന്താണ്. ഇക്കാര്യത്തിൽ നമ്മുടെ വീക്ഷണം എന്താണ്? ഇത് നമ്മൾ അറിഞ്ഞിരിക്കേണ്ടതാണ്. നബി(സ)തിരുമേനിയുടെമേൽ എത്തരത്തിലുള്ള ആക്ഷേപമുണ്ടായാലും അല്ലെങ്കിൽ ആളുകൾ ആക്ഷേപിക്കുന്നുണ്ടെങ്കിലും നമ്മൾ മറുപടി പറയേണ്ടതാണ്. അതുകൊണ്ട് ഞാൻ ഇതിന്റെ കുറച്ച് വിശദീകരണം വിവരിക്കുകയാണ്; അത് ജമാഅത്തിന്റെ സാഹിത്യങ്ങളിലുള്ളതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സൂറ ഫലഖിന്റെ തഫ്സീർ എഴുതുമ്പോൾ ഈ സംഭവം പ്രതിപാദിക്കുകയുണ്ടായി. അവിടന്ന് സൂറത്തിനെ കുറിച്ച് പറയുന്നു: അവസാന സൂറത്തുകളായ സൂറ ഫലഖും സൂറ നാസും മക്കയിൽ ഇറങ്ങിയതാണെന്ന് ചിലർ ധരിക്കുന്നു. ചിലർ മദനിയാണെന്ന് പറയുന്നു. അതായത് മദീനയിൽ ഇറങ്ങിയതാണെന്ന്. അവിടന്നെഴുതുന്നു: ഈ സൂറത്ത് മദനിയാണെന്ന് പറയുന്നവർ നല്കുന്ന തെളിവ് ഈ സൂറത്തിന്റേയും ഇതിനുശേഷമുള്ള സൂറത്തിന്റേയും ബന്ധം, യഹൂദികൾ മാരണം ചെയ്തതിന്റെ ഫലമായി അവിടന്ന് രോഗിയായതുമായിട്ടാണ്. അപ്പോൾ നബി(സ)തിരുമേനിക്ക് ഈ സൂറത്തുകൾ ഇറങ്ങുകയും അവിടന്ന് ഇത് ഓതി ശരീരത്തിൽ ഊതുകയും ചെയ്തുവെന്ന് അവർ

തെളിവ് പറയുന്നു. ഇങ്ങനെ പറയപ്പെടുന്നുവെന്നാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നത്. ഖുർആൻ വ്യാഖ്യാതാക്കൾ പറയുന്നത് ഈ സംഭവമുണ്ടായത് മദീനയിലാണ്, അതുകൊണ്ട് സൂറ ഫലഖും സൂറ നാസും മദനിയാണെന്നാണ്. എന്തായാലും ഈ രണ്ടു സൂറത്തും മദനിയാണെന്നതിനാണ് അവർ മുൻഗണന നല്കിയിട്ടുള്ളത്. അതായത് മദീനയിൽ ഇറങ്ങിയെന്ന്! ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: 'ഇത് ഖുർആൻ വ്യാഖ്യാതാക്കളുടെ ലക്ഷ്യം സമർപിക്കൽ മാത്രമാണ്. ചരിത്രപരമായ തെളിവല്ല. എന്തായാലും ഇത് മക്കി സൂറത്താണെന്ന് പറയാൻ നമ്മുടെ പക്കലും ദൃഢഗാഢമായ തെളിവൊന്നുമില്ല. എന്നാൽ, ലക്ഷ്യം സമർപിക്കാൻവേണ്ടി അവർ പറഞ്ഞതും പൊള്ളയാണ്. വ്യർഥമായ തരത്തിലുള്ള ഒരു ലക്ഷ്യസമർപണമാണ്. കാരണം ഈ സൂറത്ത് മക്കയിൽ ഇറങ്ങിയാലും നബി(സ)തിരുമേനിക്ക് രോഗത്തിന്റെ അവസരത്തിൽ തന്റെമേൽ ഊതി ഓതാൻ കഴിയുമായിരുന്നു. അതിനാൽ ഊതിയത് കൊണ്ടുമാത്രം ഇത് മദനിയാണെന്ന് കരുതുന്നത് ശരിയായ തെളിവല്ല.

നബി(സ)തിരുമേനി രോഗിയാകുകയും ജനങ്ങൾ അത് യഹൂദികൾ മാരണം ചെയ്തതുകൊണ്ടുണ്ടായതാണെന്ന് ധരിക്കുകയും ചെയ്ത സംഭവം ഏതൊരു വാക്കുകളിലാണോ നിവേദനം ചെയ്യപ്പെട്ടിരിക്കുന്നത് ആ വാക്കുകൾ ഇതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ വാക്കുകൾ ആ സൂറത്ത് പരിചയപ്പെടുത്തുന്ന വേളയിലാണ് എഴുതിയിട്ടുള്ളത്. ഖുർആൻ വ്യാഖ്യാതാക്കൾ ഹദ്റത്ത് ആഇശായുടെ നിവേദനത്തിന് മുൻഗണന നല്കിയിട്ടുള്ളതുകൊണ്ട് ആ നിവേദനത്തിന്റെ മാത്രം തർജമ ചെയ്യുകയാണ്.

ഹദ്റത്ത് ആഇശ(റ) നിവേദനം: നബി(സ)യുടെ മേൽ യഹൂദികളുടെ ഭാഗത്തുനിന്ന് മാരണം ചെയ്യപ്പെട്ടു. അതിന്റെ സ്വാധീനം എത്രമാത്രമുണ്ടായെന്നാൽ, ചില അവസരങ്ങളിൽ താൻ ചെയ്യാത്ത ജോലി ചെയ്തുവെന്ന് അവിടന്ന് വിചാരിക്കും. ഒരു ദിവസം അല്ലെങ്കിൽ ഒരു രാത്രി നബി(സ) തിരുമേനി അല്ലാഹുവിനോട് ദുആ ചെയ്തു. വീണ്ടും ദുആ ചെയ്തു. വീണ്ടും ദുആ ചെയ്തു. അതിന് ശേഷം പറഞ്ഞു: ആഇശ! അല്ലാഹുവിനോടു എന്തൊക്കെ ഞാൻ ചോദിച്ചുവോ അതെല്ലാം അവൻ എനിയ്ക്കു നല്കിയിരിക്കുന്നു. ഹദ്റത്ത് ആഇശാ(റ) പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! താങ്കൾ ആവശ്യപ്പെട്ടത് എന്താണ്? അല്ലാഹു എന്താണ് തന്നത്? അവിടന്ന് പറഞ്ഞു: എന്റെ അടുത്ത് രണ്ടാൾ വന്നു. ഒരാൾ എന്റെ തലയുടെ ഭാഗത്തും മറ്റെയാൾ എന്റെ കാലിന്റെ ഭാഗത്തും ഇരുന്നു. പിന്നീട് എന്റെ തലയുടെ അടുത്തിരുന്ന വ്യക്തി കാൽഭാഗത്ത് ഇരുന്ന വ്യക്തിയോടു പറഞ്ഞു, അല്ലെങ്കിൽ ഇങ്ങനെ പറഞ്ഞുവെന്ന് തോന്നുന്നു.(ഹദ്റത്ത് ആഇശ(റ) പറയുന്നു, അല്ലെങ്കിൽ ഇതു പറഞ്ഞു:)കാലിന്റെ ഭാഗത്ത് ഇരിക്കുന്ന വ്യക്തി തലയുടെ ഭാഗത്തിരിക്കുന്ന വ്യക്തിയോടു പറഞ്ഞു: 'ഈ വ്യക്തിയ്ക്ക് (മുഹമ്മദ്(സ)യ്ക്ക്) എന്ത് ബുദ്ധിമുട്ടാണുണ്ടായത്? രണ്ടാമൻ ഉത്തരം നല്കി: മാരണം ചെയ്യപ്പെട്ടിരിക്കുന്നു. അയാൾ ചോദിച്ചു: ആരാണ് മാരണം ചെയ്തത്? മറ്റെയാൾ പറഞ്ഞു: ലബീദ് ബിൻ അൽഅഅ്സം യഹൂദിയാണ് അത് ചെയ്തത്. അപ്പോൾ ഒന്നാമൻ പറഞ്ഞു: ഏതു വസ്തുവിലാണ് മാരണം ചെയ്തത്? രണ്ടാമൻ മറുപടി നല്കി: ചീപ്പിലും തലയിലെ മുടികളിലും! അത് ഈന്തപ്പനയുടെ കുലയ്ക്കുള്ളിലാണ്. ആദ്യത്തെയാൾ ചോദിച്ചു, മാരണം ചെയ്യപ്പെട്ട ആ വസ്തുക്കൾ എവിടെയാണുള്ളത്? രണ്ടാമൻ പറഞ്ഞു: 'ദീ അർവാ'ന്റെ കിണറ്റിലാണുള്ളത്. ഹദ്റത്ത് ആഇശാ(റ) പറയുന്നു: അതിനു ശേഷം നബി(സ)തിരുമേനി തന്റെ സ്വഹാബത്തിനേയുംകൂട്ടി കിണറിന്നരികിലേയ്ക്ക് പോയി. പിന്നീട് തിരിച്ചുവന്നു. എന്നിട്ട് പറഞ്ഞു: ആഇശാ! അല്ലാഹുവാണ! കിണറിലെ വെള്ളം മൈലാഞ്ചിയുടെ നീര് പോലെ ചെമന്നതായി തോന്നിയിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തുടർന്ന് ഇതിന് വിശദീകരണം എഴുതിയിട്ടുണ്ട്: 'ആർക്കെങ്കിലും മാരണം ചെയ്യുമ്പോൾ മൈലാഞ്ചിയോ അത്തരത്തിലുള്ള മറ്റെന്തെങ്കിലും വസ്തുക്കളോ ഇടുന്ന സമ്പ്രദായം യഹൂദികളിൽ ഉണ്ടായിരുന്നുവെന്ന് ഇതിൽനിന്ന് മനസിലാകുന്നു. മാരണത്തിന്റെ ശക്തികൊണ്ടാണ് വെള്ളത്തിന്റെ നിറം മാറിയതെന്ന് വരുത്തിത്തീർക്കാനായിരിക്കണം അങ്ങനെ ചെയ്തിരുന്നത്. സാധാരണക്കാരെ വഞ്ചിക്കാൻവേണ്ടി ബാഹ്യമായ തന്ത്രം അവർ പ്രയോഗിച്ചിരുന്നതാണ്. പിന്നീട് അവിടന്ന് പറഞ്ഞു, അവിടെയുള്ള ഈന്തപ്പനകുലകൾ എങ്ങനെയുള്ളതാണെന്നാൽ നബി(സ)തിരുമേനി പറയുന്നു, ശയ്ത്വാനെപോലെയാണ്. അതായത് പാമ്പിന്റെ തലപോലെ!(ഇതിൽ ഈന്തപ്പനകുലകളെ പാമ്പുകളുടെ തലപോലെ ഉപമിച്ചിരിക്കുകയാണ്). ഹദ്റത്ത് ആഇശാ(റ) പറയുന്നു: ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! മാരണം ചെയ്യപ്പെട്ട വസ്തുക്കൾ അങ്ങ് കരിച്ചുകളയാതിരുന്നതെന്തുകൊണ്ടാണ്? നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു ശിഫ നല്കിയപ്പോൾ പിന്നെ ഉപദ്രവകരമായ എന്തെങ്കിലും കാര്യം ഉണ്ടാകുന്നത് ചെയ്യാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് അത് കുഴിച്ചിടാൻ ഞാൻ കല്പന നൽകി. അങ്ങനെ അത് കുഴിച്ചിട്ടു. ഹദ്റത്ത് ആഇശാ(റ)യുടെ നിവേദനത്തിൽ, -ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) എഴുതുന്നു- രണ്ടു പുരുഷന്മാർ നബി(സ)തിരുമേനിയുടെ അടുത്തു വന്നുവെന്ന് പറഞ്ഞിട്ടുള്ളതും നബിക്ക് കാണിക്കപ്പെട്ടതും രണ്ടു മലക്കുകളാണെന്ന് മനസ്സിലാകുന്നു. അവർ മനുഷ്യരായിരുന്നുവെങ്കിൽ ഹദ്റത്ത് ആഇശ(റ)യും കാണുമായിരുന്നു. അവിടന്ന് പറയുന്നു: ഹദ്റത്ത് ആഇശ(റ) വിവരിച്ചിട്ടുള്ള നിവേദനത്തിന്റെ ഉദ്ദേശ്യം നബി(സ)തിരുമേനിക്ക് മലക്കുകൾ മുഖേന അല്ലാഹു യഹൂദികൾ അവിടത്തെമേൽ മാരണം ചെയതിട്ടുണ്ട് എന്ന വിവരം നല്കുക മാത്രമാണ്. ഇതിന്റെ ഉദ്ദേശ്യം മാരണബാധ ഉണ്ടാകുന്നുവെന്ന് അംഗീകരിക്കപ്പെടുന്നതുപോലെ നബി(സ)തിരുമേനിയേയും അതു ബാധിച്ചുവെന്നല്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: എന്തായാലും നബി(സ)തിരുമേനി ആ വസ്തുക്കളെടുത്ത് മണ്ണിൽ കുഴിച്ചിട്ടപ്പോൾ തങ്ങൾ ചെയ്ത മാരണം നിഷ്ഫലമായിപ്പോയെന്ന് യഹൂദികൾ കരുതി. അത് അവസാനിച്ചുവെന്ന്! ഇവിടെയാണെങ്കിൽ അല്ലാഹു നബി(സ)തിരുമേനിക്ക് ആരോഗ്യവും നല്കി. പറഞ്ഞതിന്റെ ചുരുക്കം യഹൂദികൾ വിശ്വസിച്ചിരുന്നത് തങ്ങൾ നബിയുടെമേൽ മാരണം ചെയ്തുവെന്നാണ്. ഇക്കാരണത്താൽ സ്വാഭാവികമായ നിലയിൽ അവരുടെ ശ്രദ്ധ അവിടന്ന് രോഗിയാവണമെന്നതിൽ കേന്ദ്രീകരിച്ചു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: ഈ നിവേദത്തിൽനിന്ന് നബി(സ)തിരുമേനിയോടു യഹൂദികൾക്കുണ്ടായിരുന്ന ശത്രുത മനസിലാകുന്നതുപോലെ, നബി(സ)തിരുമേനി അല്ലാഹുവിന്റെ സത്യപ്രവാചകനായിരുന്നുവെന്ന കാര്യവും വ്യക്തമാകുന്നു. കാരണം അല്ലാഹു യഹൂദികൾ ചെയ്ത എല്ലാകാര്യത്തേയും കുറിച്ച് അദ്ദേഹത്തിന് തന്റെ പക്കൽനിന്ന് അറിവ് നല്കി. അങ്ങനെ അദ്ദേഹത്തിന് അദൃശ്യകാര്യങ്ങളെ കുറിച്ചുള്ള അറിവ് നല്കിയതും യഹൂദികൾ അവരുടെ ലക്ഷ്യത്തിൽ പരാജിതരായതും അദ്ദേഹം സത്യപ്രവാചകനായിരുന്നുവെന്നതിനുള്ള വ്യക്തവും വിപുലവുമായ തെളിവാകുന്നു."(തഫ്സീറെ കബീർ വാള്യം 10, പേജ് 539–542)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തുറന്ന് കാട്ടിയ ഈ വിശദീകരണമാണ് യാഥാർഥ്യം. നബി(സ) തിരുമേനിയുടെമേൽ യഹൂദികൾ തങ്ങളുടെ വിശ്വാസപ്രകാരം മാരണം നടത്തി. അതിന്റെ ഒരു പ്രഭാവവും ഉണ്ടായില്ല. അത് ഒരു മറവിയുടെ മാത്രം അസുഖമായിരുന്നു. നബി(സ)തിരുമേനിയ്ക്ക് അല്ലാഹു യഹൂദികളുടെ ഗൂഢതന്ത്രത്തെ കുറിച്ച് അറിവ് നല്കി. നബി(സ)തിരുമേനിയുടെമേൽ മാരണം ചെയ്തുവെന്ന അവരുടെ ചിന്ത പോലും പരാജയപ്പെടുത്തിക്കൊണ്ട് അതിനെ വ്യക്തമാക്കി. അങ്ങനെ യഹൂദികൾ അവിടത്തെ അസുഖം കണ്ട് അവരുടെ അവകാശവാദത്തിൽ സന്തോഷിച്ചതിന്റേയും അവരുടെ മാരണം ബാധിച്ചുവെന്ന് പ്രസിദ്ധപ്പെടുത്തിയതിന്റേയും യാഥാർഥ്യം അല്ലാഹു വെളിപ്പെടുത്തി.

നമ്മുടെ സാഹിത്യത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)ന്റെ ഒരു ലേഖനമുണ്ട്. അതിൽ ഈ സംഭവത്തെ കുറിച്ച് ചരിത്രപരമായും ജ്ഞാനപരമായുമുള്ള ചർച്ച വിശദമായി ചെയ്യപ്പെട്ടിരിക്കുന്നു. അദ്ദേഹമെഴുതുന്നു:

ചരിത്രമെന്നല്ല ഹദീഥുകൾവരെ വിവരിച്ചിട്ടുള്ളതാണ് ഹുദയ്ബിയ സന്ധിയ്ക്കുശേഷം നബി(സ)തിരുമേനിയുടെമേൽ യഹൂദി വംശജനായ ഒരു കപടവിശ്വാസി ലബീദ് ബിൻ അൽഅഅ്സം നഊദ്ബില്ലാഹ് മാരണം ചെയ്തുവെന്നത്. ഒരു ചീർപ്പിൽ തലമുടി ചുറ്റി അതിൽ മന്ത്രിച്ചൂതി അത് ഒരു കിണറ്റിലിടുകയായിരുന്നു. പറയപ്പെടുന്നത്, (അദ്ദേഹം പറയുന്നു,പറയപ്പെടുന്നത്)നബി(സ) തിരുമേനി ഈ മാരണത്തിൽ ഒരുപാടുകാലം നഊദ്ബില്ലാഹ് അകപ്പെട്ടിരുന്നുവെന്നാണ്.(ഇത് അവർ പറഞ്ഞുപരത്തിയിരുന്നു). ഈ കാലങ്ങളിൽ അവിടന്ന് മിക്കപ്പോഴും ഉദാസീനനും ദുഃഖിതനുമായിരുന്നു. പരിഭ്രമത്തിൽ ആവർത്തിച്ചാവർത്തിച്ച് ദുആ ചെയ്തുകൊണ്ടിരുന്നു. ഈ അവസ്ഥയുടെ വ്യക്തമായ വശം എന്തായിരുന്നുവെന്നാൽ നബി(സ)തിരുമേനിക്ക് ആ ദിനങ്ങളിൽ ഒരുപാട് ഓർമക്കുറവുണ്ടായി. (ചില കാര്യങ്ങൾ മറന്നുപോകുമായിരുന്നു). ചിലപ്പോൾ ചെയ്യാത്ത കാര്യം ചെയ്തുകഴിഞ്ഞുവെന്ന് വിചാരിക്കും. ചെയ്തിട്ടുണ്ടാവില്ല. അല്ലെങ്കിൽ ചില അവസരങ്ങളിൽ അവിടന്ന് ഇന്ന ഭാര്യയുടെ വീട്ടിൽ പോയി വന്നുവെന്ന് വിചാരിക്കും, പക്ഷേ, യഥാർഥത്തിൽ അവിടെ പോയിട്ടുണ്ടാവില്ല. (ഇതിനു അദ്ദേഹം വിശദീകരണം നല്കുന്നു): ഇതു സംബന്ധമായി ഓർമവയ്ക്കേണ്ട കാര്യം, നബി(സ)തിരുമേനി ഇസ്‌ലാമിക കല്പനകളനുസരിച്ച് തന്റെ ഭാര്യമാർക്ക് ഊഴം നിശ്ചയിച്ചിരുന്നു. എല്ലാ ദിവസവും വൈകുന്നേരം എല്ലാ ഭാര്യമാരുടേയും അടുത്തുപോയി സുഖവിവരം അന്വേഷിച്ചിരുന്നു. അവസാനം അന്നത്തെ ഊഴം വന്നിട്ടുള്ള ഭാര്യയുടെ വീട്ടിൽ എത്തുമായിരുന്നു. മുകളിൽപറഞ്ഞ നിവേദനം ഇതാണ് സൂചിപ്പിക്കുന്നത്. (എന്തായാലും ഈ നിവേദനം മുന്നോട്ടുപോകുകയാണ്); അവസാനം അല്ലാഹു ഒരു സ്വപ്നത്തിലൂടെ നബി(സ)തിരുമേനിക്ക് ഈ ഫിത്നയുടെ യാഥാർഥ്യം പരസ്യമാക്കിക്കൊടുത്തു തുടങ്ങി പലതും.

ഇതാണ് സംക്ഷിപ്തം. ഇത് മുമ്പേയും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ തഫ്സീറിൽ വിവരിക്കപ്പെട്ടു കഴിഞ്ഞതാണ്. ഇതു ബുഖാരിയിലെ നിവേദനമാണ്. ഇതിന്റെ സംക്ഷിപ്തമാണ് അവിടന്ന് വിവരിച്ചത്. പിന്നീട് അദ്ദേഹം എഴുതുന്നു: ചരിത്രങ്ങളുടേയും ഹദീഥുകളുടേയും ചില ഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ടതിന്റെ സംഗ്രഹമാണിത്. ഈ നിവേദനത്തെ ചുറ്റിപ്പറ്റി പല കഥകളും മെനഞ്ഞുണ്ടാക്കിയിട്ടുള്ളതിനാൽ യാഥാർഥ്യം തിരിച്ചറിയുകയെന്നത് വളരെ ദുഷ്കരമായിരിക്കുന്നു. (ഈ നിവേദനത്തെ സംബന്ധിച്ച് വളരെയധികം കഥകളുണ്ടാക്കിയിട്ടുള്ളതിനാൽ യാഥാർഥ്യം എന്താണെന്നുള്ളത് അറിയുക പ്രയാസമായിത്തീർന്നിരിക്കുന്നു). മുഴുവൻ നിവേദനങ്ങളും അംഗീകരിക്കുന്ന പക്ഷം നഊദ്ബില്ലാഹ് നബി(സ) തിരുമേനിയുടെ പരിശുദ്ധവും പവിത്രവുമായ വ്യക്തിത്വത്തെ അതൊരു ബലഹീന പ്രകൃതക്കാരനാക്കി സ്ഥാപിക്കുന്നതാണ്. അല്ലെങ്കിൽ കുറഞ്ഞ പക്ഷം ഭൗതിക കാര്യങ്ങളിൽ അദ്ദേഹത്തിന്റെ ശത്രുവിനുപോലും മാരണംകൊണ്ട് തന്റെ ഇംഗിതമനുസരിച്ച് അദ്ദേഹത്തെ വശത്താക്കാൻ സാധിക്കുമെന്നും വരും. അത് അദ്ദേഹത്തെ തങ്ങളുടെ

അശുദ്ധമായ വിചാരത്തിന് വിധേയമാക്കി, അദ്ദേഹത്തിന്റെ മനസിനെയും ഹൃദയത്തെയും അവരുടെ അധീനതയിൽകൊണ്ട് വരാൻ സാധിക്കുമെന്നും വരും. നഊദുബില്ലാഹ് മാരണത്തിനു മുന്നിൽ നിസ്സഹായനായി അദ്ദേഹത്തെ കാണേണ്ടിവരും.(നിവേദനത്തെ ഹദീഥുകളിലും ചരിത്രങ്ങളിലും ഉള്ളതുപോലെ വിവരിക്കുകയാണെങ്കിൽ അതിൽനിന്ന് ഇത് തികച്ചും തെറ്റാണെന്ന് മനസ്സിലാകും. ഇത് ഇങ്ങനെ ഉണ്ടാകാനെ തരമില്ലെന്ന് കാണാം). പക്ഷേ, നാം ഈ നിവേദനങ്ങളെ ബുദ്ധിപരവും പ്രമാണപരവുമായ നിലയിൽ ഗവേഷണവിധേയമാക്കുന്നതായാൽ, അതൊരു ഓർമക്കുറവ് രോഗം മാത്രമായിരുന്നുവെന്നുകാണാം. അത് ചില താൽകാലികസംഭവങ്ങൾ കാരണത്താലോ ശരീരത്തിന് സംഭവിക്കുന്ന ചില ക്ഷീണം കാരണത്താലോ അദ്ദേഹത്തിന് ചില സന്ദർഭത്തിൽ വന്നുഭവിച്ചതായിരുന്നു. അതിനെ ചില കഠിന വിരോധികൾ മുതലാക്കി തങ്ങൾ മുസ്‌ലിംകളുടെ നബിയുടെമേൽ നഊദ്ബില്ലാഹ് മാരണം ചെയ്തുവെന്ന് പറഞ്ഞ് പ്രചരിപ്പിച്ചു. എന്നാൽ, അല്ലാഹു നബി(സ)തിരുമേനിയ്ക്ക് അതിവേഗം രോഗശമനം നൽകികൊണ്ട് ശത്രുക്കളുടെ വായ അടച്ചു. കപടവിശ്വാസികളുടെ കുപ്രചാരണത്തെ ഉന്മൂലനം ചെയ്തു.'

സർവലോകത്തിലെയും പൈശാചികശക്തികളുടെമേൽ ആധിപത്യം നേടിയവനും പ്രവാചകരിൽ ശ്രേഷ്ഠനും അതിലുമുപരിയായി നികൃഷ്ട ശക്തികളുടെ ശിരസ്സ് ഛേദിക്കുകയും ചെയ്ത ആ മഹാത്മാവിനെ പോലുള്ള ആരും മുമ്പേ ജനിച്ചിട്ടില്ല. ഇനിയൊട്ടു ജനിക്കുകയുമില്ല. അദ്ദേഹം ഒരു നീചനായ യഹൂദിയുടെ പൈശാചികമായ മന്ത്രവാദത്തിന് കുറിമാനമായി എന്ന വിചാരംപോലും വളരെ മോശപ്പെട്ട ചിന്താഗതി ആകുന്നു. (അങ്ങനെ ചിന്തിക്കാനെ സാധ്യമല്ല). ഇത് നമ്മുടെ വാദം മാത്രമല്ല. പ്രത്യുത പ്രപഞ്ചത്തിന്റെ നായകൻ(സ) തന്നെ അതിനെ ഖണ്ഡിച്ചിരിക്കുന്നു.

അതിനുള്ള വിശദീകരണം നമുക്ക് ഒരു ഹദീഥിൽ നിന്ന് ലഭിക്കുന്നുണ്ട്. ഹദ്റത്ത് ആഇശ(റ) ചോദിച്ചു: യാ റസൂലുല്ലാഹ്! എന്റെ കൂടെ ശയ്ത്വാനുണ്ടോ? നബി(സ)തിരുമേനി പറഞ്ഞു: ഉണ്ട്. ഹദ്റത്ത് ആഇശ(റ) ചോദിച്ചു: എല്ലാ മനുഷ്യരുടെ കൂടെയും ശയ്ത്വാനുമുണ്ടോ? അവിടന്ന് പറഞ്ഞു: ഉണ്ട്. ഹദ്റത്ത് ആഇശ(റ)അത്ഭുതത്തോടുകൂടി ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! അങ്ങയോടൊപ്പവും ശയ്ത്വാനുണ്ടോ? അവിടന്ന് പറഞ്ഞു: ഉണ്ട്. പക്ഷേ, അല്ലാഹു എനിക്ക് ശയ്ത്വാനുമേൽ ആധിപത്യം നൽകിയിരിക്കുന്നു. എത്രത്തോളമെന്നാൽ എന്റെ ശയ്ത്വാൻ മുസ്‌ലിമായിരിക്കുന്നു.'(സ്വഹീഹ് മുസ്‌ലിം, കിതാബുസ്സ്വിഫത്തുൽ ഖിയാമത്തി വൽജന്നത്തി വന്നാരി ബാബു തഹ്‌രീശുശ്ശ്‌യ്ത്വാൻ).

ഈ വ്യക്തവും സ്പഷ്ടവുമായ പ്രസ്താവന നിലനിൽക്കേ ഒരു യഹൂദി കപടവിശ്വാസി അദ്ദേഹത്തിന്റെമേൽ മെസ്മരിസം ചെയ്തുവെന്ന് വിചാരിക്കാൻ സാധിക്കുമോ? വിശുദ്ധ ഖുർആൻ ദൈവകോപത്തിന് ഇരയായവർ എന്ന് വിശേഷിപ്പിച്ച സമുദായത്തിലെ ഒരു യഹൂദിയ്ക്ക് തന്റെ പൈശാചികശക്തി ഉപയോഗിച്ച് നബി(സ)തിരുമേനിയെ പോലുള്ള ഒരു ഉന്നത സ്ഥാനീയനായ നബിയുടെമേൽ മാരണം നടത്താനും ആ മാരണത്തിന്റെ ഫലമായി ദീർഘനാൾ പ്രയാസത്തിലകപ്പെട്ട് നിസ്സഹായനും രോഗിയുമായി കഴിയാനും ഇടവരുമോ?

അസത്യവാന്മാർ സത്യത്തിന്നെതിരിൽ എല്ലാ കാലത്തും ഇത്തരം നരർഥവും വ്യാജവുമായ ആയുധങ്ങൾ ഉപയോഗിക്കാരുണ്ട്. എന്നാൽ, സർവശക്തനും പ്രതാപവാനുമായ അല്ലാഹു അത്തരം എല്ലാ കളവുകളുടേയും പൊള്ളത്തരം വെളിച്ചത്തുകൊണ്ടുവരുന്നു; *കതബല്ലാഹു ല അഗ്‌ലിബന്ന അനാ വ റുസുലീ* എന്ന് അവൻ പറഞ്ഞതുപോലെ.(58:23) ഓരോ റസൂലിന്റെയും കാലഘട്ടത്തിൽ ഞാനും എന്റെ റസൂൽമാരും വിജയിക്കുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു. സാത്താനികമായ ഒരു ആയുധവും നമുക്കെതിരിൽ വിജയിക്കുകയില്ല.

അദ്ദേഹം എഴുതുന്നു: പിന്നീട് ഉണ്ടാകുന്ന ചോദ്യമിതാണ്, ഹദ്റത്ത് ആഇശ(റ) വിവരിച്ച ബുഖാരിയിൽ വരെ വന്നിട്ടുള്ള ഈ സംഭവത്തിന്റെ യാഥാർഥ്യം എന്താണ്? സംഭവത്തിന്റെ മുമ്പും പിമ്പും യഹൂദി കളുടേയും കപടവിശ്വാസികളുടേയും പ്രവർത്തന രീതിയും മുന്നിൽ വെച്ചുകൊണ്ട് ഈ സംഭവത്തെ പരിശോധിക്കുന്നതായാൽ ഇതിന്റെ യാഥാർഥ്യം മനസിലാക്കുന്നതിൽ പ്രയാസം നേരിടുകയില്ല. ഈ മാരണസംഭവം ഹുദയ്ബിയ്യസന്ധിക്ക് ശേഷമാണുണ്ടായതെന്ന് ആദ്യം അറിയേണ്ടതാണ്. ത്വബക്കാത്ത് ഇബ്നു സഅ്ദിൽ എഴുതിയിരിക്കുന്നു, നബി(സ)തിരുമേനി ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ ഉംറ ചെയ്യുക എന്നുദ്ദേശ്യത്തോടെ മക്കയിൽപോകാൻ തീരുമാനിച്ചു. അവിടന്ന് പുറപ്പെട്ടു. പക്ഷേ, വഴിയിൽ ഖുറയ്ശികൾ തടഞ്ഞ കാരണത്താൽ ബാഹ്യമായി നോക്കുമ്പോൾ പരാജയത്തോടെ മടങ്ങേണ്ടിവന്നു. ഈ ബാഹ്യമായ പരാജയം ഒരു ഭാരിച്ച ദുഃഖമുണ്ടാക്കി. അവിശ്വാസികളും കപടവിശ്വാസികളും അപഹസിക്കുകയും പരിഹസിക്കുകയും ചെയ്യേണ്ടതുതന്നെയായിരുന്നു. പക്ഷേ, ചില ആത്മാർഥരായ മുസ്‌ലീംകൾ ഒരു ഹദീഥിൽ വന്നിരിക്കുന്നു ഹദ്റത്ത് ഉമർ(റ)നെപ്പോലുള്ള ഉന്നതസ്ഥാനീയരായ മഹാത്മാക്കളും ഈ ബാഹ്യമായ പരാജയം കാരണത്താൽ താൽക്കാലികമായി ഇളക്കം സംഭവിച്ചവരായിപ്പോയിരുന്നു. ബുഖാരിയിൽ ഇങ്ങനേയും എഴുതിയിരിക്കുന്നു –ഹദ്റത്ത് ഉമറിന്റെ ഈ നിവേദനം ബുഖാരിയിലെ ഹദീഥാണ്– ഈ അവസ്ഥകൾ ബലഹീനരായ പ്രകൃതക്കാർക്ക് പരീക്ഷണമാകുമോ എന്ന ഭയത്താൽ നബി(സ)തിരുമേനിയെതന്നെയും വല്ലാതെ സ്വാധീനിച്ചിരുന്നു. അവിടന്ന് കുറച്ചു കാലംവരെ വളരെ ചിന്താകുലനായിരുന്നു. ആ ചിന്തയുടെ ഫലം അവിടത്തെ ആരോഗ്യത്തേയും ബാധിച്ചു. അവിടന്ന് ഈ പരിഭ്രമത്തിൽ അല്ലാഹുവിന്റെ സന്നിധിയിൽ അധികമായി ദുആ ചെയ്തുകൊണ്ടിരുന്നു; ദആ വ ദആ തുടങ്ങിയ വാക്കുകളിലുള്ള സൂചനകൾ ഹദീഥിലുള്ളതുപോലെ. ഹുദയ്ബിയ്യ സന്ധിയിലെ സംഭവം കാരണത്താൽ ഇസ്‌ലാമിന്റെ പുരോഗതിയിൽ താൽക്കാലികമായ തടസംപോലും ഉണ്ടാകാതിരിക്കുന്നതിനു വേണ്ടിയായിരുന്നു ആ പ്രാർഥന. അവിടന്ന് ബദ്ർ മൈതാനത്ത് അല്ലാഹുവിൽനിന്ന് വിജയിക്കുമെന്നുള്ള വാഗ്ദാനമുണ്ടായിട്ടും ശത്രുവിന്റെ ബാഹ്യമായ ശക്തികണ്ട് ചെയ്ത *അല്ലാഹുമ്മ ഇൻ തഹ്‌ലിക്ക ഹാദിഹിൽ ഇസ്വാബത്ത ലാ തുഅ്ബദു ഫിൽഅർളി* എന്ന തരത്തിലുള്ള ദുആ ആയിരുന്നു ഇത്.

ഈ കാരണങ്ങളാൽ നബി(സ)തിരുമേനിയുടെ അവയവങ്ങൾക്കും ഓർമശക്തിക്കും കാര്യമായ തളർച്ച അനുഭവപ്പെട്ടു. നബി(സ)തിരുമേനി കുറച്ചുകാലം മറവിരോഗത്തിലായി.(കുറച്ചു നിവേദനങ്ങളിൽ രണ്ടോ നാലോ ദിവസമെന്നാണ് വന്നിട്ടുള്ളത്. അല്ലെങ്കിൽ രണ്ടു ദിവസമാണ്. അല്ലെങ്കിൽ ഒരുദിവസമോ ഒരു രാത്രിയോ ആണ്. പക്ഷേ, എത്ര ദിവസമാണെങ്കിലും കുറച്ചു ബാധിച്ചു, അതൊരു നിർബന്ധസാഹചര്യമായിരുന്നു. നബി(സ)തിരുമേനി നാളുകളായി രോഗിയാണെന്നും അവയവങ്ങളുടെ ബലഹീനതയും മാനസികതളർച്ചയും കാരണം ഓർമക്കുറവ് ഉണ്ടായിട്ടുണ്ടെന്നുമുള്ള വിവരം ലഭിച്ച യഹൂദികളും കപടവിശ്വാസികളും അത് മുതലെടുത്തുകൊണ്ട് തങ്ങൾ മുസ്‌ലീംകളുടെ നബിയുടെമേൽ മാരണം ചെയ്തുവെന്നും ഈ ഓർക്കുറവ് ആ മാരണം കൊണ്ടാണെന്നും പറഞ്ഞുപരത്തി. അവർ അവരുടെ പഴയ ശീലമനുസരിച്ച് പ്രത്യക്ഷ അടയാളം ആയിക്കോട്ടെ എന്ന നിലയിൽ ചീർപ്പിൽ തലമുടികളും മറ്റോ ചുറ്റിക്കെട്ടി ഒരു കിണറിലിട്ടു.

അവരുടെ ഈ ഊഹാധിഷ്ഠിതമാരണത്തെ കുറിച്ച് നബി(സ)തിരുമേനി അറിഞ്ഞപ്പോൾ അതിന്റെ വസ്തുത തേടി അല്ലാഹുവിനോട് അവിടന്ന് ദുആ ചെയ്തു.(ആഇശ(റ)പറഞ്ഞതുപോലെ ഈ വിവരം കിട്ടിയതിനുശേഷം അവിടന്ന് ഒരു പകലോ ഒരു രാത്രിയോ ദുആ ചെയ്തു). വ്യർഥമായ ഈ മാരണത്തിന്റെ ഉള്ളുകള്ളി വെളിച്ചത്തുകൊണ്ടുവരുന്നതിന് തന്റെ യജമാനനായ അല്ലാഹുവിനോടു ഈ കുഴപ്പത്തിന്റെ പിന്നിലെ യഥാർഥ ആൾ ആരാണെന്നും ഈ മാരണത്തിന്റെ രീതി എന്താണെന്നും അറിയിച്ചു തരാൻ അല്ലാഹുവിനോടു ദുആ ചെയ്തു. അവിടത്തെ വേദന തിങ്ങിയ ദുആ അല്ലാഹു കേട്ടു. സ്വപ്നദർശനത്തിലൂടെ നബി(സ)തിരുമേനിയിൽ യാഥാർഥ്യം തുറക്കപ്പെട്ടു.

വിശുദ്ധ ഖുർആന്റെ അടിസ്ഥാനപരമായ നിർദേശമാണ് (20:70) എന്നത്. (നബിമാർക്കെതിരിൽ ജാലവിദ്യക്കാർ എവിടെ ചെന്നാലും വിജയിക്കുകയില്ല; അത് ഏത് രീതിയിലായാലും ഏത് വശത്തൂടെയുള്ള ആക്രമണം ആയാലും ശരി). (17:48) എന്നത് വിശുദ്ധ ഖുർആന്റെ അഖണ്ഡിതമായ വിധിയാണ്:

'മാരണംചെയ്യപ്പെട്ട ഒരു വ്യക്തിയെയാണോ നിങ്ങൾ പിൻപറ്റുന്നതെന്ന് അക്രമികൾ ചോദിക്കുന്നു.' അവിശ്വാസികളാണ് ഇതു പറഞ്ഞതെന്ന് വിശുദ്ധ ഖുർആനിൽ എഴുതിയിരിക്കുന്നു. ഈ ഹദീഥിലെ പദങ്ങളിലും അതിന്റെ വിവരണരീതിയിലും അറബിഭാഷാപ്രയോഗത്തിലും ചിന്തിക്കുന്നതിന്റെ ഫലമായി ബുഖാരിയിലെ ഈ നിവേദനം തീർച്ചയായും ഹികായത്ത് അനിൽ ഗയ്ർ എന്ന നിലയിൽ മനസിലാക്കപ്പെടുന്നതാണ്. ഹി കായത്ത് അനിൽ ഗയ്ർ എന്നതിന്റെ വിവക്ഷിതം വിവരിക്കുന്നയാളാണ് സംഭവത്തെ കുറിച്ച് പ്രത്യക്ഷത്തിൽ പറയുന്നതെങ്കിലും യഥാർഥത്തിൽ അയാൾ മറ്റൊരാളുടെ വാക്കുകളാണ് വിവരിക്കുന്നത്. ഇങ്ങനെ വരുമ്പോൾ ഈ നിവേദനത്തിന്റെ തർജമ ഇപ്രകാരമായിരിക്കും, ഹദ്റത്ത് ആഇശ(റ) നിവേദനം ചെയ്യുന്നു: 'ഒരിക്കൽ നബി(സ)തിരുമേനിയുടമേൽ മാരണം ചെയ്യപ്പെട്ടു.'(അതായത് തങ്ങൾ നബിയുടെമേൽ മാരണം നടത്തിയെന്ന് ശത്രുക്കൾ പറഞ്ഞുപരത്തി). യഥാർഥത്തിൽ ആഇശ(റ) സ്വയം പറഞ്ഞതല്ല. അപ്പോൾ ഇതിന്റെ തർജമ ഇങ്ങനെയായിരിക്കും: ശത്രുക്കൾ തന്നെയാണ് നബിയുടെമേൽ മാരണം ചെയ്യപ്പെട്ടുവെന്ന് പറഞ്ഞുപരത്തിയത്. ആ ദിവസങ്ങളിൽ ചെയ്യാത്ത ചിലകാര്യങ്ങൾ താൻ ചെയ്തുവെന്ന് നബി(സ)തിരുമേനി ധരിച്ചിരുന്നു. നബി

**നമ്മൾ അഹ്മദികൾത്തന്നെയാണ് ലോകത്തിന് ഇസ്‌ലാമിന്റെ മനോഹര അധ്യാപനം പറഞ്ഞുകൊടുക്കേണ്ടത്. അതിന് ഏറ്റവും പ്രധാനപ്പെട്ടകാര്യം അല്ലാഹുവുമായുള്ള ബന്ധം ഉണ്ടാക്കലാണ്."**
**(ജുമുഅ ഖുത്വ്ബ 3-2-2017)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."**
**(ഖുത്വ്ബ ജുമുഅ, 2017 മെയ് 5)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

(സ) തിരുമേനി തന്റെ ഇന്ന ഭാര്യയുടെ വീട്ടിൽ പോയി എന്നു ധരിക്കുമായിരുന്നു; വാസ്തവത്തിൽ അവിടെന്ന് പോയിട്ടുണ്ടാവില്ല. ആ ദിനങ്ങളിൽ ഒരുനാൾ അവിടെന്ന് തന്റെ വീട്ടിലായിരുന്നു എന്ന ഹദ്റത്ത് ആഇശായുടെ നിവേദനമനുസരിച്ച് അവിടന്ന് പരിഭ്രമിച്ചുകൊണ്ട് അല്ലാഹുവിന്റെ സന്നിധിയിൽ ആവർത്തിച്ചാവർത്തിച്ച് ദുആ ചെയ്തുകൊണ്ടിരുന്നു. ആ ദുആയ്ക്കുശേഷം അവിടന്ന് എന്നോടു പറഞ്ഞു: ആഇശാ! അല്ലാഹുവിനോടു ഞാൻ ചോദിച്ച കാര്യം അവൻ എനിക്കു പറഞ്ഞുതന്നുവെന്ന് നിനക്കറിയുമോ? ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! എന്താണ് അക്കാര്യം? അവിടന്ന് പറഞ്ഞു:'(സ്വപ്നത്തിൽ)എന്റെയടുത്ത് രണ്ടുപേർ വന്നു.(അല്ലെങ്കിൽ ജാഗ്രദർശനത്തിൽ). അവരിൽ ഒരാൾ എന്റെ തലഭാഗത്തിരുന്നു; മറ്റെയാൾ എന്റെ കാലുഭാഗത്തും. പിന്നീട് അവരിൽ ഒരാൾ ഇതരനോടു ചോദിച്ചു, ഇയാളുടെ ബുദ്ധിമുട്ട് എന്താണ്? ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: 'സംസാരരീതിയും ഹികായത്ത് അനിൽ ഗയ്റിന്റേതാണ്. മറ്റുള്ളവർ പറഞ്ഞത് എടുത്തുപറയുന്നതിലേക്ക് സൂചന നല്കുന്നു. പിന്നീട് മുമ്പേപറഞ്ഞ അതേ ദീർഘമായ കാര്യമാണ് പറയുന്നത്. ഇയാൾക്ക് എന്ത് ബുദ്ധിമുട്ടാണുള്ളത്; അതായത് ഇന്ന യഹൂദി മാരണം ചെയ്തു. അതിന്റെ ബാധയാണിതെന്ന് ആളുകൾ പറയുന്നു. ഹദ്റത്ത് ആഇശ(റ) പിന്നീട് പറയുന്നു: ഈ സ്വപ്നത്തിനുശേഷം, ഈ ജാഗ്രദർശനത്തിനുശേഷം നബി(സ) തിരുമേനി തന്റെ ചില സ്വഹാബത്തിനോടൊപ്പം ആ കിണറിൽപോയി. അതു നോക്കിക്കണ്ടു. അതിൽ ഈന്തപ്പഴത്തിന്റെ കുറച്ച് മരങ്ങൾ വളർന്നുനിന്നിരുന്നു. (അതായത് അത് പൊട്ടക്കിണറായിരുന്നു). പിന്നീട് ഹദ്റത്ത് ആയിശായുടെ അടുക്കൽ അവിടന്ന് വന്നു. അവിടന്നു പറഞ്ഞു: ആഇശാ! ഞാനത് കണ്ടുവന്നിരിക്കുന്നു. ആ കിണറിലെ വെള്ളം മൈലാഞ്ചിവെള്ളംപോലെ ചെമന്നിട്ടുണ്ട്. (ജനങ്ങളുടെ കണ്ണുകളിൽ പൊടിയിടുന്നതിനുവേണ്ടി യഹൂദികൾ പറഞ്ഞതുപോലെ ഇങ്ങനെ കിണറിലെ വെള്ളത്തിന്റെ നിറം മാറ്റുമായിരുന്നു). അതിലെ ഈന്തപ്പനകൾ, ഥോഹർപോലെ (മുള്ളുകളുള്ള വിഷച്ചെടി) വെറുപ്പുളവാക്കുന്നതായിരുന്നു. ഹദ്റത്ത് ആഇശ(റ) പറയുന്നു: ഞാൻ നബി(സ) തിരുമേനിയോടു ചോദിച്ചു: അങ്ങെന്തുകൊണ്ടാണ് ആ ചീപ്പു തുടങ്ങിയവ വെളിയിലെടുത്ത് എറിഞ്ഞുകളയാതിരുന്നത്? ചില നിവേദനങ്ങളിൽ കത്തിച്ചുകളയാതിരുന്നതെന്താണെന്ന് ചോദിച്ചതായുമുണ്ട്. അവിടന്ന് പറഞ്ഞു: അല്ലാഹു എന്നെ സുരക്ഷിതനാക്കിവെക്കുകയും രോഗശമനം നല്കുകയും ചെയ്തു. പിന്നെന്തിന് ഞാൻ അത് വെളിയിലെടുത്തെറിഞ്ഞ് ജനങ്ങളിൽ ഒരു ചീത്തക്കാര്യം ചർച്ചയാക്കണം? (ഇതുമുഖേന ബലഹീനരായ ആളുകളിൽ മാരണത്തിലേക്ക് അനാവശ്യമായി ശ്രദ്ധയുണ്ടാകുമോ എന്ന ആശങ്കയുണ്ടായിരുന്നു). അതിനാൽ ആ കിണർ മൂടിക്കളഞ്ഞു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബെഴുതുന്നു. 'ഹികായത്ത് അനിൽഗയ്ർ' (മറ്റുള്ളവരെ ഉദ്ധരിച്ച് സംസാരിക്കുമ്പോൾ, അല്ലെങ്കിൽ മറ്റുള്ളവർ പറഞ്ഞകാര്യം വേറെ ആരോടെങ്കിലും പറയുമ്പോൾ)ന്റെ സംസാരരീതി അറബികളിൽ നടപ്പിലുണ്ടായിരുന്നു. എന്നല്ല വിശുദ്ധഖുർആൻ തന്നെയും ചിലയിടത്ത് ആ രീതി അവലംബിച്ചിട്ടുണ്ട്. ഒരിടത്ത് നരകവാസികളെ സംബോധന ചെയ്ത് അല്ലാഹു പറയുന്നു. *ദുഖ് ഇന്നക്ക അൻതൽ അസീസുൽ കരീം.* (44:50) നരകത്തിൽ ഇടപെടുന്നവരേ! നീ ദൈവത്തിന്റെ ഈ ശിക്ഷ രുചിച്ചറിയുക. നീ വളരെ ആദരണീയനും വലിയ മാന്യനും തന്നെ.

ഇതിന്റെ അർഥം അല്ലാഹു നരകവാസികളെ ആദരണീയരും മാന്യരുമായി കരുതുന്നുവെന്നല്ല. മറിച്ച്, അതിന് മറ്റുള്ളവർ പറയുന്ന രീതിയിൽ ഹേ മനുഷ്യാ നിന്റെ സുഹൃത്തും നീ തന്നെയും നിന്നെ മാന്യനും ആദരണീയനുമായി കരുതിയിരുന്നുവെന്നാണ്. (ലോകത്ത് തെറ്റായ പണി ചെയ്തതിനുശേഷം തങ്ങൾ വലിയ ആദരണീയരാണെന്ന് ആളുകൾ മനസ്സിലാക്കാറുണ്ടായിരുന്നു.) അതുകൊണ്ട് ഇപ്പോൾ അല്ലാഹുവിന്റെ തീയുടെ ശിക്ഷ രുചിച്ചുകൊള്ളുക. ഇതേരീതി തന്നെയാണ് സ്വപ്നത്തിൽ ആ രണ്ടുപേരും അല്ലെങ്കിൽ രണ്ട് മലക്കും സ്വീകരിച്ചത്; അയാൾക്ക് മാരണം ചെയ്യപ്പെട്ടുവെന്ന് അവർ പറഞ്ഞപ്പോൾ അതിന്റെ ഉദ്ദേശ്യം തങ്ങൾ വിചാരിക്കുന്നത് മാരണം ചെയ്യപ്പെട്ടുവെന്നല്ല. മറിച്ച് അതിന്റെ ഉദ്ദേശ്യം അയാൾക്ക് മാരണം ചെയ്യപ്പെട്ടുവെന്ന് ആളുകൾ പറയുന്നുവെന്നാണ്. (ഇന്ദ്രജാലം ചെയ്യപ്പെട്ടുവെന്നാണ്) സ്വപ്നത്തിന്റെ യഥാർഥ ഉദ്ദേശ്യവും ലക്ഷ്യവും ഇതല്ലാതെ മറ്റൊന്നുമല്ലായിരുന്നു; ആ ദുഷ്ടന്മാർ ഏതൊരു വസ്തുക്കളാണോ ആ കിണറിൽ ഒളിപ്പിച്ചുവെച്ചിരുന്നത്, അതുമുഖേന അവർ തങ്ങളുടെ സ്വന്തം ചിന്താഗതിക്കാരായവരെ വഞ്ചിച്ചിരുന്നു. (തങ്ങളെപ്പോലുള്ള ആളുകളെ വഞ്ചിച്ചിരുന്നു. അവർ അത് പറഞ്ഞുപരത്തിക്കൊണ്ടിരുന്നു. കപടവിശ്വാസികളിൽ അത് പ്രചരിപ്പിച്ചുകൊണ്ടിരുന്നു) അവരുടെ ഗൂഢമാരണത്തെ ഉന്മൂലനം ചെയ്യുന്നതിന് നിന്റെ റസൂലിനുമേൽ അത് വെളിപ്പെടുത്തിയാലും. അങ്ങനെതന്നെ സംഭവിച്ചു. അവരുടെ മാരണം എന്ന ആയുധം മണ്ണിൽ മറയടക്കപ്പെട്ടു. കിണർ മൂടിക്കളഞ്ഞു. ജനങ്ങൾ ഇത്തരത്തിലുള്ള ദ്രോഹപ്രവൃത്തികൾ ചെയ്ത് സാധാരണക്കാരായ ആളുകളെ വഞ്ചിച്ചുകളയുമോ എന്നുള്ള നബി(സ)തിരുമേനിയുടെ ചിന്തയും അതുമൂലം മാഞ്ഞുപോയി. *ലാ യുഫ്ലി ഹുസ്സാഹിറു ഹയ്ഥുഅത്താ* എന്ന (20:9) അല്ലാഹുവിന്റെ വാഗ്ദാനവും വളരെ ശക്തമായനിലയിൽ പുലർന്നു. ഒരു മന്ത്രവാദി എന്ത് മാരണം ചെയ്താലും അത് അല്ലാഹുവിന്റെ ഒരു നബിയ്ക്കെതിരിൽ ഒരിക്കലും വിജയിക്കുകയില്ല.

ഉപര്യുക്ത ഹദീഥിൽനിന്ന് താഴെപറയുന്ന കാര്യങ്ങൾ സ്ഥാപിതമാകുന്നുണ്ട്:

ഹുദയ്ബിയ സന്ധി സംഭവത്തിനുശേഷം അത് കാരണത്താൽ സ്വാഭാവികമായി നബി(സ)തിരുമേനി മറ്റുള്ളവർക്ക് ഇടർച്ചയുണ്ടാകുമോ എന്ന വിചാരത്താൽ വല്ലാതെ ചിന്താകുലനായിരുന്നു. അവിടന്ന് വീടുമായി ബന്ധംവെക്കുന്ന പല ഭൗതികകാര്യങ്ങളും മറന്നുപോയിരുന്നു.

രണ്ടാമത്തേത് നബി(സ)തിരുമേനിയുടെ ഈ അവസ്ഥ കണ്ട് യഹൂദികളും കപടവിശ്വാസികളും അത്തരം കാര്യങ്ങളുടെ മറവിൽ ഇസ്ലാമിനേയും പരിശുദ്ധ ഇസ്ലാമിന്റെ സ്ഥാപകനേയും അപകീർത്തിപ്പെടുത്താനാഗ്രഹിച്ചിരുന്നു. തങ്ങൾ മുസ്ലിംകളുടെ നബിയുടെമേൽ മാരണം ചെയ്തിരിക്കുന്നുവെന്ന് രഹസ്യമായി പ്രചരിപ്പിക്കാൻ തുടങ്ങി. ഈ പ്രചാരണം എങ്ങനെയുള്ളതായിരുന്നുവെന്നാൽ അവർ ബനീ മുസ്ത്വലിഖ് യുദ്ധത്തിൽ ഹദ്റത്ത് ആഇശ(റ) പിന്നിലായിപ്പോയ കാരണത്താൽ അവരെ അപകീർത്തിപ്പെടുത്തുന്നതിനുവേണ്ടി ചെയ്തതുപോലുള്ളതായിരുന്നു. ഇപ്രകാരം നബി(സ)തിരുമേനിയുടെ ജീവിതം കയ്പ്പുള്ളതാക്കിത്തീർക്കാൻ അവർ ശ്രമിച്ചിരുന്നു.

മൂന്നാമത്തേത് സാധാരണക്കാരായ ആളുകളെ വഞ്ചിക്കുന്നതിനുവേണ്ടി ആ ദുഷ്ടപ്രകൃതക്കാർ മാരണത്തിന്റെ ബാഹ്യമായ അടയാളമെന്നനിലയിൽ ഒരു യഹൂദി വംശജനായ കപടവിശ്വാസി ലബീദ് ബിൻ അൽഅഅ്സ്വമിനെക്കൊണ്ട് തങ്ങളുടെ രീതിയനുസരിച്ച് ഒരു ചീർപ്പിൽ കുറച്ച് മുടികൾ ചുറ്റി കിണറിൽകൊണ്ടുപോയി ഇട്ടു. എന്നിട്ട് രഹസ്യമായി അത് പ്രചരിപ്പിക്കാൻ തുടങ്ങി. അത് നബി(സ)തിരുമേനിക്ക് കൂടുതൽ പ്രയാസത്തിന് നിമിത്തമായി.

നാലാമത്തെ കാര്യം അതിൽ നബി(സ)തിരുമേനി ദൈവസവിധത്തിൽ ദുആ ചെയ്തുവെന്നതാണ്; അല്ലാഹുവേ! നീ നിന്റെ കൃപകൊണ്ട് ഈ ഫിത്ന അവസാനിപ്പിച്ചാലും. എനിക്ക് അതിന്റെ യാഥാർഥ്യം വെളിപ്പെടുത്തിത്തന്നാലും; ഈ ഫിത്ന അകറ്റി സാധാരണക്കാരായവരെ വഞ്ചനയിൽനിന്ന് രക്ഷിക്കേണമേ. അങ്ങനെ ആ ദുആയുടെ സ്വീകാര്യത വെളിപ്പെട്ടു.

അഞ്ചാമത്തെ കാര്യം അല്ലാഹു അവിടത്തെ ദുആകൾ കേൾക്കുകയും ലബീദ് ബിൻ അൽ അഅ്സ്വമിന്റെ ദ്രോഹങ്ങളുടെ ചുരുളഴിച്ചുവെന്നതുമാണ്. അതിനെ തുടർന്ന് അവിടന്ന് കുറച്ച് സാക്ഷികളോടൊപ്പം ആ കിണറിൽ പോകുകയും ആ ചീപ്പ് മണ്ണിട്ട് മൂടുകയും ചെയ്തു. എന്നല്ല കിണർ മൂടിക്കളഞ്ഞു. മുളയും ഓടക്കുഴലും ബാക്കിയാകാതിരിക്കാൻ!

അവസാനമായിട്ടുള്ള പ്രശ്നം അല്ലാഹുവിന്റെ അത്യുന്നതനായ നബി, നബി(സ) തിരുമേനി എന്നല്ല റസൂൽമാരുടെയും നബിമാരുടെയും അതിശ്രേഷ്ഠനായ നബി തിരുമേനി(സ)യ്ക്ക് മറവിയുടെ ബുദ്ധിമുട്ട് എന്തുകൊണ്ടുണ്ടായി എന്നതാണ്; അത് ബാഹ്യമായി നുബുവ്വത്തിന്റെ നിർബന്ധകടമകൾ നിറവേറ്റുന്നതിൽ വിഘ്നം ഉണ്ടാക്കാനിടയുണ്ടോ?

ഇതിന്റെ ഉത്തരം തേടുമ്പോൾ നല്ലവണ്ണം ഓർക്കേണ്ടത് ഓരോ നബിയ്ക്കും രണ്ടു നിലയുണ്ട്. ഒന്നിന്റെ അടിസ്ഥാനത്തിൽ അല്ലാഹുവിന്റെ നബിയും റസൂലുമാണ്. ഇക്കാരണത്താൽ അല്ലാഹുവിന്റെ അമൃതഭാഷണം അവർക്ക് ലഭിക്കുന്നു. ദീനീപരമായ കാര്യങ്ങളിൽ തങ്ങളുടെ അനുയായികളുടെ ഉസ്താദായി നിശ്ചയിക്കപ്പെടുന്നു. അവർക്ക് മാതൃകയാകുന്നു. രണ്ടാമത്തെ വശത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യരിൽ ഒരു മനുഷ്യനാണ് നബി. മറ്റുള്ള മനുഷ്യരെപോലെ മാനുഷികമായ നിർബന്ധമായ കാര്യങ്ങൾക്കും സ്വാഭാവികമായ ഭീഷണികൾക്കും അവർ വിധേയരായിരിക്കും. അതുകൊണ്ടാണ് അല്ലാഹു നബി (സ) തിരുമേനി സംബോധന ചെയ്തു പറഞ്ഞത് *ഖുൽ ഇന്നമാ അന ബശ്റുൻ മ്മിഥ്ലുക്കും യൂഹാ ഇലയ്യ* (18:111) റസൂലേ! നീ ജനങ്ങളോടു പറയുക, ഞാൻ നിങ്ങളെപോലെ ഒരു മനുഷ്യനാണ്. (മറ്റുള്ള എല്ലാ മനുഷ്യരേയും പോലെ ഞാനും എല്ലാ നിയമങ്ങൾക്കും വിധേയനാണ്) അതേ! ഞാൻ നിശ്ചയമായും അല്ലാഹുവിന്റെ റസൂലാണ്. അല്ലാഹുവിൽനിന്ന് ദൈവസൃഷ്ടകളുടെ സന്മാർഗത്തിന് അവൻ എന്നെ വഹ്‌യുകൊണ്ടും ഇൽഹാമുകൊണ്ടും കടാക്ഷിച്ചിരിക്കുന്നു. ഇത് അതിന്റെ ആശയപരമായ തർജമയാണ്.

അതിസൂക്ഷ്മമായ ഈ വചനത്തിൽ പ്രവാചകന്മാരുടെ രണ്ടു നിലകളെ അങ്ങേയറ്റം മനോഹരമായരീതിയിൽ വിവരിക്കപ്പെട്ടിരിക്കുന്നു. അതായത് അവരെ ഒരു വശത്തൂടെ മറ്റു മനുഷ്യരിൽനിന്ന് ഉത്തമരാക്കിയിരിക്കുന്നു. രണ്ടാമത്തെ വശത്തൂടെ മറ്റുള്ള മനുഷ്യരുടെ അണിയിൽനിന്ന് വെളിയിൽപോകാൻ അനുവദിച്ചില്ല. പ്രവാചകന്മാർ മാനുഷികമായ നിർബന്ധകടമകൾക്കും മനുഷ്യരുടെ സ്വാഭാവികമായ ഭീഷണികൾക്കും അതീതരാണെന്ന് ആരാണോ കരുതുന്നത് അവർ വ്യാജരാണ്. മറ്റു മനുഷ്യർ രോഗിയാകുന്നതുപോലെ പ്രവാചകന്മാരും രോഗിയാകുകതന്നെ ചെയ്യും. ഹദ്റത്ത് മിയാ ബശീർ അഹ്മദ് സാഹിബെഴുതി. അവർ മലേറിയ, പനി, ടൈഫോയിഡ് (ഇവിടെ ഇതും കൂടി ഓർക്കേണ്ടതാണ്, രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ബാഹ്യമായ അടയാളങ്ങൾ, ഹദീഥിൽനിന്നും ചരിത്രത്തിൽനിന്നും മനസ്സിലാകുന്നത് നബി(സ)തിരുമേനി ടൈഫോയിഡ് ബാധിച്ച് വഫാത്തായി എന്നാണ്) ശ്വാസംമുട്ട്, ജലദോഷം, ചുമ, തലവേദന, അവയവങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, അബോധാവസ്ഥ, പരിഭ്രമം, അസ്വസ്ഥത, മാനസികാഘാതം, മറവി, ദുരന്തങ്ങൾമൂലമുണ്ടാകുന്ന പരിക്കുകൾ, മുറിവ്, യുദ്ധത്തിലുണ്ടാകുന്ന മർദ്ദനം തുടങ്ങി എല്ലാത്തിന്റെ പിടിയിൽ നബിയും വരാവുന്നതാണ്; വന്നുകൊണ്ടിരുന്നിട്ടുണ്ട്. ഏതെങ്കിലും നബിയെ അല്ലാഹു പ്രത്യേകമായ നിലയിൽ ഏതെങ്കിലും പ്രത്യേക രോഗത്തിൽനിന്ന് സുരക്ഷിതനാക്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുള്ളതൊഴികെ. ഇനി

വിശുദ്ധഖുർആനിൽ അല്ലാഹു നബി(സ) തിരുമേനിയെക്കുറിച്ച് *സനുഖ്‌രിഉക്ക ഫലാ തൻസാ* (87:7) എന്ന് പറഞ്ഞിട്ടുണ്ടെന്ന് ആരെങ്കിലും കരുതുന്നുവെങ്കിൽ (അതായത് നീ ഒരിക്കലും മറക്കാത്ത ഒരു അധ്യാപനം നിനക്ക് നാം നല്കുന്നതാണ്) അതിനുള്ള മറുപടിയിൽ ഓർക്കുക, ഇത് കേവലം ഖുർആനിക വഹ്‌യെ സംബന്ധിച്ചാണ്; സാധാരണയുള്ളതല്ല. ഉദ്ദേശ്യമിതാണ്. ഏ റസൂൽ! സമുദായത്തിന്റെ സന്മാർഗത്തിനുവേണ്ടി നാം നിന്നിൽ ഇറക്കുന്ന വഹ്‌യ് നീ ഒരിക്കലും മറക്കുകയില്ല. ഖിയാമത്തുന്നാൾവരെ നാം അതിനെ സംരക്ഷിക്കുന്നതാണ്. നിത്യേനയുണ്ടാകുന്ന കാര്യങ്ങളേയും ഭൗതികമായ കാര്യങ്ങളേയും ദീനീപരമായ കർമങ്ങളുടെ ബാഹ്യമായ ആചാരങ്ങളേയും സംബന്ധിച്ച് ഈ വാഗ്ദാനം ഒരിക്കലുമല്ല. ഹദീഥിൽനിന്ന് ഇത് സ്ഥാപിതമാകുന്നുണ്ട്. അവിടന്ന് പല അവസരങ്ങളിലും മാനുഷികമായ നിർബന്ധത്തിനു വഴങ്ങി കാര്യങ്ങൾ മറന്നുപോകാറുണ്ടായിരുന്നു. എന്നല്ല, ഹദീഥിൽ എത്രത്തോളം വന്നിരിക്കുന്നുവെന്നാൽ, അവിടന്ന് നമസ്കരിക്കുമ്പോൾ റക്അത്തുകൾ മറന്നുപോകുമായിരുന്നു. ആളുകൾ ഓർമിപ്പിക്കുമ്പോഴാണ് ഓർമ വന്നിരുന്നത്. ബുഖാരിയിലും മുസ്‌ലിമിലും ഈ ഹദീഥുണ്ട്. ഇതുപോലെതന്നെ മറ്റു പല അവസരങ്ങളിലും നബി(സ) തിരുമേനിക്ക് മറവിയുണ്ടായിട്ടുണ്ട്.

നബി(സ) തിരുമേനി തന്നെ സംബന്ധിച്ച് പറഞ്ഞു. *ഇന്നമാ അന ബശറുൻ അൻസാ കമാ തൻസൗന ഫഇദാ നസീത്തു ഫദക്കിറൂനീ* (അബൂദാവൂദ്, കിതാബുസ്സ്വലാത്ത് ബാബു ഇദാ സ്വല്ലാ ഖംസൻ) അതായത് ഞാൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യനാണ്. നിങ്ങൾ ചിലപ്പോൾ മറന്നുപോകുന്നതുപോലെ ഞാനും മറക്കുന്നു. ഏതെങ്കിലും കാര്യത്തിൽ ഞാൻ മറന്നുപോയാൽ നിങ്ങളെന്നെ ഓർമിപ്പിക്കുക.

എപ്രകാരം നബി(സ)തിരുമേനിയ്ക്ക് ഇടയ്ക്കിടയ്ക്ക് സാധാരണയും താൽക്കാലികവുമായ മറവിയുണ്ടായിരുന്നുവോ അതുപോലെ ഹുദയ്ബിയ്യ സന്ധിക്കുശേഷം കുറച്ചുകാലത്തേക്ക് രോഗത്തിന്റെ രൂപത്തിൽ മറവിയുണ്ടായി. ഈ വ്യാഖ്യാനമാണ് മാരണം എന്ന നിവേദനമനുസരിച്ച്, രിവായത്തിനെ സംബന്ധിച്ച് കഴിഞ്ഞുകടന്ന ചില ഉലമാ ചെയ്തിട്ടുള്ളത്. ഉദാഹരണത്തിന് അല്ലാമ മാസരീ പറയുന്നു:

നബി(സ) തിരുമേനി സത്യവാനാണെന്നതിന് നിരവധി പ്രബലമായ തെളിവുകളുണ്ട്. അവിടത്തെ ദിവ്യാത്ഭുതങ്ങളും അവിടത്തെ സത്യത്തിനുള്ള തെളിവാണ്. മറ്റു സാധാരണ ഭൗതികകാര്യങ്ങളെ–അതിന് അവിടന്ന് നിയമിക്കപ്പെട്ടിട്ടുമില്ല– ഇത് സംബന്ധിച്ച് ഒരു രോഗമെന്ന നിലയിലാണ് ഇത് മനസ്സിലാക്കപ്പെടുക; മനുഷ്യന് മറ്റു രോഗങ്ങൾ ഉണ്ടാകുന്നതുപോലെ.

അല്ലാമ ഇബ്നുഖസ്സ്വാർ പറയുന്നു: നബി തിരുമേനിക്ക് ഈ രോഗമുണ്ടായി. അത് രോഗങ്ങളിൽ ഒരു രോഗമായിരുന്നു. അല്ലാഹു എനിക്ക് ശിഫാ നല്കി എന്ന് ഹദീഥിന്റെ അവസാനം പറഞ്ഞതിൽനിന്ന് അത് പ്രകടമാണ്. (ഇതിൽ വ്യക്തമായും എഴുതിയിരിക്കുന്നു)

പറഞ്ഞതിന്റെ ചുരുക്കം ഹുദയ്ബിയ്യ സന്ധിക്കുശേഷം നബി(സ)തിരുമേനിക്ക് പ്രസ്തുത അവസ്ഥയുണ്ടായി. അതിനെ ശത്രുക്കൾ മാരണത്തിന്റെ ഫലമാണെന്ന് പറഞ്ഞുപരത്തി. അതൊരിക്കലും ഏതെങ്കിലും മാരണത്തിന്റേയോ ഇന്ദ്രജാലം തുടങ്ങിയവയുടേയോ ഫലമായിരുന്നില്ല. പ്രത്യുത ആ അവസ്ഥകളിലുണ്ടായ മറവിയുടെ ബുദ്ധിമുട്ടായിരുന്നു. മറവിയുടെ രോഗമായിരുന്നു. അതിനെ ചില കുഴപ്പക്കാർ നബി(സ) തിരുമേനിക്കെതിരെ ആയുധമാക്കുകയായിരുന്നു. വിശുദ്ധഖുർആൻ മാരണത്തിന്റെ കഥയെ ദൂരത്തുനിന്ന് തള്ളിപ്പുറത്താക്കുന്നു. നിഷേധിക്കുന്നു. മനുഷ്യന്റെ ബുദ്ധിയും അതു നിഷേധിക്കുന്നു. ഹദീഥിന്റെ വാക്കുകൾ ആ വ്യാഖ്യാനത്തെ കളവാക്കുന്നു. നബി ശ്രേഷ്ഠന്റെ ഉന്നതമായ സ്ഥാനവും മാരണകഥയെ നിഷ്പ്രഭമാക്കിക്കളയുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഇക്കാര്യവും പരാമർശിച്ചിരിക്കുന്നു. ഇതും പ്രയോജനരഹിതമാകുകയില്ല. ഹദ്റത്ത് ഖലീഫ ഥാനീ അയ്യദഹുല്ലായുടെ (ഈ നേരത്ത് അദ്ദേഹത്തിന്റെ ജീവിതത്തിലെ കാര്യങ്ങൾ പറയുകയാണ്)നിവേദനമാണ്. ഈ നിവേദനമനുസരിച്ച് സീറത്തുൽ മഹ്ദിയുടെ ഭാഗം ഒന്നിലെ രിവായത്ത് നമ്പർ 75 –ൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

ഒരിക്കൽ ഗുജറാത്ത്‌വാസിയായ ഹിന്ദു ഖാദിയാനിൽ വന്നു. അയാൾ മെസ്മിരസത്തിൽ അതിവിദഗ്ദ്ധനായിരുന്നു. അയാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ വന്ന് രഹസ്യമായി തന്റെ ശ്രദ്ധ മസീഹ് മൗഊദിന്റെമേൽ പ്രയോഗിക്കാൻ തുടങ്ങി. മസീഹ് മൗഊദിനെക്കൊണ്ട് തുള്ളിച്ച് ആളുകളുടെ പരിഹാസത്തിന് അദ്ദേഹത്തെ പാത്രമാക്കണമെന്നതായിരുന്നു അയാളുടെ ലക്ഷ്യം. എന്നാൽ, അയാൾ തന്റെ പ്രയോഗം തുടങ്ങിയതും അലറിവിളിച്ചുകൊണ്ട് വെളിയിലേക്കോടി. താങ്കൾക്ക് എന്തുപറ്റി എന്ന് ചോദിച്ചപ്പോൾ അയാൾ പറഞ്ഞു: ഞാൻ മിർസാ സാഹിബിനെ വശീകരിക്കാൻ ശ്രമിച്ചപ്പോൾ എന്റെ മുമ്പിൽ ഒരു ക്രൂരനായ സിംഹം നില്ക്കുന്നതുപോലെ തോന്നി, അതെന്നെ ആക്രമിക്കാൻ പോകുകയായിരുന്നു. ഞാൻ ഭയന്നോടി. അവിടന്നെഴുതുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ), നബി(സ)തിരുമേനിയുടെ സേവകനാണ്. സേവകന്റെ സ്ഥാനം ഇതാകുമ്പോൾ, ഇദ്ദേഹത്തിനുമേൽ മെസ്മെരിസത്തിന്റെ സ്വാധീനം നിഷ്പ്രഭമായസ്ഥിതിയ്ക്ക് യജമാനനെ സംബന്ധിച്ച്, അദ്ദേഹത്തെ മാരണം ബാധിച്ചു എന്ന് വിചാരിക്കുന്നത്, നഊദുബില്ലാഹ് ഒരു യഹൂദിയുടെ ഹിപ്നോട്ടിസത്തിന് വിധേയനായി എന്ന് കരുതുന്നത് എങ്ങനെയാണ് സ്വീകാര്യമാകുന്നത്? (മളാമീനെ ബശീർ, വാല്യം 3, പേജ് 642–653 മളാമീൻ 1956)

അവസാനം ഞാൻ കാലത്തിന്റെ നീതിമാനായ വിധികർത്താവിന്റെ ഇതുസംബന്ധമായ നിർദ്ദേശങ്ങൾ വായിക്കുകയാണ്. അത് എല്ലാ വിശദീകരണവും വ്യാഖ്യാനവും വലയംചെയ്യുന്നതാണ്.

ഒരു വ്യക്തി അവിടത്തെ സന്നിധിയിൽ ചോദിച്ചു. നബി(സ) തിരുമേനിയുടെമേൽ അവിശ്വാസികൾ മാരണം ചെയ്തിരുന്നു. അതിനെ സംബന്ധിച്ച് താങ്കളുടെ അഭിപ്രായമെന്താണ്? ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: മാരണവും ശയ് ത്വാനിൽനിന്നുണ്ടാകുന്നതാണ്. നബിമാരേയും റസൂൽമാരേയും മാരണം ബാധിക്കുക എന്നത് അവരുടെ അന്തസ്സിന് ചേർന്നതല്ല. എന്നല്ല അവരെക്കണ്ട് മാരണം ഓടിമറയുന്നതാണ്. *ലാ യുഫ്‌ലിഹുസ്സാഹിറു ഹയ്ഥു അത്താ* എന്ന് അല്ലാഹു പറഞ്ഞതുപോലെ.(20:70) നോക്കുക. ഹദ്റത്ത് മൂസായ്ക്കെതിരിൽ മാരണമുണ്ടായിരുന്നു. പക്ഷേ, അവസാനം മൂസാ വിജയിച്ചുവോ ഇല്ലേ? നബി(സ) തിരുമേനിക്കെതിരിൽ മാരണം വിജയിച്ചുവെന്ന് പറയുന്നത് തികച്ചും തെറ്റാണ്. നമുക്ക് ഒരിക്കലും അതംഗീകരിക്കാൻ കഴിയില്ല. കണ്ണുംപൂട്ടി ബുഖാരിയേയും മുസ്‌ലിമിനേയും വിശ്വസിക്കുക എന്നത് നമ്മുടെ മാർഗത്തിന് വിരുദ്ധമാണ്. അത്തരം ഉന്നതനായ നബിയെ മാരണം ബാധിച്ചുവെന്നു പറയുന്നതും ബുദ്ധി അംഗീകരിക്കുന്നില്ല. ഈ മാരണത്തിന്റെ സ്വാധീനംകൊണ്ട് (മആദല്ലാഹ്) നബി(സ) തിരുമേനിയുടെ ഓർമശക്തി പൊയ്പോയത്രെ! അങ്ങനെയായി ഇങ്ങനെയായി! ഇതൊന്നും ഒരുപ്രകാരത്തിലും ശരിയാകുകയില്ല.

വീണ്ടും അവിടന്ന് പറയുന്നു: ഏതോ ദുഷ്ടൻ തന്റേതായ നിലയിൽ ഇത്തരം കാര്യങ്ങൾ കൂട്ടിക്കലർത്തിയെന്നാണ് തോന്നുന്നത്; നമ്മൾ സാംസ്കാരിക ദൃഷ്ടിയോടെ ഹദീഥുകളെ നോക്കുന്നുവെങ്കിലും വിശുദ്ധഖുർആന് വിരുദ്ധമായിട്ടുള്ള ഹദീഥ്, നബി(സ)തിരുമേനിയുടെ പവിത്രതയ്ക്ക് എതിരാണെങ്കിൽ എങ്ങനെ നമുക്ക് അംഗീകരിക്കാൻ കഴിയും. അക്കാലം ഹദീഥുകൾ സമാഹരിക്കുന്ന സമയമായിരുന്നു. ഹദീഥുകൾ സമാഹരിക്കുന്ന ആളുകൾ ചിന്തിച്ചും ആലോചിച്ചുമാണ് രേഖപ്പെടുത്തിയതെങ്കിലും പൂർണമായും സൂക്ഷ്മതയോടെ പണിയെടുക്കാൻ കഴിഞ്ഞില്ല. അതു സമാഹരിക്കുന്ന കാലമായിരുന്നു. പക്ഷേ, ഇപ്പോൾ നോക്കേണ്ടതും ചിന്തിക്കേണ്ടതുമായ കാലമാണ്. നോക്കുക! ചിന്തിക്കുക! ഏതെങ്കിലും ഹദീഥ് വിശുദ്ധഖുർആനോടോ നബി(സ)തിരുമേനിയുടെ പവിത്രതയോടോ പരിശുദ്ധതയോടോ ഏറ്റുമുട്ടുന്നുവെങ്കിൽ അത് നിഷേധാർഹമാണ്. അല്ലെങ്കിൽ അതിന് മറ്റെന്തെങ്കിലും വ്യാഖ്യാനമുണ്ടാകും. (ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ചെയ്തതുപോലെ. അല്ലെങ്കിൽ ഖലീഫത്തുൽ മസീഹ് ഥാനി ചെയ്തതുപോലെ). ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. നബിയുടെ പുരാവസ്തുക്കൾ സമാഹരിക്കുക എന്നത് വലിയ പ്രതിഫലമുള്ള ജോലിയാണ്. (നബിമാരുടെ ജീവിതത്തിലെ അവസ്ഥകൾ സമാഹരിക്കുക എന്നത് പ്രതിഫലമുള്ള ജോലിയാണ്. അവർ പറഞ്ഞകാര്യങ്ങൾ സമാഹരിക്കുക എന്നത് പ്രയോജനമുള്ള ജോലിയാണ്)

“പക്ഷേ, സമാഹരിക്കുന്നവർക്ക് നല്ലവണ്ണം ചിന്തിച്ച് ജോലി ചെയ്യാൻ കഴിയുകയില്ലെന്നത് വസ്തുതയാണ്. ഇപ്പോൾ എല്ലാ ഓരോരുത്തർക്കും ചിന്തിച്ചും ആലോചിച്ചും പ്രവർത്തിക്കാൻ അധികാരമുണ്ട്. അംഗീകരിക്കാൻ പറ്റുന്നത് അംഗീകരിക്കുക. ഉപേക്ഷിക്കേണ്ടവ ഉപേക്ഷിക്കുക. നബി(സ) തിരുമേനിയ്ക്ക് മാരണം ബാധിച്ചു തുടങ്ങിയ കാര്യങ്ങൾകൊണ്ട് ഈമാൻ ഉയർന്നുപോകുന്നു. അവിടന്ന് പറയുന്നു. അല്ലാഹു പറയുന്നു: *ഇദ് യഖൂലുൽള്ളാലിമൂന ഇൻ തത്തബിഊന ഇല്ലാ റജുലൻ മ്മസ്ഹൂറാ* (17:48) മാരണം ബാധിച്ച ഒരാളെയാണല്ലോ നിങ്ങൾ പിന്തുടരുന്നതെന്ന് അക്രമികൾ പറയുന്നു. ഇത്തരം കാര്യങ്ങൾ പറയുന്നവർ ള്വാലിമാണ്. മുസ്‌ലിമല്ല. ഇത് അവിശ്വാസികളുടേയും ദ്രോഹികളുടേയും വാക്യമാണ്; നബി(സ) തിരുമേനിയെ മാരണം ബാധിച്ചു എന്നത് നബി(സ)തിരുമേനിയുടെ അവസ്ഥ ഇതാണെങ്കിൽ ഉമ്മത്തിന്റെ കാര്യം എന്തായിരിക്കുമെന്നുപോലും ചിന്തിക്കുന്നില്ല. അവർ പിന്നെ മുങ്ങിത്താഴുക തന്നെ. ഇവർക്ക് എന്തുപറ്റിയെന്ന് അറിയില്ല, എല്ലാ നബിമാരും ശയ്ത്വാന്റെ സ്പർശനത്തിൽനിന്ന് പരിശുദ്ധനെന്ന് വിശ്വസിച്ചുപോന്ന ഈ നിഷ്കളങ്കനബിയെ കുറിച്ച് ഇത്തരം വാക്കുകൾ പറയുന്ന ഇവർക്കെന്തുപറ്റി? (മൽഫൂദാത്ത്, വാല്യം 9, പേജ് 471–472)

അൽഹംദുലില്ലാഹ്. നമ്മൾ ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ച് നബി(സ) തിരുമേനിയുടെ പദവിയേയും സ്ഥാനത്തേയും മനസ്സിലാക്കുന്നവരാണ്. തിരിച്ചറിയുന്നവരാണ്. *അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ അലാ ആലിമുഹമ്മദിൻ വ ബാരിക് വസല്ലിം ഇന്നക്ക ഹമീദുൻ മ്മജീദ്* (അൽഫള്ൽ ഇന്റർനാഷണൽ 22 മാർച്ച്, 29 മാർച്ച് 2019 പേജ് 13–17)


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ
വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

### (റിപ്പോർട്ട് കഴിഞ്ഞ ലക്കം തുടർച്ച.....)

### 2016 മെയ് 13 (വെള്ളിയാഴ്ച)

**കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച:**

പരിപാടിയനുസരിച്ച് 6.30ന് ഹുദൂർ ഓഫീസിലെത്തി. കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച ആരംഭിച്ചു.

ഇന്ന് വൈകുന്നേരത്തെ ഈ സെഷനിൽ 16 കുടുംബത്തിലെ 56 അംഗങ്ങൾ തങ്ങളുടെ പ്രിയങ്കരനായ ഇമാമുമായി കൂടിക്കാഴ്ച നടത്തി. ഓരോ കുടുംബവും ഹുദൂറിനോടൊപ്പം ഫോട്ടോയുമെടുത്തു. ഹുദൂർ വിദ്യാർഥി-വിദ്യാർഥിനികൾക്ക് പേനകളും കുട്ടികൾക്ക് ചോക്ലേറ്റും നല്കി അനുഗ്രഹിച്ചു. കൂടിക്കാഴ്ച നടത്തിയ ഈ കുടുംബങ്ങൾ സ്വീഡനിലെ താഴെപറയുന്ന ജമാഅത്തുകളിൽനിന്ന് ദീർഘയാത്ര ചെയ്തുവന്നവരായിരുന്നു. കാൽമാറേയിൽനിന്ന് വന്നവർ 285 കിലോമീറ്റർ, യാൻഷാമ്പിങ്ങിൽനിന്ന് വന്നവർ 292 കിലോമീറ്റർ, സ്റ്റോക്ഹോമിൽനിന്നു വന്ന കുടുംബങ്ങൾ 612 കിലോമീറ്റർ ദീർഘയാത്ര ചെയ്താണ് എത്തിയത്. ഇവർക്കു പുറമെ നോർവെയിൽനിന്ന് വന്ന ചില സഹോദരങ്ങളും കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം കരസ്ഥമാക്കി. ഇവർ 600 കിലോമീറ്റർ ദൂരം താണ്ടിയാണ് വന്നത്.

ഫിൻലാന്റിൽനിന്നുവന്നവർ 1090 കിലോമീറ്റർ ദൂരം യാത്ര ചെയ്താണ് വന്നത്. ഇവിടെനിന്നുവന്നവരും തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ചയ്ക്കുള്ള സൗഭാഗ്യം കരസ്ഥമാക്കി. കൂടിക്കാഴ്ചയുടെ ഈ പരിപാടി 8 മണിവരെ തുടർന്നു.

**ഹുദൂറിന്റെ സാന്നിധ്യത്തിൽ വാഖ്ഫീനെ നൗ കുട്ടികളുടെ ക്ലാസ്:**

ഇതിനുശേഷം ഹുദൂർ മസ്ജിദിലെ പുരുഷന്മാരുടെ ഹാളിൽപോയി. പരിപാടിയനുസരിച്ച് വാഖ്ഫീനെ നൗ കുട്ടികളുടെ ക്ലാസ് ആരംഭിച്ചു. തിലാവത്തോടെയാണ് പരിപാടിക്ക് തുടക്കം കുറിച്ചത്. അത് അസീസം ആഗാ ബിലാൽ ഖാൻ നിർവഹിച്ചു. അതിന്റെ ഉർദു തർജമ അസീസം ഹംസ ഹയാത്തും സ്വീഡിഷ് തർജമ അസീസം ഉസാമ സലീമും കേൾപ്പിച്ചു. അതുകഴിഞ്ഞ് അസീസം ശാസേബ് അഹ്മദ് ചൗദരി നബി(സ)തിരുമേനിയുടെ ഹദീഥിന്റെ അറബി വചനങ്ങൾ അവതരിപ്പിച്ചു. താഴെ കാണുന്ന അതിന്റെ ഉർദു തർജമ അസീസം ജാദിബ് അഹ്മദ് ചൗദരി കേൾപ്പിച്ചു.

ഹദ്റത്ത് അബൂഹുറയ്റ നിവേദനം: നബി(സ) തിരുമേനി പറഞ്ഞു: മനുഷ്യൻ രാത്രി ഉറങ്ങുമ്പോൾ ശയ്ത്വാൻ അവന്റെ കിടക്കയിൽ മൂന്ന് കെട്ടിടുന്നു. ഓരോ കെട്ടിടുമ്പോഴും പറയുന്നു, ഇനി രാത്രി ഒരുപാടുണ്ട്. അതുകൊണ്ട് ഉറങ്ങിക്കൊള്ളുക. പിന്നീട് അവൻ ഉണരുകയും അല്ലാഹുവിനെ സ്മരിക്കുകയും ചെയ്താൽ ഒരു കെട്ട് അഴിയുന്നു. വുളു ചെയ്യുകയാണെങ്കിൽ രണ്ടാമത്തെ കെട്ടും അഴിയുന്നു. നമസ്കരിക്കുകയാണെങ്കിൽ മൂന്നാമത്തെ കെട്ടും അഴിയുന്നു. അവൻ പരിശുദ്ധാത്മാവും മടിയില്ലാത്തവനുമായിത്തീരുന്നു .ഇല്ലെങ്കിൽ ദുഷ്ടാത്മാവും മടിയനുമായിരിക്കുന്നു. (സ്വഹീഹുൽ ബുഖാരി, കിതാബുൽ ജുമുഅ) ഈ ഹദീഥിന്റെ സ്വീഡിഷ് തർജമ അസീസം അബ്ദുൽ മാലിക് ചൗദരി കേൾപ്പിച്ചു. അതുകഴിഞ്ഞ് അസീസം മഹ്ദ് അഹ്മദ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പദ്യം

ലോഗോ സുനോ കെ സിൻദാ ഖുദാ വൊ ഖുദാ നഹീ
ജിസ്മെ ഹമേശ ആദത്തെ ഖുദ്റത്ത് നുമാ നഹീ.

മനോഹരമായ ഈണത്തിൽ ആലപിച്ചു. അസീസം നജീബുർറശീദ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ താഴെകാണുന്ന ലിഖിതശകലം അവതരിപ്പിച്ചു.

“പ്രവാചകന്മാർ ലോകത്ത് വരുന്നതിന്റെ ഏറ്റവും വലിയ ഉദ്ദേശ്യവും അവരുടെ തഅ്ലീമിന്റേയും തബ്ലീഗിന്റേയും മഹത്തായ ഉദ്ദേശ്യവും ജനങ്ങൾ അല്ലാഹുവിനെ തിരിച്ചറിയുക എന്നതാണ്. അവരെ നരകത്തിലേക്കും നാശത്തിലേക്കും കൊണ്ടുപോകുന്ന ജീവിതത്തിൽനിന്ന്-അതിനെ പാപപങ്കിലമായ ജീവിതമെന്നാണ് പറയുന്നത്-മോക്ഷം പ്രാപിക്കുക. യഥാർഥത്തിൽ ഈ വലിയ ഭാരിച്ച ഉദ്ദേശ്യമാണ് അവരുടെ മുന്നിലുണ്ടാകുന്നത്. ഇക്കാലത്തും അല്ലാഹു ഒരു ജമാഅത്ത് സ്ഥാപിച്ചിരിക്കുന്നു. അവൻ എന്നെ നിയോഗിച്ചു. എന്റെ വരവിന്റെ ഉദ്ദേശ്യവും എല്ലാ നബിമാരുടെയും ആ കൂട്ടായ ഉദ്ദേശ്യം തന്നെയാണ്. അതായത് ഞാൻ പറയാനാഗ്രഹിക്കുന്നു, അല്ലാഹു എന്താണെന്ന്? എന്നല്ല കാണിക്കാനാഗ്രഹിക്കുന്നു. പാപത്തിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള മാർഗത്തിലേക്ക് നേർവഴി കാണിക്കുന്നു.” (മൽഫൂദാത്ത്, വാല്യം 2, പേജ് 8, 9)

ഈ ഉദ്ധരണിയുടെ സ്വീഡിഷ് തർജമ അസീസം നഈം ത്വാഹിർ അവതരിപ്പിച്ചു. അതുകഴിഞ്ഞ് അസീസം നുമയ്ർ അഹ്മദ് ചൗദരി സ്വീഡനിൽ മതത്തിന്റെ ചരിത്രം എന്ന ശീർഷകത്തിൽ താഴെ കാണുന്ന പ്രസന്റേഷൻ നല്കി.

സ്വീഡനിൽ വിക്കിൻ(Vikin)ന്റെ കാലഘട്ടം 800 മുതൽ 1000 വരെയായിരുന്നു നിലനിന്നത്. ഇവർ വിവിധ ദൈവങ്ങളെ വിശ്വസിച്ചിരുന്നു. 632-ൽ ഇസ്‌ലാമിന്റെ തുടക്കം ആരംഭിച്ചുകഴിഞ്ഞിരുന്നു. അതു വളരെ വേഗത്തിൽ വ്യാപിക്കുകയായിരുന്നു. പക്ഷേ, അതിന്റെ സ്വാധീനം യൂറോപ്പിൽ ഇപ്പോൾ ഉണ്ടായിരുന്നില്ല. ക്രിസ്തുമതം അതിന്റെ ഉച്ചിയിലായിരുന്നു. പക്ഷേ, ആരംഭത്തിൽ ക്രിസ്തുമതം സ്വീഡനിൽ വേരുപിടിച്ചില്ല. വിക്കിന്റെ ഭാഗത്തുനിന്നുള്ള ചെറുത്തുനില്പ് നേരിടേണ്ടിവന്നു. പക്ഷേ, ഈ ചെറുത്തുനില്പ് കൂടുതൽ കാലം നിലനിന്നില്ല. കുറച്ചുകാലത്തിനുശേഷം ഇവിടെ ക്രിസ്തുമതവും പുഷ്പിക്കാനും കായ്ക്കാനും തുടങ്ങി. 1008-ൽ സ്വീഡന്റെ രാജാവും ക്രിസ്തുമതം സ്വീകരിച്ചു. അങ്ങനെ ക്രിസ്തുമതം ഔദ്യോഗികമായി ഇവിടെ രാജ്യത്തിന്റെ മതമായിത്തീർന്നു. നിയമപരമായി ഓരോ പൗരനും ക്രൈസ്തവമതം സ്വീകരിക്കേണ്ടത് നിർബന്ധമായിത്തീർന്നു. വിക്കിൻ(Vikin)ശക്തികൾ ക്രൈസ്തവമതം സ്വീകരിക്കാൻ തയ്യാറായില്ല. പക്ഷേ, ഈ എതിർപ്പ് കൂടുതൽ നാൾ നിന്നില്ല. മുഴുവൻ യൂറോപ്പുപോലെ ഇവിടെയും ക്രൈസ്തവമതം സ്വീകരിക്കേണ്ടിവന്നു. ഈ കാലഘട്ടം സ്വീഡന്റെ ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. കാരണം ഇപ്രകാരം ഭരണവും ക്രിസ്തുമതവും ഒന്നായിത്തീർന്നു. ഈ കാലം ദീർഘമായിക്കൊണ്ടിരുന്നു. ക്രിസ്തുമതം ശക്തിപ്രാപിച്ചുവന്നു. 1500ൽ യൂറോപ്പിലുണ്ടായ വിപ്ലവം സ്വീഡനേയും തങ്ങളുടെ കൈയിലൊതുക്കി. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് മാർട്ടിൻ ലൂഥറിന്റേതായിരുന്നു. അക്കാലത്തെ രാജാവ് ഭരണത്തേയും മതത്തേയും വെവ്വേറെയാക്കി. ഇപ്രകാരം സ്വീഡൻ ഭരണം ഒരു സെക്കുലർ ഭരണമായിത്തീർന്നു. ഈ ദുർഘടസന്ധിയിൽനിന്ന് രക്ഷപ്പെടുന്നതിന് ചർച്ച് അതിന്റെ തിരിച്ചറിയൽ നിലനിറുത്തുന്നതിനു ക്രൈസ്തവമതത്തിന്റെ ഒരു പ്രത്യേക സംഘടന രൂപീകരിച്ചു. 1951-ൽ ഒരു നിയമത്തിലൂടെ, എല്ലാ പൗരന്മാരും ഈ സംഘടനയിൽ അംഗമാകേണ്ടത് നിർബന്ധമല്ലെന്ന് തീരുമാനിക്കപ്പെട്ടു. ഇപ്രകാരം അടിസ്ഥാനപരമായ അവകാശങ്ങളിലും ഒരു മാറ്റം കൊണ്ടുവന്നു. ഇതനുസരിച്ച് ഓരോ പൗരനും അവരുടെ ഇഷ്ടത്തിന് മതം സ്വീകരിക്കാനുള്ള അവകാശം നിലവിൽവന്നു. ഈ നിയമം പാസായതോടെ അഹ്മദിയ്യാ ജമാഅത്തിന് ഇവിടെ പ്രവേശിക്കാനുള്ള അവസരം കൈവന്നു. 1976ൽ തങ്ങളുടെ ആദ്യത്തെ മസ്ജിദ് ഗ്വാട്ടിബർഗിൽ നിർമിക്കാൻ തൗഫീഖ് കിട്ടി. 2000ൽ ഈ മസ്ജിദ് വിപുലീകരിക്കാൻ സന്ദർഭം ലഭിച്ചു. ഈ മസ്ജിദിൽ മൂന്ന് ഖലീഫമാർക്ക് നമസ്കരിക്കാനുള്ള അവസരം ലഭിച്ചിട്ടുണ്ട്. നിലവിലുള്ള അവസ്ഥകൾ കണ്ടുകൊണ്ട് മനസ്സിലാകുന്നത് സ്വീഡിഷ് ആളുകൾക്ക് മതത്തിനോടുള്ള ശത്രുത ഉണ്ടായിരിക്കുന്നുവെന്നാണ്. ഇവർക്ക് ദൈവത്തിന്റെ പേര് കേൾക്കുന്നതുതന്നെ സഹിക്കുന്നില്ല. ഇപ്രകാരം മതത്തെ വിരളമായി മാത്രം വിശ്വസിക്കുന്നവരുടെ ലോകത്തിലെ മൂന്നാമത്തെ രാജ്യമായി ഇവർ മാറിക്കഴിഞ്ഞു.

പ്രിയപ്പെട്ട ഹദൂർ ഇവിടെ മതത്തിന്റെ കോളം കാലിയായികിടക്കുന്നു. ഇൻശാഅല്ലാഹ് ഇവർക്ക് മതത്തിന്റെ ആവശ്യകത വേഗം മനസ്സിലാകുന്നതായിരിക്കും. ഞങ്ങൾക്ക് ഇസ്‌ലാമിന്റെ സന്ദേശം നല്ലരീതിയിൽ ഇവർക്ക് എത്തിച്ചുകൊടുക്കാൻ കഴിയുന്നതിനും അവസാനം ഈ രാജ്യവും ഇസ്‌ലാമിന്റെ മടിത്തട്ടിൽ വരുന്നതിനും ദുആയ്ക്ക് അപേക്ഷിക്കുകയാണ്.

ഹദൂർ പറഞ്ഞു: ഈ പ്രസന്റേഷനിൽ ചിത്രങ്ങൾ കാണിക്കപ്പെട്ടിട്ടില്ല. അതുകഴിഞ്ഞ് ഹുദൂർ കുട്ടികൾക്ക് ചോദ്യങ്ങൾക്കുള്ള അവസരം നില്കി.

ഒരു കുട്ടി ചോദിച്ചു: ഞങ്ങൾ ഒരു പാപവും ചെയ്യാതിരിക്കെ എപ്പോഴും എന്തിനാണ് ഇസ്തിഗ്ഫാർ ചെയ്യാൻ പറയുന്നത്?

ഹുദൂർ: ഇസ്തിഗ്ഫാർ എന്നതിന്റെ അർഥം പൊറുക്കുക എന്നാണ്. ഇസ്തിഗ്ഫാർ പാപം പൊറുക്കുന്നതിനുവേണ്ടി മാത്രമല്ല ചെയ്യുന്നത്. പാപത്തിൽനിന്ന് രക്ഷപ്പെടുന്നതിനുമാണ്. നബിയും തന്റെ ജനതയ്ക്കുവേണ്ടി ഇസ്തിഗ്ഫാർ ചെയ്തിരുന്നു. ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനും ഇസ്തിഗ്ഫാർ ചെയ്യുന്നു. ഇസ്തിഗ്ഫാർ ചെയ്യുന്നതുകൊണ്ട് ഉണ്ടാകാൻ സാധ്യതയുള്ള പാപങ്ങളിൽനിന്നും അല്ലാഹു നമ്മെ രക്ഷിക്കുന്നു. ഇസ്തിഗ്ഫാർ പാപങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിന് തന്നെയാണ് ചെയ്യുന്നത്.

ഒരു കുട്ടി ചോദിച്ചു: ഖുത്ബ എന്തിനാണ് നിന്നുകൊണ്ട് കൊടുക്കുന്നത്?

ഹുദൂർ: ഖുത്ബ നിന്നുകൊണ്ടുതന്നെയാണ് കൊടുക്കാറുള്ളത്. നമസ്കാരങ്ങളിലെ വിവിധ രീതിയിലുള്ള അനക്കമടക്കങ്ങളും റുക്കൂഉം സുജൂദും തുടങ്ങിയവയും നബി(സ)തിരുമേനിയെ അനുധാവനം ചെയ്താണ് ചെയ്യുന്നത്. നബി(സ) തിരുമേനിയുടെ സുന്നത്തായതുകൊണ്ടാണ് ഖുത്ബ നിന്നുകൊണ്ട് കൊടുക്കുന്നത്.

ഒരു കുട്ടി ചോദിച്ചു: വിശുദ്ധഖുർആനിൽ ബിഗ് ബാംഗിനെ(Big Bang)(Black Hole) കുറിച്ച് എന്താണ് പറഞ്ഞിട്ടുള്ളത്?

ഹുദൂർ: വിശുദ്ധഖുർആൻ മാത്രമാണ് ഇതിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. മറ്റൊരു മതവും ഇതിനെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. ഈ മുഴുവൻ പ്രപഞ്ചവും എങ്ങനെയാണ് ഒട്ടിച്ചേർന്നിരുന്നത്? എങ്ങനെയാണ് ഈ പ്രപഞ്ചം മുറിക്കപ്പെട്ടത്? അതുമുഖേന എങ്ങനെയാണ് ഭൂമി ഉണ്ടായത്? ബിഗ് ബാംഗിനെ കുറിച്ചും(Big Bang) ബ്ലാക്ക് ഹോളിനെക്കുറിച്ചും (Black Hole) ഖുർആൻ മാത്രമാണ് പറഞ്ഞിട്ടുള്ളത്.

ഒരു കുട്ടി ചോദിച്ചു: നല്ല മൗലവി ചീത്ത കാര്യങ്ങൾ ചെയ്യുന്നതെന്തുകൊണ്ടാണ്?

ഹുദൂർ: മൗലവി നല്ല കാര്യങ്ങൾ തന്നെയാണ് ചെയ്യുന്നത്. നല്ല കാര്യങ്ങൾ ചെയ്യാത്തവൻ നല്ലവനാകുന്നതെങ്ങനെ? നബി(സ)തിരുമേനിയുടെ ഹദീഥുണ്ട്; അക്കാലത്തെ മൗലവിമാർ ദുഷിച്ചവരായിരിക്കുമെന്ന്! ആകാശത്തിൻകീഴിൽ അവർ നികൃഷ്ടരായ സൃഷ്ടികളായിരിക്കുമെന്ന്.

ഒരു കുട്ടി ചോദിച്ചു: ഞാൻ ആറാം ക്ലാസിലാണ്

പഠിക്കുന്നത്. ഇനി ഞാൻ ഏതു ഭാഷയാണ് പഠിക്കേണ്ടത്?

ഹുദൂർ: ജർമനും ഫ്രഞ്ചും ധാരാളമാളുകൾ അറിയുന്നവരാണ്. നീ സ്പാനിഷ് പഠിക്കുക.

ഏതുപ്രായം മുതലാണ് ഇമാമത്ത് വഹിക്കാൻ കഴിയുന്നത് എന്ന ചോദ്യത്തിന് ഹുദൂർ പറഞ്ഞു: ആർക്കാണോ ഖുർആൻ കൂടുതൽ അറിയുന്നത്, പ്രായത്തിൽ മുതിർന്നവർ, തഖ്‌വയുള്ളവർ തുടങ്ങിയവരാണ് നമസ്കരിപ്പിക്കേണ്ടത്. വീട്ടിൽ നമസ്കരിപ്പിക്കണമെങ്കിൽ മുതിർന്നവർ ആരുമില്ലെങ്കിൽ, ഖുർആൻ അറിയുന്നയാൾ, പത്തുവയസാണെങ്കിലും വേണ്ടില്ല നമസ്കരിപ്പിക്കാവുന്നതാണ്. മസ്ജിദിൽ എല്ലാവരും മുതിർന്നപ്രായക്കാരാണെങ്കിൽ അവർ കസേരയിലിരിക്കുന്നവരാണെങ്കിൽ മുതിർന്ന ആരുമില്ലെങ്കിൽ ചെറിയ ആൺകുട്ടിക്ക് നമസ്കരിപ്പിക്കാവുന്നതാണ്.

ഒരു കുട്ടി ചോദിച്ചു: ചിലയാളുകളുണ്ട്. അവർ സ്വയം നല്ലവരാണ്. കുട്ടികൾക്ക് ശിക്ഷണവും നല്കുന്നു. പക്ഷേ, അവരുടെ കുട്ടികൾ നല്ലവരാകാത്തതെന്തുകൊണ്ടാണ്?

ഹുദൂർ: അങ്ങനെ ഉണ്ടാകാറുണ്ട്. ഹദ്റത്ത് നൂഹ് നബി(അ)ന്റെ മകനും മോശമായിപ്പോയിരുന്നു. ഹദ്റത്ത് നൂഹ് വെള്ളപ്പൊക്കമുണ്ടായപ്പോൾ അല്ലാഹുവിനോടു വിലപിച്ചു. അദ്ദേഹത്തിന്റെ കുടുംബത്തെ രക്ഷിക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരുന്നു. അല്ലാഹു പറഞ്ഞു: അവൻ ധിക്കാരിയായിരുന്നു. അതുകൊണ്ട് വെള്ളത്തിൽ മുങ്ങിപ്പോയി. അത്തരക്കാർ നിന്റെ കുടുംബത്തിൽപ്പെട്ടവരാകുകയില്ല. എല്ലാ ഓരോ കാര്യത്തിലും exception ഉണ്ട്. ശിക്ഷണം നല്കുന്നവർ നല്ലവരാകുകയും അവരുടെ മാതൃക നല്ലതാകുകയും ചെയ്യും. പിന്നെ ചില നേരങ്ങളിൽ ബാഹ്യമായിമാത്രം നല്ലവരായിരിക്കും. മറ്റുള്ളവരോടു നല്ല പെരുമാറ്റമായിരിക്കും. പക്ഷേ, വീട്ടിലെത്തുമ്പോൾ അവരുടെ പെരുമാറ്റരീതി തികച്ചും വിഭിന്നമായിരിക്കും. വീട്ടിൽപോയി വഴക്കിടുന്നു. ഒരു നന്മ ചെയ്തതുകൊണ്ടുമാത്രം നമസ്കരിച്ചതുകൊണ്ടുമാത്രം ആരും നല്ലവരാകുകയില്ല; മുഴുവൻ നന്മകളും ഒരുമിച്ചുചേർന്നാൽ അതാണ് തഖ്‌വാ. തഖ്‌വയുടെ ഈ നിലവാരത്തിന്റെ ഫലമായി തർബിയ്യത്തും നന്നായി നടക്കുന്നതായിരിക്കും. അവരുടെ മക്കളും നല്ലവരായിരിക്കും. ഹദ്റത്ത് നൂഹ്(അ)ൽ നന്മകളുണ്ടായിരുന്നു. പക്ഷേ ഇവിടേയും exception ഉണ്ടായി.

ഒരു കുട്ടി ചോദിച്ചു: ഒരു രാഷ്ട്രീയക്കാരൻ പാർട്ടി വിട്ടത് ഒരു സ്ത്രീയോട് സലാം ചൊല്ലാത്തതുകൊണ്ടല്ല. അവർക്ക് കൈ കൊടുത്തില്ല എന്ന കാരണത്താൽ മാത്രമാണ്.

ഹുദൂർ: അന്യസ്ത്രീകളുമായി കൈകൊടുക്കാതിരിക്കാൻ ശ്രമിക്കേണ്ടതാണ്. നിർബന്ധാവസ്ഥ ഉണ്ടായാൽ മുമ്പേ, പറയപ്പെട്ടിട്ടില്ലെങ്കിൽ അത്തരം സന്ദർഭത്തിൽ സ്ത്രീ കൈനീട്ടിയാൽ അപ്പോൾ നിർബന്ധാവസ്ഥയാണ്. ഹുദൂർ തന്റെ രീതി പറഞ്ഞു. അത്തരം അവസ്ഥയിൽ മുമ്പേതന്നെ കാര്യം പറയുന്നു. ഡന്മാർക്കിൽ ഒരു രാഷ്ട്രീയക്കാരി അബദ്ധത്താലാണെന്നു തോന്നുന്നു കൈനീട്ടി. ഹുദൂർ പറഞ്ഞു: അത്തരം സാഹചര്യത്തിൽ ഞാൻ കുനിയുന്നു. അതിൽനിന്ന് അവർ കാര്യം മനസ്സിലാക്കുന്നു. ആ സ്ത്രീ അത് മോശമായികണ്ടു. എന്നാൽ, മറ്റൊരു ഡാനിഷ് സ്ത്രീ പറഞ്ഞു: ഓരോരുത്തർക്കും അവരവരുടേതായ സമ്പ്രദായമുണ്ട്. അതിൽ കുറ്റമൊന്നുമില്ല.

ഒരു പത്രപ്രതിനിധിയ്ക്ക് ഇന്റർവ്യൂ കൊടുത്തപ്പോൾ, 'അദ്ദേഹത്തിൽ സ്ത്രീക്ക് അവരുടേതായ ആദരവുണ്ട്; അദ്ദേഹത്തിന് കൈ കൊടുക്കരുത്' എന്ന് പറയപ്പെട്ടു. ഹുദൂർ പറഞ്ഞു: ഒരു ഭാഗത്ത് പർദ ധരിക്കാനുള്ള കല്പനയുണ്ട്. നാണം മറയ്ക്കാൻ കല്പനയുണ്ട്. ഒരുഭാഗത്ത് തങ്ങളുടെ സ്ത്രീകളെക്കൊണ്ട് പർദ ധരിപ്പിക്കുന്നു. അന്യപുരുഷന്മാർക്ക് സ്ത്രീകളെക്കൊണ്ട് കൈ കൊടുപ്പിക്കുന്നവരോടു മറ്റെന്തു പറയാനാണ്. ഒരുഭാഗത്ത് നിങ്ങൾ പർദ ധരിച്ചിരിക്കുന്നു; നാണം നിലനിറുത്താൻ. മറുഭാഗത്ത് പരസ്യമായി കൈ കൊടുക്കുമ്പോൾ ലജ്ജയില്ലാതാകുന്നു. ഇസ്‌ലാമിന്റെ എല്ലാ കല്പനകളിലും യുക്തിയുണ്ട്. ഏറ്റവും ചെറുതായ തിന്മപോലും ചെയ്യരുതെന്ന് അത് വിലക്കുന്നു. അതുകൊണ്ട് അതിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുക. നിർബന്ധിതാവസ്ഥ എന്തെങ്കിലുമുണ്ടായാൽ അതുമുഖേന ലായല്യൂലാലിഥ ഉണ്ടാകുകയാണെങ്കിൽ കൈകൊടുക്കുകയും പിന്നീട് മിണ്ടാതിരിക്കുകയും ചെയ്യുക. പക്ഷേ, ഇവിടെയും തന്റേടം ഉണ്ടാവേണ്ടതാണ്. നമ്മൾ അല്ലാഹുവിനെ സന്തോഷിപ്പിക്കണം. ഇക്കാരണത്താൽ ആരെങ്കിലും നമ്മുടെ പരിപാടികളിൽ പങ്കെടുക്കുന്നില്ലെങ്കിൽ പങ്കെടുക്കണ്ട. നമുക്ക് യഥാർഥ ദീൻ പ്രചരിപ്പിക്കണം. അതുകൊണ്ട് പറഞ്ഞിട്ടും ആരെങ്കിലും മോശമായി കരുതുന്നുവെങ്കിൽ, ദേഷ്യപ്പെടുന്നുവെങ്കിൽ നമുക്കെന്താണ് ചെയ്യാൻ കഴിയുക.

ഒരു കുട്ടി ചോദിച്ചു: മുസ്‌ലിംകളിലെ ഭൂരിഭാഗവും ഖാത്തം എന്നതിന്റെ അർഥം അവസാനിപ്പിക്കുന്നവൻ അല്ലെങ്കിൽ അവസാനത്തെ നബി എന്നു പറയുന്നതിന്റെ കാരണമെന്താണ്?

ഹുദൂർ: കാരണം ബഹുഭൂരിപക്ഷം ജനങ്ങളും അജ്ഞരായതുകൊണ്ട് അവർ ശരിയായ അർഥങ്ങളിലേക്കു വരുന്നില്ല. നബി(സ)തിരുമേനി പറഞ്ഞു: ദീൻ വികലമാകുന്ന ഒരു കാലം വരും. നബി(സ) തിരുമേനി ഒരു ഹദീഥിൽ വരാൻ പോകുന്ന മസീഹിനെ നാലുപ്രാവശ്യം നബിയുല്ലാഹ് എന്നു പറഞ്ഞു. അതുകൊണ്ട് നമ്മൾ നബി(സ) തിരുമേനിയുടെ നുബുവ്വത്തിനെ കാലഹരണപ്പെടുത്തുന്ന ഒരു നബിയും വരികയില്ലെന്ന് അർഥം പറയുന്നു. വിശുദ്ധഖുർആനെ അംഗീകരിക്കുന്ന ആളെ വരികയുള്ളു; നബി(സ) തിരുമേനിയെ വിശ്വസിക്കുന്ന ആൾ. നബി(സ)തിരുമേനിയെ തികവാർന്നനിലയിൽ പിൻപറ്റുന്നയാൾ. മസീഹിനേയും മഹ്ദിയേയും കുറിച്ച് നബി(സ)തിരുമേനി പറഞ്ഞിരുന്നു; എനിക്കും അദ്ദേഹത്തിനുമിടയിൽ ഒരി നബിയും ഉണ്ടായിരിക്കുകയില്ല. അതായത് വരുന്ന മസീഹ് നബിയായിരിക്കുമെന്ന്! അതുകൊണ്ട് ഖുർആനും ഹദീഥും മുന്നിൽവച്ചുകൊണ്ട് ശരിയായിട്ടുള്ള അർഥം പറയേണ്ടതാണ്. പാക്കിസ്താൻ, ഇന്ത്യ, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിൽനിന്ന് ലക്ഷക്കണക്കിനാളുകൾ അഹ്മദിയ്യത്തിൽ പ്രവേശിക്കുന്നു. അവരെല്ലാവരും ഖാത്തമിന് നമ്മൾ നല്കുന്ന അർഥമാണ് ശരിയെന്ന് മനസ്സിലാക്കി വിശ്വസിക്കുന്നവരാണ്. നബിയെ വിശ്വസിക്കുന്നവർ പതുക്കെപ്പതുക്കെയാണ് ജമാഅത്തിൽ വരുന്നത്. അങ്ങനെ ജമാഅത്തിന്റെ അംഗസംഖ്യ വർധിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ, ഒരു യാത്രാവാഹനവും പോകാത്ത ഒരു ഗ്രാമമായിരുന്നു ഖാദിയാൻ. കുതിരവണ്ടിയിലിരുന്നാണ് അവിടെ പോയിരുന്നത്. റോഡുകൾ പൊട്ടിപ്പൊളിഞ്ഞവയായിരുന്നു. അത്തരം അവസ്ഥയിലാണ് ജമാഅത്ത് വ്യാപിച്ചത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു. അദ്ദേഹത്തിന്റെ കാലത്ത് നാലുലക്ഷം വിശ്വാസികൾ ഉണ്ടായിരുന്നുവെന്ന്! ഹദ്റത്ത് മൂസാ(അ)യ്ക്കുശേഷം ഹദ്റത്ത് ഈസാ(അ) വന്നു. പക്ഷേ, യഹൂദികൾ അദ്ദേഹത്തെ സ്വീകരിച്ചില്ല. ഇപ്രകാരംതന്നെ നബി(സ)തിരുമേനിക്കുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)വന്നു. പക്ഷേ, പൊതുമുസ്‌ലിംകൾ ഖാത്തമിന്റെ അർഥം അവസാനത്തേത് എന്നു പറഞ്ഞ് നുബുവ്വത്തിന്റെ വഴി അടയ്ക്കുകയും അദ്ദേഹത്തെ വിശ്വസിക്കാതിരിക്കുകയും ചെയ്തു.

അല്ലാഹു വിശുദ്ധഖുർആൻ സംരക്ഷിക്കുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. അതിൽ ഒരുതരത്തിലുള്ള മാറ്റത്തിരുത്തലുകളും വരാൻ അനുവദിച്ചില്ല. അതുകൊണ്ട് വിശുദ്ധഖുർആൻ പറഞ്ഞ അതേ അർഥം നമ്മൾ ചെയ്യുന്നു. ഖാത്തമിന് നമ്മൾ കൊടുക്കുന്ന നിർവചനം മാത്രമാണ് ശരിയായിട്ടുള്ളത്. ക്രിസ്തുമതം വ്യാപിക്കാൻ മൂന്നു നൂറ്റാണ്ടെടുത്തു. അവസാനം ഒരു റോമൻരാജാവ് സ്വീകരിച്ചതോടെ അതിന് അഭിവൃദ്ധിയുണ്ടായി. അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതിയിരിക്കുന്നു. മൂന്ന് നൂറ്റാണ്ട് കഴിയുന്നതിനു മുമ്പേ ലോകത്ത് അഹ്മദിയ്യത്ത് വിജയിച്ചിരിക്കും. നമ്മൾ പതുക്കെപ്പതുക്കെ വിജയിച്ചുകൊണ്ടിരിക്കുന്നു. മൗലവിമാരെ നന്നാക്കുന്നതിനുവേണ്ടിയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) വന്നത്. അവരുടെ തെറ്റായ വിശ്വാസങ്ങൾ ഖണ്ഡിക്കാൻ. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ പേര് 'നീതിമാനായ വിധികർത്താവ്' എന്നായത്; മോശമായിപ്പോയ മൗലവിമാരെ പരിഷ്കരിച്ചെടുക്കാൻ.

ഒരു കുട്ടി Human Evolution കുറിച്ച് ചോദിച്ചു. അതെങ്ങനെയാണ് ഉണ്ടാകുന്നത്?

ഹുദൂർ പറഞ്ഞു: മെല്ലെ മെല്ലെ അഭിവൃദ്ധിപ്പെട്ട് പരിണാമം ഉണ്ടാകുന്നുണ്ട്. ആദ്യം മനുഷ്യൻ ഗുഹകളിലും മറ്റുമാണ് ജീവിച്ചിരുന്നത്. പി ന്നീട് പുറത്തിറങ്ങി. ആദ്യം മാംസം മാത്രമായിരുന്നു ആഹാരം. പിന്നീട് പച്ചക്കറികൾ വിളയിക്കാൻ തുടങ്ങി. പതുക്കെപ്പതുക്കെ പരിണമിച്ച് ഇപ്പോഴത്തെ അവസ്ഥയിലെത്തി. മനുഷ്യൻ ആദ്യം കുരങ്ങായിരുന്നുവെന്നും പിന്നീട് പരിണമിച്ച് ഈ അവസ്ഥയിലെത്തിയതാണെന്നുമുള്ള ഡാർവിന്റെ തിയറി തെറ്റാണ്. മനുഷ്യനുണ്ടായത് ഏതൊരു കുരങ്ങിൽനിന്നാണെന്ന് കാണിക്കുക. ഈ സിദ്ധാന്തത്തെ എല്ലാ ശാസ്ത്രജ്ഞന്മാരും അംഗീകരിക്കുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരുന്നു, മനുഷ്യൻ കുരങ്ങിൽനിന്നാണുണ്ടായതെങ്കിൽ ആ കുരങ്ങ് ഇന്നും ഉണ്ടാകേണ്ടതാണ്. അത് കാണിച്ചുതരേണ്ടതാണ്. ഇന്ന് നിങ്ങൾ ഐപാഡും, ഐഫോണും കൊണ്ടുനടക്കുന്നു. ഇതിന്റെ എല്ലാ തരത്തിലുള്ള വിവരങ്ങളുമുണ്ട്. ഇതും പരിണാമം തന്നെയാണ്. ഇതിൽനിന്ന് എല്ലാതരത്തിലുള്ള അറിവുകളും എപ്പോഴും നോക്കിക്കാണാവുന്നതാണ്.

ഒരു കുട്ടി ചോദിച്ചു: കൊല്ലുന്നത് നിഷിദ്ധമാണെങ്കിൽ വധശിക്ഷ നല്കുന്നതെന്തിനാണ്?

ഹുദൂർ: യുദ്ധം ചെയ്യുന്നത് എന്തുകൊണ്ടാണ് അനുവദനീയം? യുദ്ധത്തിലും വധം നടക്കുന്നുണ്ടല്ലോ. പിന്നെന്തിനാണ് അത് അനുവദിച്ചത്. പറഞ്ഞു: സൂറത്തുൽ ഹജ്ജിൽ യുദ്ധം ചെയ്യാൻ അനുമതി നല്കപ്പെട്ടിരുന്നു. കുഴപ്പമുണ്ടാക്കുന്നവരെ തടഞ്ഞില്ലെങ്കിൽ, ഒരു ആരാധനാലയവും സുരക്ഷിതമായിരിക്കുകയില്ല. ഇവർ അക്രമത്തിൽ വളർന്നുകൊണ്ടുപോകും. ഒരു കുറ്റത്തിന് വധശിക്ഷയാണെങ്കിൽ അതിനോടൊപ്പം പറയപ്പെട്ടിട്ടുള്ളത് ബന്ധുക്കൾ അയാൾക്ക് മാപ്പുകൊടുക്കാനാഗ്രഹിക്കുന്നെങ്കിൽ മാപ്പും കൊടുക്കാവുന്നതാണ്. പക്ഷേ, വധിക്കപ്പെട്ടവന്റെ ബന്ധുക്കൾക്കേ അതിന് അനുവാദമുള്ളൂ. കുറച്ച് നല്കി മാപ്പു കൊടുപ്പിക്കുന്നു. ചിലർ ഒന്നും വാങ്ങാതെ മാപ്പു കൊടുപ്പിക്കുന്നു. കുറ്റങ്ങളെ തടയുന്നതിനാണ് ശിക്ഷ നല്കിയത്.

ഒരിക്കൽ ഒരാൾ ഒരു വ്യക്തിയെ കൊന്നു. കേസ് നബി(സ) തിരുമേനിയുടെ സന്നിധിയിലെത്തി. നബി(സ)തിരുമേനി വധിക്കപ്പെട്ടയാളുടെ ബന്ധുക്കളെ വിളിച്ചുവരുത്തി ചോദിച്ചു, നിങ്ങൾ ഇദ്ദേഹത്തിന് മാപ്പുകൊടുക്കുന്നുണ്ടോ? അവർ പറഞ്ഞു ഇല്ല. അയാൾക്ക് വധശിക്ഷ നല്കണം. പിന്നീട് അയാളെ വധസ്ഥലിയിലേക്ക് കൊണ്ടുപോകാൻ തുടങ്ങുമ്പോൾ നബി(സ)തിരുമേനി വീണ്ടും ചോദിച്ചു. അവർ പറഞ്ഞു ഇല്ല. ഇയാൾ ഞങ്ങളുടെ ബന്ധുവിന്റെ ഘാതകനാണ്. പിന്നീട് മൂന്നാമതും ചോദിച്ചു. നിഷേധിച്ചപ്പോൾ അയാൾക്ക് വധശിക്ഷ നല്കി. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു. ഇവർ മാപ്പ് ചെയ്തിരുന്നെങ്കിൽ അവന്റെ ആ പാപവും ഇവരുടെ തലയിലാകുമായിരുന്നു. വധിക്കപ്പെട്ട ആളുടെ പാപവും മാപ്പു ചെയ്യുന്നവരുടെ തലയിലാകുമായിരുന്നു. ഇസ്‌ലാമിൽ മാപ്പു കൊടുക്കാനും നിർദേശമുണ്ട്; ശിക്ഷിക്കാനും.

വാഖ്ഫീനെ നൗവുമായുള്ള ഹുദൂറിന്റെ ഈ ക്ലാസ് 8.45ന് സമാപിച്ചു. (തുടരും)2016 ജൂൺ 30, ബദ്ർ വീക്കിലി)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 11 April 2019 Issue-15

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

**(പേജ് 2ൽനിന്ന്)**

താങ്കളുടെ സഹോദരൻ ഇബ്നു മസ്ഊദ്(റ) ഇന്നിന്നത് പറഞ്ഞു. (അതായത് മുഅവ്വിദത്തയ്ൻ വിശുദ്ധഖുർആനുമായി ബന്ധപ്പെട്ടതല്ലെന്നാണ്. ഉബയ്യ്(റ) പറഞ്ഞു. അവയെ സംബന്ധിച്ച് ഞാൻ നബി(സ) തിരുമേനിയോടു ചോദിച്ചു. അദ്ദേഹം പറഞ്ഞു അവ എനിക്ക് വെളിപാടിറക്കപ്പെട്ടതാണ്. ഞാൻ അവ പാരായണം ചെയ്തിട്ടുണ്ട്. (വിശുദ്ധ ഖുർആന്റെ ഭാഗമായി) ഉബയ്യ്(റ) കൂട്ടിച്ചേർത്തു. അതുകൊണ്ട് നബിതിരുമേനി(സ) പറയുന്നതനുസരിച്ച് നാം പറഞ്ഞു. ഒന്നാമത്, ഈ നിവേദനങ്ങളിൽനിന്ന് വ്യക്തമായിരിക്കുന്നത് ഹദ്റത്ത് അബ്ദുല്ലാബിൻ മസ്ഊദ്(റ) അഭിപ്രായം പ്രകടിപ്പിക്കുന്നത് വിശുദ്ധഖുർആനിലെ അവസാനത്തെ രണ്ട് നിവേദനങ്ങൾ സൂചിപ്പിക്കുന്നത് അദ്ദേഹം വിചാരിച്ചത് ഇവ നബി(സ) തിരുമേനിക്ക് വെളിപാടിറങ്ങിയ വെറും ദുആകൾ ആയിരുന്നുവെന്നാണ്. തന്റെ പേരക്കുട്ടികളായ ഹദ്റത്ത് ഇമാം ഹസന്റേയും(റ) ഹദ്റത്ത് ഇമാം ഹുസയ്ന്റേയും സംരക്ഷണത്തിനുവേണ്ടി അല്ലാഹുവിനോട് ദുആ ചെയ്യാനുമായിരുന്നു. ഹദ്റത്ത് അബ്ദുല്ലാബിൻ മസ്ഊദ്(റ)നെ കുറിച്ചുള്ള ആക്ഷേപങ്ങളെ പരാമർശിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) എഴുതുന്നു:

ചില അജ്ഞരായ ആളുകൾ പറയുന്നത് ഇബ്നു മസ്ഊദ്(റ) ഒരു പ്രാർഥനാ സമരത്തിന് അഭ്യർഥിച്ചിരുന്നുവെന്നാണ്. അതിന്റെ അർഥം പ്രാർഥനാസമരം മുസ്ലിംകൾക്ക് അനുവദനീയമാണെന്നാണ്. എന്നിരിക്കിലും, ഇബ്നു മസ്ഊദ്(റ) തന്റെ അഭിപ്രായം പിൻവലിച്ചിട്ടില്ല എന്നു തെളിയിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. തെറ്റ് ചെയ്തവർക്ക് ദൈവികശിക്ഷ ഇറങ്ങുമാറ് പ്രാർഥനാസമരം നടന്നു എന്നു തെളിയിക്കാനും അവർക്ക് കഴിയുകയില്ല. സത്യമെന്തെന്നാൽ ഇബ്നുമസ്ഊദ്(റ) ഒരു സാധാരണ മനുഷ്യനായിരുന്നു. ഒരു നബിയോ ദൂതനോ ആയിരുന്നില്ല. വികാരാവേശത്താൽ അദ്ദേഹം തെറ്റുവരുത്തിയാൽ അതിന്റെ അർഥം നാം അദ്ദേഹത്തിന്റെ പ്രസ്താവനയെ'ഇത് അദ്ദേഹത്തിനു ബോധനം ചെയ്യപ്പെടുന്ന ദിവ്യസന്ദേശമല്ലാതെ മറ്റൊന്നുമല്ല' (വിശുദ്ധഖുർആൻ, 53:5)എന്ന ഖുർആൻ വചനത്തിന്റെ ഭാഗമാക്കണം എന്നാണോ?

വാഗ്ദത്ത മസീഹ്(അ) ഇവിടെ വിവരിക്കുന്നതെന്തെന്നാൽ, കാര്യം എന്തുതന്നെയായാലും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)ന്റെ പദവി, അദ്ദേഹത്തിൽനിന്ന് തെറ്റായ ഒരു തീരുമാനം വരികയില്ലെന്നു കരുതാൻ മാത്രം ഉന്നതവുമല്ല എന്നതുകൊണ്ടാണ്. അദ്ദേഹത്തിന്റെ വാക്കുകളും പ്രസ്താവനകളും നബി(സ)തിരുമേനിയുടെ വാക്കുകളുടെ പദവിയിലുള്ളതല്ല. നബി(സ)തിരുമേനിയുടെ വാക്കുകളെ സംബന്ധിച്ച് വിശുദ്ധഖുർആൻ വ്യക്തമായി പ്രസ്താവിക്കുന്നത് മതപരമായ മാർഗദർശനമായി അദ്ദേഹം പറഞ്ഞത് ദൈവത്തിൽനിന്നുള്ള പരിശുദ്ധമായ വെളിപാടാണെന്നാണ്. അതേസമയം അബ്ദുല്ലാ ബിൻ മസ്ഊദ്(റ) വിശുദ്ധഖുർആൻ പഠിപ്പിക്കുന്ന മഹാനായ അധ്യാപകനായിരുന്നുവെന്നതിൽ സംശയമില്ല. ഏറ്റവും ബഹുമാന്യരായ ഒരു സ്വഹാബികളിൽ ഒരാളായിരുന്നു. ആദ്യകാലത്തുതന്നെ ഇസ്ലാം സ്വീകരിച്ച വ്യക്തിയുമായിരുന്നു. അദ്ദേഹത്തെ ബഹുമാനിക്കേണ്ടത് ഓരോ മുസ്ലിമിന്റേയും കടമയുമാണ്. അദ്ദേഹത്തിനുവേണ്ടിയുള്ള നമ്മുടെ സദാസമയവുമുള്ള പ്രാർഥന, റളിയല്ലാഹുഅൻഹു (അല്ലാഹു അദ്ദേഹത്തിൽ തൃപ്തനായിരിക്കട്ടെ) എന്നതാണ്. അങ്ങനെതന്നെ തുടരുകയും ചെയ്യും. രണ്ടാമത്, നിവേദനങ്ങൾ സ്വയംതന്നെ വ്യക്തമായി ഹദ്റത്ത് അബ്ദുല്ലാബിൻ മസ്ഊദ്(റ)ന്റെ തെറ്റിനെ ഖണ്ഡിക്കുന്നു. എന്തെന്നാൽ, മറ്റൊരു ബഹുമാന്യ സ്വഹാബിയായ ഹദ്റത്ത് അബ്ദുല്ലാ ബിൻ ഉബയ്യ്(റ) മുഅവ്വിദത്തയ്നെ സംബന്ധിച്ച് നബി(സ)തിരുമേനിയുമായി പരിശോധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. അത് വിശുദ്ധഖുർആന്റെ ഭാഗമാണെന്ന് നബി(സ) തിരുമേനി അദ്ദേഹത്തോടു പറഞ്ഞിരുന്നു. ഈ നിവേദനത്തിന് സമാനമായി മറ്റു നിരവധി ആധികാരികമായ ഹദീഥുകളുണ്ട്. അവ ഉദ്ധരിക്കുന്നത് നബി(സ)തിരുമേനി വ്യക്തമായും പ്രസ്താവിച്ചിട്ടുള്ളത് സൂറഃഅൽഫാത്തിഹായും മുഅവ്വിദത്തയ്നും വിശുദ്ധഖുർആന്റെ ഭാഗങ്ങളാണെന്നും അതിൽനിന്ന് വേറിട്ടതല്ലെന്നുമാണ്. മറ്റു നിവേദനങ്ങളിൽ പ്രസ്താവിക്കുന്നത് ഇബ്നുമസ്ഊദ്(റ) മുഅവ്വിദത്തയ്ൻ തന്റെ കൈയെഴുത്ത് പ്രതിയിൽ ചേർത്തിട്ടില്ലെന്നും അല്ലെങ്കിൽ അവ അദ്ദേഹത്തിന്റെ കൈയെഴുത്തുപ്രതിയിൽ കാണാനില്ലെന്നുള്ള രസകരമായ പോയന്റ് ആണ്. എന്നാൽ, അവയിൽ മുഅവ്വിദത്തയ്ൻ ദൈവഗ്രന്ഥത്തിന്റെ ഭാഗമല്ലെന്ന് അദ്ദേഹം പറഞ്ഞതായി രേഖപ്പെടുത്തിയിട്ടില്ല. ഇത് വളരെ സൂക്ഷ്മമായ വ്യത്യാസമാണ്. അതിന്റെ അർഥം ഈ രണ്ടധ്യായം ഹദ്റത്ത് അബ്ദുല്ലാ ബിൻ മസ്ഊദ്(റ) തന്റെ കൈയെഴുത്തുപ്രതിയിൽ ചേർക്കാത്തതിന്റെ കാരണത്തെ സംബന്ധിച്ച് ചിന്താക്കുഴപ്പം ഉണ്ടെന്നാണ്. ഇത് ഹദ്റത്ത് അബ്ദുല്ലാ ബിൻ മസ്ഊദ്(റ)ന്റെ അഭിപ്രായമായിരിക്കാം. അല്ലെങ്കിൽ അദ്ദേഹത്തെക്കുറിച്ച് നിവേദനം ചെയ്ത ആളുടെ അഭിപ്രായമായിരിക്കണം. രണ്ടു കാര്യത്തിലും ഇവയെല്ലാം വെറും അഭിപ്രായങ്ങൾ മാത്രമാണ്. അവയെല്ലാം വ്യക്തമായ നിലയിൽ ഈ നിവേദനങ്ങളിലും മറ്റു ആധികാരിക നിവേദനങ്ങളിലും ഖണ്ഡിക്കപ്പെട്ടിട്ടുള്ളതാണ്. മൗലാനാ അഹ്സനുല്ല സാഹിബ് ഡാനിഷ് പറയുന്നപ്രകാരം ഒരു ഭാഗത്ത് ചരിത്രപരമായ തെളിവിന്റെ പിന്തുണയോടെ നബി(സ)തിരുമേനിയുടെ സ്വഹാബാക്കളുടെ(റ) അഭിപ്രായമുണ്ട്. മുഴവൻ ഉമ്മത്തിന്റേയും ഏകകണ്ഠമായ അഭിപ്രായമുണ്ട്. വിശുദ്ധഖർആൻ മനഃപാഠമാക്കിയവരുടെ ഏകകണ്ഠമായ അഭിപ്രായമുണ്ട്. മറുവശത്ത് ഇത് ഹദ്റത്ത് അബ്ദുല്ലാ ബിൻ മസ്ഊദിൽ(റ)നിന്ന് നിവേദനം ചെയ്ത വ്യക്തിയുടെയും അല്ലെങ്കിൽ ഒരുപക്ഷേ ഹദ്റത്ത് അബ്ദുല്ലാ ബിൻ മസ്ഊദ്(റ)ന്റെ സ്വന്തം അഭിപ്രായംതന്നെയുമുണ്ട്. നമ്മുടെ യുക്തിപരമായ പൂർണ്ണമായ മനസ്സ് നമ്മോടെന്താണ് പറയുന്നത്? ഒന്നോ രണ്ടോ ആളുകളുടെ സംശയങ്ങൾ സ്വീകരിക്കുകയോ അല്ലെങ്കിൽ സൂറത്തുൽ ഫാതിഹയും മുഅവ്വിദത്തയ്നും വിശുദ്ധഖുർആന്റെ വെളിപാടായി ഇറക്കപ്പെട്ട ഭാഗമാണെന്നു പ്രസ്താവിക്കുന്ന നബി(സ)തിരുമേനിയുടെ വ്യക്തമായ പ്രസ്താവന സ്വീകരിക്കുകയോ?

വിശുദ്ധഖുർആൻ മികവുറ്റ രീതിയിൽ സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതിനുള്ള തെളിവുകൾ വിശാലമായുമുണ്ട്. ഈ അടുത്തകാലത്ത് കണ്ടുപിടിക്കപ്പെട്ട ഖുർആന്റെ ഒരു കൈയെഴുത്തുപ്രതി കൂടുതൽ തെളിവു നൽകുന്നു. ബർമ്മിഹാം സർവ്വകലാശാലയിലാണ് ഇത് കണ്ടെത്തിയത്. പണ്ഡിതന്മാർ പറഞ്ഞിട്ടുള്ളത് ഒരുപക്ഷേ ഇത് ലോകത്തുള്ള ഏറ്റവും പഴക്കംചെന്ന കൈയ്യെഴുത്തുപ്രതിയാണെന്നാണ്. ക്രിസ്തുവർഷം 568നും 645നും ഇടയിലുള്ള കാലത്തേതാണെന്ന് കണക്കാക്കിയിട്ടുണ്ടെന്നതിനാൽ ഈ കൈയെഴുത്തുപ്രതി നബി(സ)തിരുമേനിയുടെ കാലത്തുള്ളതാവാൻ സാധ്യതയുണ്ട്. 18 മുതൽ 20 വരെയുള്ള വിശുദ്ധഖുർആൻ അധ്യായങ്ങളുടെ ഭാഗങ്ങളാണ് ഇതിലുള്ളത്. ഇന്നുള്ള വിശുദ്ധഖുർആൻ പ്രതിയുമായി താരതമ്യപ്പെടുത്തി നോക്കിയപ്പോൾ അത് സമാനമായതു തന്നെയാണ്; വ്യത്യാസങ്ങളൊന്നുമില്ല. ഈ എല്ലാ തെളിവുകളുമുണ്ടായിട്ടും വിശുദ്ധഖുർആൻ സമഗ്രമായരീതിയിൽ സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്നുള്ള ആശയത്തെ വിമർശിക്കുന്ന ചിലരുണ്ടെങ്കിൽ അത് പക്ഷപാതം കാരണമായാണ്. ഈ മേഖലയിലുള്ള സത്യസന്ധനായ ഒരു ഗവേഷകന് സമഗ്രമായ നിലയിൽ വിശുദ്ധഖുർആൻ സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന വിശുദ്ധഖുർആന്റെ പ്രവചനം പൂർത്തിയായിരിക്കുന്നു എന്ന് ഉറപ്പിച്ചു പറയുകയല്ലാതെ വേറെ വഴിയില്ല.(ദ്രി റിവ്യൂ ഓഫ് റിലീജിയൻസ്, ജനുവരി 2019)

★★★★

# നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട വിലാസം: **മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി,**
**കണ്ണൂർ 670 303.**
**ismayeel.ha@gmail.com-**

## അല്ലാഹുവിന്റെ കലാം

***മാലക്കും മ്മിൻദൂനില്ലാഹി മിൻ വ്വലിയ്യിൻ വ്വലാ നസ്വീർ(2:108)***
**"അല്ലാഹു അല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലേ?"**

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

## കലാമുൽ ഇമാം:-

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്വ അത്യാവശ്യമായ മൂലധനമാണ്."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin